# വ്യാപാരകേരളം

ജന്മദിനപ്പതിപ്പ്

പുസ്തകം 2 ലക്കം 1 പേജുകൾ 49 ഏപ്രിൽ 2021



# ജനഹിതം ആർക്കൊപ്പം?

സമകാലികം പംക്തിയിൽ ഫ്രാങ്കോ ലൂയിസ്

തേജശ്രീ
സ്റ്റെല്ല മാത്യു
ശ്രീജ വിജയൻ
ജയപ്രകാശ് എറവ്
ഇ.ഡി.ഡേവിസ്
കയ്യുമ്മു കോട്ടപ്പടി
ലേഖ കാക്കനാട്ട്
ഷീജ പള്ളത്ത്
ജിൻസി കെ.പി.
കപിൽദേവ്
രാജികൃഷ്ണ
ആമിന ബഷീർ
സന്തോഷ് കെ.

സിന്ധുഗാഥ
അജേഷ് കടന്നപ്പള്ളി
അനിത ശ്രീജിത്ത്
ബി.ജോസുകുട്ടി
സോണി വർഗീസ് വാരനാട്ട്
സീമ ലക്ഷ്മി
എ.കെ.അനിൽകുമാർ
രാജു കാഞ്ഞിരങ്ങാട്ട്
പി.രഘുനാഥ്
സെയ്തലവി വിളയൂർ
രാജൻ സി.എച്ച്.
ജംഷീർ കോഡൂർ
ദിവ്യ എച്ച്.

## കഥാപുരസ്കാര ജേതാക്കൾ


സിന്ധുഗാഥ


അനിൽകുമാർ എസ്.ഡി.



അജേഷ് കടന്നപ്പള്ളി


അനിത ശ്രീജിത്ത്


ബി.ജോസുകുട്ടി


രേഖ തോപ്പിൽ


മനോജ് വാസു


www.ksfe.com
കഥകളിലെ ഗുണപാഠങ്ങൾ ജീവിതത്തിന് കരുത്തേകട്ടെ
KSFE
ഗോൾഡ് ലോൺ
മനുഷ്യപ്പറ്റുള്ള ഒരു ഗോൾഡ് ലോൺ
കുറഞ്ഞ പലിശ | കൂടുതൽ തുക | എത്രയും പെട്ടെന്ന്
KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Fax: 0487-2336232 , mail: mail@ksfe.com
grafcreative.in






'വ്യാപാരകേരളം മാസികയ്ക്ക് മൂന്നാം ജന്മദിനം. രണ്ടുവർഷം മുമ്പ്, ഒരു ഏപ്രിൽ ഒന്നിനാണ് മാസിക പ്രകാശനം ചെയ്യപ്പെട്ടത്. വായനാലോകം ആവശ്യപ്പെട്ട മാറ്റങ്ങളോടെ, രാഷ്ട്രീയം, സാഹിത്യം, സംഗീതം, കല, കായികം, ബിസിനസ് തുടങ്ങി മനുഷ്യബന്ധിയായ എല്ലാ ഭിന്നരുചികളും ചേർത്താണ് മാസിക പ്രസിദ്ധീകരിച്ചുവരുന്നത്.

പ്രശസ്തരും അപ്രശസ്തരുമായ മുന്നൂറിനു മേൽ എഴുത്തുകാരുടെ രചനകൾ മാസികയിൽ പ്രകാശിതമായിട്ടുണ്ട്. ഏവർക്കും പങ്കെടുക്കാവുന്ന സാഹിത്യമത്സരങ്ങൾ നടത്തി, ഏഴു പേർക്ക് പ്രഥമ കവിതാപുരസ്കാരവും, ഏഴുപേർക്ക് പ്രഥമ കഥാപുരസ്കാരവും പോയവർഷം സമ്മാനിക്കുകയുണ്ടായി. സാഹിത്യപ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും തുടർന്നുള്ള വർഷങ്ങളിലും സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുന്നതാണ്.

നിയമസഭാ തെരഞ്ഞെടുപ്പിന്റെ ചൂടേറിയ പശ്ചാത്തലത്തിലാണ് ജന്മദിനപ്പതിപ്പ് പ്രസിദ്ധീകരിക്കുന്നത്. സ്വാഭാവികമായും, **'ജനഹിതം ആർക്കൊപ്പം'** എന്നത് ചർച്ചയാകുമല്ലോ. പ്രശസ്ത പത്രപ്രവർത്തകൻ ഫ്രാങ്കോ ലൂയിസ്, സമകാലിക രാഷ്ട്രീയ-സാമൂഹിക സാഹചര്യം വിലയിരുത്തി, ഈ വിഷയത്തിൽ തയാറാക്കിയ അവലോകന റിപ്പോർട്ട്, ജന്മദിനപ്പതിപ്പിന്റെ ശ്രദ്ധാകേന്ദ്രമാകുന്നു. ജനം പോളിംഗ് ബൂത്തിലെത്തുന്നതിന് തൊട്ടുമുമ്പ് പ്രസിദ്ധീകൃതമാകുന്ന ഈ റിപ്പോർട്ട്, ജനഹിതമെന്തെന്ന തിരിച്ചറിവിലേക്ക് നയിക്കുന്നതാണ്.

കാൽനൂറ്റാണ്ട് പിന്നിടുന്ന ജനകീയാസൂത്രണ പദ്ധതിയെ സംബന്ധിച്ച്, ശ്രീജ വിജയൻ ഈ ലക്കത്തിൽ എഴുതുന്നുണ്ട്. കേരള വികസനത്തിന്റെ ഇക്കാലയളവിലെ മുന്നേറ്റചിത്രങ്ങൾ ദൃശ്യമാകുന്ന ഈ ലേഖനം, നാമെവിടെ തുടങ്ങിയെന്നും എത്തിനിൽക്കുന്നതെവിടെയെന്നും കാട്ടിത്തരുവാൻ പര്യാപ്തമാണ്.

കഥ, കവിത, പുസ്തകപരിചയം എന്നിവയോടൊപ്പം 'റിഥം ഓഫ് ലൈഫ്' എന്ന പംക്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**-സി.ആർ.രാജൻ,**
എഡിറ്റർ

ഓഫീസ്:
**വ്യാപാരകേരളം**
(സമ്പൂർണ്ണ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
സി. ആർ. രാജൻ

ടെക്‌നിക്കൽ ഡയറക്ടേഴ്‌സ്:
ജെഫി മാത്യു ജോസ്
മിലു മേരി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
റയൻ ജോസഫ്

# വിഷുക്കണി

ഹൃത്ത,തിൽ പ്രണയത്തിൻ
ഇത്തിരിക്കൊന്നപ്പൂ
ഒത്തിരിക്കാലമായ്
കാത്തുഞാൻ സൂക്ഷിപ്പൂ
മേടത്തിൻ പൊൻദിനം
മോടിയായ് ചമഞ്ഞെത്തി
വിഷുക്കണിയാണിനി -
യെന്നുമെൻ ഭവനത്തിൽ
പിരിയാതെന്നേക്കുമായ്
ചിരിയാൽ കരംചേർക്കേ
ചിരകാല, ഭിലാഷം
അരികിൽ കണിയായി
വരിച്ചു പാലിക്ക നാം
പെരിയ സ്നേഹത്തിന്റെ
വിശുദ്ധ പ്രണയത്തിൻ
അലകളുയരട്ടേ
സ്നേഹവും, സമൃദ്ധിയും
ഗ്രാമത്തിലെങ്ങുമേ
കർണ്ണികാരപ്പൂവായ്
മേൽക്കുമേൽ വിലസട്ടെ



**രാജു കാഞ്ഞിരങ്ങാട്**

## അകത്താളുകളിൽ


**ലേഖനം/പംക്തി:**

ഫ്രാങ്കോ ലൂയിസ്: പേജ് 7
തേജശ്രീ: പേജ് 11
ശ്രീജ വിജയൻ: പേജ് 14

**കഥ**

അജേഷ് കടന്നപ്പള്ളി: പേജ് 18
അനിത ശ്രീജിത്ത്: പേജ് 23
സിന്ധുഗാഥ: പേജ് 28
ബി.ജോസുകുട്ടി: പേജ് 31
സാബു തോമസ്: പേജ് 33
പി.രഘുനാഥ്: പേജ് 36
എ.കെ.അനിൽകുമാർ: പേജ് 38
സീമ ലക്ഷ്മി: പേജ് 40

**കവിത**

രാജു കാഞ്ഞിരങ്ങാട് : പേജ് 4
സ്റ്റെല്ല മാത്യു: പേജ് 5
ജയപ്രകാശ് എറവ്: പേജ് 10
കപിൽദേവ്: പേജ് 13
രാജൻ സി.എച്ച്: പേജ് 17
ദിവ്യ എച്ച്.: പേജ് 22
ഷീജ പള്ളത്ത്: പേജ് 27
ലേഖ കാക്കനാട്ട്: പേജ് 30
ജിൻസി കെ.പി.: പേജ് 32
കയ്യുമ്മു കോട്ടപ്പടി: പേജ് 35
സെയ്തലവി വിളയൂർ: പേജ് 37
ആമിന ബഷീർ: പേജ് 39
സോണി വർഗീസ് വാരനാട്: പേജ് 42
ജംഷീർ കോടൂർ: പേജ് 47
സന്തോഷ് കെ.: പേജ് 48

**പുസ്തകപരിചയം**

വി.പി.ജോൺസ് – ഇ.ഡി.ഡേവിസ് : പേജ് 43
സജന സന്തോഷ് – രാജികൃഷ്ണ: പേജ് 44
റഫീക് തറയിൽ – കണിയാപുരം നാസറുദ്ദീൻ : പേജ് 45

**കഥാമത്സരത്തിൽ പങ്കെടുത്തവർ: പേജ് 49**

# ജീവന്റെ യാത്രകൾ

കവിത

വസന്തത്തിലെ ഒരു വൈകുന്നേരത്തെയാണ്
ഞാൻ നിന്നിലേക്ക്  തിരഞ്ഞെടുത്തത്.
ശാന്തമായിയൊഴുകുന്ന പുഴയിലേക്കുള്ള
അസ്തമയ ചായ് വിൽ
ഒലിവുചാരുതയുടെ തിളക്കംവിട്ടുപോവാതെ മടിച്ച്  പകൽ.
സ്വപ്നങ്ങൾ ചിറകുമുളയ്ക്കാൻ മാത്രമൊരു കാലമുണ്ടോയെന്ന് ഓർത്തോർത്ത്.
ഏതു മണ്ണും പുതുമണ്ണിന്റെ    കാലമാവുന്നതുപോലെമിനുത്ത്.

പുറമേ മുള്ളുകളും
അകമേ മൃദുക്കാമ്പുമുള്ള വിത്തുകൾ
എവിടുന്നൊക്കെയാണ് പാറി പുതുമണ്ണിൽ പൂണ്ടുവീഴുന്നത്.
എന്തൊരു ഭംഗിയാണത്.

എനിക്കാ മധുരക്കായ്കൾ വേണം
മൂത്തുപാകമാവുമ്പോൾ
ജീവിതസഞ്ചാരങ്ങളിൽ
വഴിയന്നമാവേണ്ടതാണ്.

ആദിയുടെയും അന്ത്യത്തിന്റെയും
രണ്ടുകൊടുമുടികളാണ് അപ്പുറവുമിപ്പുറം.
മുകളിൽ ഉരുവം കൊള്ളുന്ന ഉറവ
തെളിച്ചം പകർന്ന് എന്റെ ഞരമ്പിൽ പടരുന്നു.
ഉരുകിയൊലിക്കുമ്പോൾ വിയർപ്പുപോലെ
എത്രയോ വിലപ്പെട്ടത്.



സ്റ്റെല്ലാ മാത്യു

ഒരിക്കലും ബാഷ്പമാവാതെ
ഉറഞ്ഞുകൂടിയ കണം
നേരിയൊരു ചൂടിൽ
എന്നെ കാത്ത്
ഉരുകിയേക്കാം.

ജീവിക്കുന്നതെത്ര വർഷവുമായ്ക്കോട്ടെ
എത്ര പ്രണയവർഷം ജീവിച്ചുവെന്നതു പോലെ,
ദേഹങ്ങൾ കൈമാറുന്ന ചൂടുകൾ നശ്വരമാവുന്നതു പോലെ
അനശ്വരവുമാണെന്ന്
ആരോ പറഞ്ഞുതരുന്നു.
ഒരിക്കലും അണയാത്ത
പ്രണയം
ജീവന്റ അടിക്കല്ലാണ്.

വസന്തർത്തു കൊഴിഞ്ഞ്
വിട്ടെറിഞ്ഞു പോകുന്ന വല്ലതുമുണ്ടോയെന്നു
ചിന്തിച്ചു നോക്കിയിട്ടുണ്ടോ?
കോടാനുകോടിയിലേക്ക്
ആ കോശങ്ങൾ
വിഭജിക്കപ്പെട്ടു പടരുമ്പോൾ



ആദിമമനുഷ്യസ്പന്ദനം
നമ്മളിലെന്നപോലെ
ഉറവ വറ്റാത്ത ജീവന്റെ പടർച്ചയാവുകയാണ്.


നോക്കൂ
വളരെ അടുത്ത്.
ഞാനപ്പോൾ നിന്റേതാണ്.
പ്രകൃതിയാണ്.
അതിന്റെ ഗന്ധം
ചൂട്
ഒടിയൽ, ഒഴുകൽ, നിശ്ചലത ,ഒച്ച, ഏകാന്തത
കുഞ്ഞുനോവ്, പതുത്ത സുഖനനവ്,
അതിന്റെ അഗ്നി
ഒക്കെ
അവസ്ഥാന്തരത്തിലൂടെ ഊറുന്നു. നമ്മളിലെത്തുന്നു.

ഞാനും നീയും
ഒരേ കോശമാവുന്നപോലെ.
അതാണ്
നാമിത്ര ഒട്ടിച്ചേർന്നത്.
പ്രകൃതി നമ്മെ ആവാഹിക്കുന്നതു കൊണ്ടാണ്
നമുക്കൊട്ടും തന്നെ അകലാനാവാത്തത്.
എപ്പോഴും
ഗുരുത്വാകർഷണമുണ്ടാവുന്നത്.
ഒരിളംവേരെങ്കിലും
അതിനെതിരെ സഞ്ചരിക്കുമ്പോഴാണ്
പിളരുന്നത്
കനലാളുന്നത്
കയ്പ്പേറുന്നത്.
പ്രകൃതി കുതറുന്നത്.

നമുക്കിണങ്ങുമ്പോൾ
സർവ്വ അണുക്കളും നമ്മിലേക്കു ആളുന്നു രമിക്കുന്നു.
ഒന്നായിരിക്കാൻ അതിയായി ദാഹിക്കുന്നു.
മഴച്ചാറലിലെ ജലകണങ്ങളെ പോലെ
സ്വത്വത്തിലവശേഷിക്കാതെ
നിസ്സാര സമയത്തിനുള്ളിൽ, ശേഷിപ്പൊന്നും കൂടാതെ
അലിയില്ലേ അപ്രത്യക്ഷമായേക്കില്ലേ
അപ്പോൾ
ആകർഷണമാണ് പ്രകൃതി.
എനിക്ക്
നീയെന്ന മന്ത്രണം പോലെ.

ഉടലേ മാറുന്നുള്ളൂ..
ഉയിര്
എപ്പോഴും
നമ്മുടെ ആഴങ്ങളിലാണ്.





# ജനഹിതം ആർക്കൊപ്പം?



ഫ്രാങ്കോ ലൂയിസ്

ഉറപ്പാണോ നാടു നന്നാക്കലാണോ കര കയറുക. നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രചാരണ പ്രളയത്തിൽ ആരൊക്കെ ഒഴുകിപ്പോകും?

ഉറപ്പാണെന്ന് എൽഡിഎഫ്. നാടു നന്നാക്കാൻ യുഡിഎഫ്. നില മെച്ചമാക്കാൻ എൻഡിഎ. ഒരു ഉറപ്പുമില്ലാതേയും നന്നാകാതേയും കഴിച്ചുകൂട്ടുന്ന ജനങ്ങളുടെ തലവരയാണ് ഈ ജനവിധി. കഴിഞ്ഞ തവണ 'എല്ലാം ശരിയാക്കാ'മെന്ന മുദ്രാവക്യവുമായി അധികാരത്തിലെത്തിയ പിണറായി സർക്കാർ എല്ലാം ശരിയാക്കിയെന്നാണ് എൽഡിഎഫിന്റെ വാദം. എല്ലാം 'വെടക്കാക്കി'യെന്ന് യുഡിഎഫും.

നേരിയ ഭൂരിപക്ഷത്തോടെ എൽഡിഎഫ് ഭരണത്തിൽ തുടരുമെന്നാണ് അഭിപ്രായ വോട്ടെടുപ്പു ഫലങ്ങളിൽ പറയുന്നത്. അതെല്ലാം അസംബന്ധമാണെന്നാണ് യുഡിഎഫ് നേതാക്കളുടെ നിലപാട്.

ജനവിധി തേടുന്ന മുന്നണികളെല്ലാം ആവനാഴിയിലെ എല്ലാ അടവുകളും എടുത്തു തലങ്ങും വിലങ്ങും പയറ്റുന്നുണ്ട്. ഓരോ മുന്നണിയേയും ബാധിക്കുന്ന അനേകം ഘടകങ്ങളുണ്ട്. രാഷ്ട്രീയം മുതൽ പ്രചാരണ തന്ത്രങ്ങളെ നിയന്ത്രിക്കുന്ന 'മടിയിലെ കനം' അടക്കമുള്ള ഘടകങ്ങൾ. മുന്നണികളെ തളർത്തുന്നതും തളിർക്കുന്നതുമാണവ.

## കലഹ കോൺഗ്രസ്

സ്ഥാനാർഥി നിർണയത്തോടെത്തന്നെ കോൺഗ്രസിൽ പതിവുപോലെ കലഹം. എംപിയെപോലും സ്ഥാനാർഥിയാക്കേണ്ടിവന്നു. മികച്ചവരെ തഴഞ്ഞ് പലയിടത്തും പാദസേവകരെ സ്ഥാനാർഥികളാക്കി. ചില സീറ്റുകൾ കോടികൾക്കു വിറ്റു. കോൺഗ്രസ് എന്ന പാർട്ടി കേരളത്തിൽ ഇല്ലാതായെന്നും ഐ, എ ഗ്രൂപ്പുകളുടെ കോർഡിനേഷൻ മാത്രമായി മാറിയെന്നും ആരോപിച്ച് പി.സി. ചാക്കോ അടക്കമുള്ള നേതാക്കൾ പാർട്ടി

വിട്ടു. കോൺഗ്രസ് അനുഭാവികൾക്കിടയിലെ ഈയൊരു വികാരം വോട്ടുയന്ത്രത്തിൽ എങ്ങനെ പ്രതിഫലിക്കുമെന്നു കണ്ടറിയണം.

ജോസ് കെ. മാണിയുടെ നേതൃത്വത്തിൽ കേരള കോൺഗ്രസ് എമ്മും എം.വി. ശ്രേയംസ്കുമാറിന്റെ നേതൃത്വത്തിലുള്ള ലോക്താന്ത്രിക് ജനതാദളും എത്തിയതോടെ എൽഡിഎഫിനെ ശക്തമാക്കിയിട്ടുണ്ട്. കേരള കോൺഗ്രസ് എമ്മിന്റെ കോട്ടകളെല്ലാം ഇത്തവണ വിജയം ആഘോഷിക്കാനുള്ള അവസരമൊരുക്കുമെന്ന പ്രതീക്ഷയിലാണ് എൽഡിഎഫ്. സ്ഥാനാർഥികളുടെ മികവും പ്രധാന ഘടകംതന്നെ.




## വജ്രായുധങ്ങൾ

ക്ഷേമ പെൻഷൻ വർധന മുതൽ വികസന പദ്ധതികൾ വരെയുള്ള ഗംഭീര മോഹന വാഗ്ദാനങ്ങൾ. മുന്നണികളുടെ പ്രകടന പത്രികകളെല്ലാം ഒന്നിനൊന്നു മെച്ചം. സ്വർണക്കടത്തു മുതൽ വോട്ടർപട്ടികയിലെ വ്യാജവോട്ടർ തട്ടിപ്പു വരെയുള്ള ആരോപണങ്ങൾ. റാങ്ക് ലിസ്റ്റ്, നിയമന തട്ടിപ്പുകൾ.

ശബരിമലയിലെ യുവതീ പ്രവേശനവും ബോംബാക്കി വോട്ടർമാർക്കിടയിലേക്കു വലിച്ചെറിഞ്ഞെങ്കിലും അതു ചീറ്റിപ്പോയി. മൂന്നു ബിജെപി സ്ഥാനാർഥികളുടെ പത്രിക തള്ളിപ്പോയതിൽ ഒത്തുകളി ആരോപണം. കോൺഗ്രസ്- ബിജെപി രഹസ്യ ബന്ധമെന്ന് എൽഡിഎഫ്. സിപിഎമ്മുമായാണ് ബിജെപിക്കു രഹസ്യബന്ധമെന്ന് കോൺഗ്രസ്. സീറ്റു നിഷേധിക്കപ്പെട്ട ആർഎസ്എസ് സൈദ്ധാന്തികൻ ബാലശങ്കർ സിപിഎം- ബിജെപി രഹസ്യബന്ധമെന്ന് ആരോപിച്ചിരുന്നു. ഇങ്ങനെ കൊണ്ടും കൊടുത്തും, ആക്രമിച്ചും ചെറുത്തും പ്രത്യാക്രമണം നടത്തിയുമുള്ള പ്രചാരണം.

അണികളേയും വോട്ടർമാരേയും ഇളക്കിമറിക്കാൻ എല്ലാ പ്രധാന പാർട്ടികളുടേയും കേന്ദ്ര നേതാക്കൾ എത്തി. പ്രധാനമന്ത്രിയും കേന്ദ്രമന്ത്രിമാരുമെല്ലാം വന്നതുകൊണ്ട് കേരളത്തിൽ കാവിനിറം കൂടുമോയെന്നു ചോദിക്കുന്നവരുണ്ട്.

## വ്യാജ വോട്ടർമാർ

വോട്ടർപട്ടികയിൽ നാലു ലക്ഷം വ്യാജ വോട്ടർമാരുണ്ടെന്നാണ് പ്രതിപക്ഷ നേതാ



വ് രമേശ് ചെന്നിത്തലയുടെ ആരോപണം. ഒരേയാൾക്കുതന്നെ പലയിടത്തും അതേ ബൂത്തിൽ ആവർത്തിച്ചും വോട്ടർപട്ടികയിൽ ഇടം നേടിയിട്ടുണ്ട്. ഇടതുപക്ഷ ഉദ്യോഗസ്ഥരാണ് ഇങ്ങനെ കള്ളവോട്ടർമാരെ സൃഷ്ടിച്ചതെന്ന് പ്രതിപക്ഷ നേതാവും കോൺഗ്രസുകാരാണ് അതു ചെയ്തതെന്ന് മുഖ്യമന്ത്രി പിണറായി വിജയനും ആരോപിച്ചു.

## 60,000 വോട്ട്

അറുപതിനായിരം പേരുടെ പിന്തുണ. നിയമസഭാംഗമാകാൻ അത്രയും മതി. അത് ഒപ്പിച്ചെടുക്കാനുള്ള അങ്കത്തിന്റെ കലാശക്കൊട്ടിലേക്കു കുതിക്കുകയാണു കേരളം. ആറാം തീയതിയിലെ ജനവധിയുടെ രഹസ്യം അറിയാൻ ഒരു മാസമെങ്കിലും കാത്തിരിക്കണം. മേയ് രണ്ടിനു ഞായറാഴ്ചയാണു വോട്ടെണ്ണൽ.



ഓരോ മണ്ഡലത്തിലും ശരാശരി രണ്ടു ലക്ഷം വോട്ടർമാരാണുള്ളത്. 1.60 ലക്ഷം മുതൽ 2.10 ലക്ഷം വരെ. സാധാരണ നിലയിൽ 72– 74 ശതമാനം പേർ മാത്രമേ വോട്ടു ചെയ്യാൻ പോളിംഗ് ബൂത്തുകളിലെത്തൂ. രണ്ടു ലക്ഷം വോട്ടർമാരുള്ള മണ്ഡലത്തിൽ ഒന്നര ലക്ഷം പേർ മാത്രമാണു വോട്ടു ചെയ്യുക. അത്രയും വോട്ടുകളിൽ ജേതാവാകാൻ അറുപതിനായിരം വോട്ടുപോലും വേണ്ട.

## ആയിരം കോടി

നിയമസഭാംഗത്വം പിടിച്ചെടുക്കാൻ പ്രധാന മൂന്നു മുന്നണികളും ഓരോ മണ്ഡലത്തിലും ചെലവാക്കുന്നത് മൂന്നു കോടിയോളം രൂപയാണ്. ചിലയിടങ്ങളിൽ രണ്ടോ രണ്ടരയോ കോടി രൂപകൊണ്ട് ഒതുക്കാനാകും. സ്ഥാനാർഥിക്കു ചെലവാക്കാവുന്ന തുക 30.8 ലക്ഷം. രൂപയാണ്.

കേരളത്തിലെ 140 മണ്ഡലങ്ങളിലായി 957 സ്ഥാനാർഥികളുണ്ട്. മുന്നണികളും സ്ഥാനാർഥികളും പ്രചാരണത്തിനായി ചെലവാക്കുന്നത് ആയിരത്തോളം കോടി രൂപയാണ്.

കോവിഡ് കാലത്തെ പ്രതിസന്ധിക്കിടയിൽ ഇത്രയും കോടികളുടെ ഇടപാടുകൾ നാടിന്റെ സാമ്പത്തിക മേഖലയെ ഊർജസ്വലമാക്കുമെന്നതിൽ തർക്കമില്ല.

## 2.67 കോടി വോട്ടർമാർ

കേരളത്തിലെ 2,67,31,509 വോട്ടർമാരിലുള്ള 5.79 ലക്ഷം പുതിയ യുവജന വോട്ടർമാരുടെ നിലപാട് നിർണായകമാണ്. വോട്ടർമാരിൽ 1.37 കോടി പേരും സ്ത്രീകളാണ്. 221 മൂന്നാംലിഗക്കാരുമുണ്ട്.

കോവിഡ് നിയന്ത്രണങ്ങൾക്കിടെ വോട്ടു ചെയ്യാൻ പോളിംഗ് ബൂത്തുകളുടെ എണ്ണം ഇരട്ടിപ്പിച്ചിട്ടുണ്ട്. 40,771 പോളിംഗ് ബൂത്തുകളാണു സജ്ജമാക്കുന്നത്. ലോകസഭാ തെരഞ്ഞെടുപ്പിൽ 25,041 ബൂത്തുകളേ ഉണ്ടായിരുന്നുള്ളൂ. ഓരോ ബൂത്തിലും ആയിരം വോട്ടർമാർ എന്ന നിലയിലാണു പുതിയ ക്രമീകരണം.

കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് പേനയും വോട്ടർ സ്ലിപ്പും തിരിച്ചറിയൽ കാർഡും സാനിറ്റൈസറും കൈയിൽ കരുതി മാർച്ചു ചെയ്യാം, ബൂത്തിലേക്ക്.

## കാത്തിരിപ്പ്

വോട്ടെടുപ്പിന്റെ ഫലമറിയാൻ കാത്തിരിക്കേണ്ടത് ഒരു മാസത്തോളം. മേയ് രണ്ടിന് ഉച്ചയാകുമ്പോഴേക്കും ജനഹിതം തെളിയും. പിണറായി ചെങ്കൊടി പാറിക്കുമോ, രമേശ് ചെന്നിത്തല മൂവർണക്കൊടി ഉയർത്തുമോ? മെട്രോമാൻ ഇ. ശ്രീധരന്റെ നേതൃത്വത്തിൽ കൂടുതൽ ഇടങ്ങളിൽ കാവിക്കൊടി നാട്ടുമോ? അതോ തൂക്കുസഭയാകുമോ?

മേയ് മാസം പൂക്കാലമാണ്. വസന്തകാലം. ജനവിധിയുടെ വസന്തത്തിനായി കാത്തിരിക്കാം.

# കാലഹരണപ്പെടുന്നത്

തുടക്കം മുതൽ ഞാനയാളെ
ശ്രദ്ധിച്ച് കൊണ്ടിരിക്കുന്നു.
ഓരോ ചലനങ്ങളും.
അയാൾക്ക് എന്നോടും
എന്റെ ചലനങ്ങളോടും അവഗണന, അവജ്ഞ.
ഞാനയാൾക്ക്  അദൃശ്യൻ.

നോക്കു, ആ രക്തദാഹമാർന്ന കണ്ണ്.
എത്ര തീവ്രം,
വികാരം,
കണ്ണ്.
ശരീരമാകെ പൊള്ളിച്ച് കടന്ന് പോവും.
സൂക്ഷ്മതയുടെ അടയാളവാക്യമാണ്
തുറിച്ച കണ്ണ് .
എത്ര ശാന്തമായാണ് അയാൾ
കിടപ്പറ യുദ്ധക്കളമാക്കുന്നത്.



അയാളുടെ ചിരി കണ്ടോ?
നിശ്ശബ്ദതയുടെ ചങ്ക് പൊട്ടിക്കുന്ന
ഗർജ്ജനമല്ലേ അത് ...?
എത്രമാത്രം കാതുകളെ ഭീകരമാക്കി
കൊട്ടിയടയ്ക്കുന്നു.
ലോകത്തെ കീഴ്മേൽ മറിയ്ക്കുവാനോ?

അയാളുടെ കൈ കാലുകൾ കണ്ടോ?
രോമക്കാടുകൾ
ഇതാര് സിംഹരാജനോ?
നടത്തം,
ഇരിപ്പ്,
കൈകൾ നീട്ടിയുള്ള ആഹ്വാനമുഴക്കങ്ങൾ.
കണ്ണുകൾ ഗ്രഹങ്ങളായി
പൊട്ടിച്ചിതറും ...
എങ്കിലും , ശരണാർത്ഥികൾ
എത്രപേർ...!



ജയപ്രകാശ് എറവ്

പൂജാമുറി വരെയെത്തി, ആ അഭിനവഗുപ്തൻ .
നാമജപങ്ങളിൽ മന്ത്രാക്ഷരമായ്
നിറഞ്ഞു .
അയാൾ പല മുഖങ്ങളിൽ
കയറിപ്പറ്റി.
എനിക്ക് മുന്നിലയാൾ
വെറുക്കപ്പെട്ട രൂപം.
കാലഹരണപ്പെട്ട് പോവുന്ന
വെറും മനുഷ്യരൂപം.
വെറുമൊരു പിറവി രൂപം മാത്രം.

# കോവിഡ് കാലത്ത് അവർ...

**ജീവിതം അപ്പാടെ മാറ്റിമറിച്ച ഒരു വർഷമാണ് കടന്നുപോയത്. കോവിഡും ലോക്ക്ഡൗണും പഠിപ്പിച്ച പാഠങ്ങൾ പലർക്കും പലവിധം. ഇതുവരെ ചെയ്തുശീലിച്ചിട്ടില്ലാത്ത കാര്യങ്ങളിൽ വിദഗ്ധരായി മാറിയവരുമുണ്ട്. ഹിന്ദിയിലെ പ്രശസ്ത ഗായകരായ രണ്ടുപേർ ഇക്കാലത്തെ എങ്ങനെ കടന്നു മുന്നേറുന്നു....**



കുമാർ സാനു




തേജശ്രീ

**തൊ**ണ്ണൂറുകളുടെ തുടക്കംമുതൽ ബോളിവുഡ് സംഗീതരംഗത്തെ മുടിചൂടാമന്നനാണ് ഗായകൻ കുമാർ സാനു. ആഷിഖി എന്ന ഒറ്റ സിനിമയിലെ പാട്ടുകൾകൊണ്ട് ലോകം കീഴടക്കിയയാൾ. ഒറ്റദിവസം ഏറ്റവും കൂടുതൽ പാട്ടുകൾ പാടി റെക്കോർഡ് ചെയ്തതിന്റെ പേരിൽ ചരിത്രത്തിൽ ഇടംപിടിച്ചയാൾ. സാക്ഷാൽ കിഷോർ കുമാറിന്റെ ആലാപന ശൈലി അനുകരിച്ചെത്തി ശ്രോതാക്കളുടെ പ്രിയപ്പെട്ട ഗായകനാവുകയായിരുന്നു സാനുദാ എന്ന കുമാർ സാനു.

ഗായകനെന്ന നിലയിൽ കത്തിജ്ജ്വലിച്ചുനിന്ന കാലമായിരുന്നു സാനുവിന് 1991 മുതൽ 95 വരെ. ആ കാലയളവിൽ ഏതാണ്ട് എല്ലാ സംഗീത പുരസ്കാരങ്ങളും അദ്ദേഹം തൂത്തുവാരി സ്വന്തമാക്കി. എന്നിട്ടും അദ്ദേഹത്തിന് ഒരു കാര്യത്തിൽ ഇപ്പോഴും നിരാശയുണ്ട്- മികച്ച ഗായകനുള്ള ദേശീയ പുരസ്കാരം ഇതുവരെ കിട്ടിയില്ല എന്നതിൽ.

അടുത്തയിടെ ഒരഭിമുഖത്തിൽ സാനു പറഞ്ഞു: എനിക്കുള്ള ഏറ്റവും വലിയ നിരാശയാണ് ദേശീയ അവാർഡ് കിട്ടിയിട്ടില്ല എന്നത്. വരികൾകൊണ്ടും സംഗീതംകൊണ്ടും വളരെ പവർഫുൾ ആയ പാട്ടുകൾ ഞാൻ പാടിയിട്ടുണ്ട്. അവയെല്ലാം ആസ്വാദകർ ഇഷ്ടപ്പെട്ടവയുമാണ്. ഒരുപാടു പാട്ടുകളുണ്ട്, അവാർഡ് കിട്ടുമെന്നു ഞാൻ പ്രതീക്ഷിച്ചവയായി. എന്നാൽ ഒന്നിനും കിട്ടിയില്ല. എനിക്കു മനസിലാകുന്നില്ല, എന്താണ് അവാർഡിനുള്ള മാനദണ്ഡം എന്ന്.

അതേസമയം താൻ ചെയ്യുന്ന മനുഷ്യത്വപരമായ പ്രവൃത്തികളിൽ ഏറെ സന്തോഷവാനാണ് കുമാർ സാനു. അദ്ദേഹം ഇങ്ങനെ പറയുന്നു: അനാഥക്കുട്ടികൾക്കുവേണ്ടി ഞാൻ മൂന്നു സ്കൂളുകൾ തുടങ്ങിയിട്ടുണ്ട്. എനിക്കത് വളരെ പ്രധാനവും എന്റെ ഹൃദയത്തോടു ചേർന്നു നിൽക്കുന്നതുമായ കാര്യമാണ്. അതിന്റെ പ്രവർത്തനങ്ങൾക്കായി ഞാൻ കഠിനമായി പരിശ്രമിക്കുന്നുമുണ്ട്.

ഒരുപക്ഷേ തൊണ്ണൂറുകളിൽ അദ്ദേഹം തന്റെ കരിയറിനുവേണ്ടി ചെയ്ത പ്രയത്നത്തിനു തുല്യമാണ് അത്. അതൊരു വിസ്മയകരമായ കാലമായിരുന്നു എ

ന്നാണ് സാനുവിന്റെ പക്ഷം. പുലർച്ചെ രണ്ടരവരെയൊക്കെ റെക്കോർഡിംഗ് നീണ്ടു പോയിരുന്ന കാലം. എല്ലാം സുന്ദരമായ ഓർമകളാണ് അദ്ദേഹത്തിന്.

കോവിഡ് കാലത്തിലേക്കു വന്നാൽ അതിനെയും പോസിറ്റീവ് ആയി കാണുന്നു. കഴിഞ്ഞവർഷംതന്നെ സാനുവിന് കോവിഡ് പോസിറ്റീവ് ആയിരുന്നു. ഭാര്യയും രണ്ടുമക്കളും അന്ന് അമേരിക്കയിലെ ലോസ് ഏഞ്ചലസിലാണ്. കോവിഡ് അനുഭവത്തെക്കുറിച്ച് കുമാർ സാനു ഇങ്ങനെ പറയുന്നു: ഞാനന്ന് തീർത്തും ഒറ്റയ്ക്കായിരുന്നു, പക്ഷേ അതിൽനിന്ന് ഒരുപാടു പഠിക്കാനായി. കാര്യങ്ങൾ ചെയ്യാൻ പഠിച്ചു, ഒറ്റയ്ക്ക് ജീവിക്കുമ്പോൾ എങ്ങനെ മാനേജ് ചെയ്യാമെന്നു പഠിച്ചു, എക്സർസൈസ് ചെയ്തു, വീട് എങ്ങനെ വൃത്തിയാക്കി വയ്ക്കാമെന്നും പഠിച്ചു. കോവിഡിനെച്ചൊല്ലി നമ്മുടെ പേടി ഇനിയും മാറിയിട്ടില്ലെങ്കിലും ഒരുവിധത്തിൽ നോക്കുമ്പോൾ നമുക്കത് വലിയ പാഠവുമാണ്.

നല്ല സംഗീതം കേൾക്കുക, വൃത്തികെട്ട ദ്വയാർഥമുള്ള പാട്ടുകൾ കേൾക്കാതിരിക്കുക, നിങ്ങളുടെ ആത്മാവ് ചേർന്നിരിക്കുന്ന ഗാനങ്ങൾ എവിടെയാണോ ഉള്ളത് അങ്ങോട്ടുമാത്രം നോക്കുക- ഗായകൻ സംഗീതപ്രേമികളോടു പറയുന്നത് ഇങ്ങനെ.

## ശ്രേയാ ഘോഷാൽ പറയുന്നു– കൃത്യം വട്ടത്തിലുള്ള ചപ്പാത്തിയുണ്ടാക്കൽ എളുപ്പമല്ല!

ഏതാണ്ട് രണ്ടു പതിറ്റാണ്ടായി ഇന്ത്യൻ ചലച്ചിത്രഗാനരംഗത്തെ ഏറ്റവും മികച്ച പെൺസ്വരങ്ങളിൽ ഒന്നാണ് ശ്രേയാ ഘോഷാലിന്റേത്. ഹിന്ദിയിലും ഒപ്പം മലയാളത്തിലും മികച്ച മെലഡികൾ ശ്രേയയുടേതായി ശ്രോതാക്കൾ ഹൃദയത്തോടു ചേർത്തുവച്ചു. ദേശീയ ചലച്ചിത്ര പുരസ്കാരമടക്കം ഒട്ടേറെ അവാർഡുകൾ ശ്രേയയെ തേടിയെത്തി. അമ്മയാകാൻ കാത്തിരിക്കുന്ന ശ്രേയ പാചകം, വളർത്തുമൃഗങ്ങൾ എന്നിവയെക്കുറിച്ചാണ് കോവിഡ് കാലത്ത് സംസാരിച്ചത്.


ശ്രേയാ ഘോഷാൽ

എന്താണ് മഹാമാരി നൽകിയ ഏറ്റവും വലിയ പാഠം എന്ന ചോദ്യത്തിന് ശ്രേയ നൽകിയ മറുപടി ഇങ്ങനെയായിരുന്നു:

ജീവിതം കൂടുതൽ ലളിതമായി എന്നതാണ് ഏറ്റവും വലിയ കാര്യം. ഇതൊന്നും ഇല്ലാതെ ജീവിക്കാൻ പറ്റില്ല എന്നു കരുതിയ ആഡംബരങ്ങൾ അത്രയും വിട്ടുകളഞ്ഞു. പൊതുവേ ലളിതമായ ജീവിതമായിരുന്നു എന്റേത്. ഞാനത് കൂടുതൽ ലളിതമാക്കി. വലിയ സന്തോഷവുമുണ്ട് അതേക്കുറിച്ച് പറയുമ്പോൾ.

കോവിഡ് മഹാമാരിയുടെ കാലത്തു പഠിച്ച പാഠങ്ങളെല്ലാം എന്റെ ഇനിയുള്ള ജീവിതത്തിൽ മുഴുവനുമുണ്ടാകും. അവനവനു വേണ്ടുന്ന കാര്യങ്ങൾ സ്വന്തം കൈകൊണ്ടു ചെയ്യുന്നത് ജീവിതത്തെ കൂടുതൽ ഇഷ്ടപ്പെടാൻ കാരണമാകും. അതു നിങ്ങളെ കൂടുതൽ ശക്തയാക്കും. വളരെ ചെറിയൊരു ഉദാഹരണം പറഞ്ഞാൽ കൃത്യമായ വട്ടത്തിലുള്ള ഒരു ചപ്പാത്തി പരത്തുക എന്നത് എനിക്ക് വലിയ പ്രയാസമുള്ള കാര്യമായിരുന്നു. ഞാൻ മറ്റെന്തും പാചകം ചെയ്യുമായിരുന്നു. പക്ഷേ ഇതു പറ്റില്ലായിരുന്നു. എന്നാൽ ഇപ്പോൾ അതുകൂടി ചെയ്യാൻ പഠിച്ചപ്പോൾ വലിയ ത്രിൽ ആണ് തോന്നുന്നത്.

ഷെർലക് എന്നു പേരിട്ട എന്റെ വളർത്തുനായ ഇപ്പോൾ എന്റെ ജീവിതത്തിലെ ഒരു പ്രധാന ഭാഗമാണ്. അവന്റെ നിഷ്കളങ്കമായ മുഖം കണ്ടില്ലെങ്കിൽ ദിവസം പൂർണമാകാത്തപോലെ തോന്നും. എന്തെങ്കിലും ഒരു വളർത്തുമൃഗം ഉണ്ടാകുന്നത് ജീവിതം കൂടുതൽ സുന്ദരമാക്കും. പ്രത്യേകിച്ച് കോവിഡ് പോലെ നമ്മൾ നിസ്സഹായരാകുന്ന കാലങ്ങളിൽ...

ശ്രേയ പറഞ്ഞുനിർത്തുന്നു.

ജീവിതം അതിന്റെ താളം നിലനിർത്തുന്നത് ഏതൊക്കെ വിധത്തിലാണെന്നു വിസ്മയം തോന്നാം. അതിൽ ഏറെ പ്രധാനമാണ് സ്നേഹവും സംഗീതവുമെന്ന് ഒന്നുകൂടി ഉറപ്പിക്കുന്നുണ്ട് ഈ ഗായകരുടെ വാക്കുകൾ. ●



# മൂന്ന് പ്രണയക്കുറിപ്പുകൾ



എം. കപിൽദേവ്.

**ഒന്ന്**

എന്റെയുള്ളിലിരുന്ന് കുറുകുന്നുണ്ട്
നമ്മുടെ പ്രണയ ദിനങ്ങൾ.
വർഷം
ഗ്രീഷ്മം
മരച്ചില്ലകളുടെ നിഴലുകളിൽ
കൊളുത്തിയിട്ട സ്വപ്നങ്ങൾ ............

**രണ്ട്**

അടർന്നുവീഴുമെന്നുറപ്പുണ്ടായിട്ടും
ഇലത്തുമ്പുകളിൽ
മുറുകെ പിടിക്കുന്ന
ചില
ജലകണങ്ങളുണ്ട്.
അവയിലൊന്നാവാം
ഇന്നലെ
നിനക്കായി മഴവില്ല് വിരിയിച്ചത്...........

**മൂന്ന്**

പണ്ട് നമ്മൾ കറുപ്പിലും വെളുപ്പിലും
വരച്ചിട്ട സ്വപ്നങ്ങൾ
ഇന്നലെയും
നിന്റെ
ജനാലയിൽ വന്ന് തട്ടിയിട്ടുണ്ടാകാം.
നിന്നെ
കാണാഞ്ഞ്
മഞ്ഞുതുള്ളികളാൽ
അടയാളവാക്യം കുറിച്ച്
മടങ്ങിപ്പോന്നിട്ടുമുണ്ടാക്കാം .................

# കേരള വികസനത്തിന്റെ കാൽ നൂറ്റാണ്ട്



ശ്രീജ വിജയൻ

**കേ**രളത്തിന്റെ വികസന സങ്കല്പത്തിലേക്ക് മാറ്റത്തിന്റെ വിത്തു വിതച്ച പ്രക്രിയയാണ് ജനകീയാസൂത്രണം.ഇന്നത് ഇരുപത്തിയഞ്ചാം വർഷത്തിലെത്തിയിരിക്കുകയാണ്.കേരളത്തിന്റെ മുഖഛായ മാറ്റിയ കാൽ നൂറ്റാണ്ടു തന്നെയാണ് കടന്നു പോവുന്നത്. സമസ്ത മേഖലകളിലും നിരവധി മാറ്റത്തിനു വിധേയമായ കാലം. അതിനേക്കാളേറെ ഒരു പുതിയ അവബോധം ഗ്രാമാന്തരങ്ങളിലേക്ക് വ്യാപിപ്പിക്കാൻ കഴിഞ്ഞ കാൽനൂറ്റാണ്ട് .കേരള വികസനത്തിന്റെ നാൾവഴികളിലേക്കൊരു തിരിച്ചു നോട്ടമാണ് ഇവിടെ ലക്ഷ്യമാക്കുന്നത് .ഒരർത്ഥത്തിൽ ചരിത്രാന്വേഷണം. ചരിത്രം എന്നത് ഇന്നലെകളിൽ സംഭവിച്ചവയുടെ ആകെത്തുക മാത്രമല്ല. അവയ്ക്കൊപ്പം ഇന്നുകൾ കൂടി ചേരുമ്പോഴാണ് ചരിത്രത്തിന് കെട്ടുറപ്പ് കൈവരുന്നത്.




സംസ്ഥാന രൂപീകരണത്തിനു മുമ്പ് കേരളം മൂന്നു രാഷ്ട്രീയ ഖണ്ഡങ്ങളായാണ് നിലനിന്നിരുന്നത്.ബ്രീട്ടിഷുകാർ നേരിട്ടു ഭരിച്ച മലബാറും, ബ്രീട്ടിഷ് നിയന്ത്രണത്തിലുള്ള നാട്ടുരാജ്യങ്ങളായ തിരുവിതാംകൂറും, കൊച്ചിയും .പീന്നിട്ടാണ് പതിനാലു ജില്ലകളുള്ള ഇന്നത്തെ കേരളം നിലവിൽ വന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിലും, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിലും ഉയർന്നു വന്ന സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളും, നവോത്ഥാന പ്രസ്ഥാനങ്ങളും സംസ്കാരികമായും ബൗദ്ധികമായും കേരളത്തെ ഏകോപിച്ചു.അതിന്റെ ഫലമായി വിദ്യാഭ്യാസം, അച്ചടി ,പത്രപ്രവർത്തനം തുടങ്ങിയ കാര്യങ്ങൾ വിപുലമായി. ദേശീയ സ്വാതന്ത്ര്യ സമരം മലബാറിലും ഉത്തരവാദ ഭരണ പ്രക്ഷോഭം തിരുവിതാംകൂറിലും കൊച്ചിയിലും ഐക്യകേരള പ്രസ്ഥാനത്തെ ശക്തിപ്പെടുത്തി കർഷക പ്രസ്ഥാനവും, തൊഴിലാളി പ്രസ്ഥാനവും ഇതിന് പിന്തുണ നൽകി. ഭാവി കേരളത്തിന്റെ ദിശ ഇവിടെ നിർണയിക്കപ്പെട്ടു.

കേരളത്തിന്റെ ച രിത്രം പരിശോധിക്കുമ്പോൾ പ്രാചീന കാലം മുതൽക്കു തന്നെ പ്രാദേശിക ഭരണവ്യവസ്ഥ നിലനിന്നിരുന്നുവെന്ന് കാണാനാകും.അവ തറക്കൂട്ടം, നാട്ടുക്കൂട്ടം, ദേശക്കൂട്ടം എന്ന പേരിലാണ് അറിയപ്പെട്ടത്.ഇവയ്ക്ക് ഏകീകൃത സ്വഭാവമൊന്നുമുണ്ടായിരുന്നില്ല. പത്തൊമ്പതാം നൂറ്റാണ്ടോടു കൂടിയാണ് ആധുനിക രീതിയിലുള്ള സങ്കല്പം കടന്നു വരുന്നത്. ഗ്രാമപ്രദേശങ്ങളിൽ സ്വയംഭരണാധികാരമുള്ള ഘടകങ്ങൾ എന്ന നിലയിൽ പഞ്ചായത്തു കൊണ്ടുവരണമെന്ന് ഭരണഘടനയിൽ നിർദേശ

മുള്ളതു പ്രകാരം 1950 തിരു-കൊച്ചി സംസ്ഥാനത്ത് തിരുവിതാംകൂർ കൊച്ചി പഞ്ചായത്ത് ആക്ടും മലബാർ പ്രദേശത്ത് മദിരാശി വില്ലേജ് ആക്ടും നിലവിൽ വന്നു.തിരുകൊച്ചി പ്രദേശത്തെ മുഴുവൻ ഗ്രാമപ്രദേശങ്ങളും തിരുവിതാംകൂർ കൊച്ചി പഞ്ചായത്ത് ആക്ടിന്റെ പരിധിയിൽ വന്നപ്പോൾ മലബാറിൽ ഇത്തരം ഏകീകൃത സ്വഭാവമുള്ള ഭരണസംവിധാനം സാധ്യമായിരുന്നില്ല

സാമൂഹിക വികസന രംഗത്ത് ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും ആസൂത്രണം ഗ്രാമതലത്തിൽ രൂപപ്പെടുത്തുന്നതിനും വേണ്ടി പഞ്ചായത്തിന് അധികാരം നൽകിക്കൊണ്ട് 1957 ബൽവന്ത് റായ് മേത്ത കമ്മറ്റി നിലവിൽ വന്നു.ഓരോ സംസ്ഥാനത്തിനും അനുയോജ്യമായ സംവിധാനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യം ശുപാർശ ചെയ്തു കൊണ്ട് 1959 ഒക്ടോ 2 ന് ഇന്ത്യയിലാദ്യമായി രാജസ്ഥാനിൽ പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നു.അതേ വർഷം തന്നെ ആന്ധ്രാപ്രദേശും ഈ പാത പിന്തുടർന്നതോടെ തെക്കേ ഇന്ത്യയിൽ പഞ്ചായത്തീരാജിന് തുടക്കമായി.

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നതെന്നും ഗ്രാമപുരോഗതിയാണ് ഇന്ത്യയുടെ പുരോഗതിയെന്നും മഹാത്മാഗാന്ധി വിശ്വസിച്ചിരുന്നു അധികാരം ഗ്രാമങ്ങളിലെ സാധാരണക്കാരന്റെ കൈകളിലെത്തണമെന്നും സ്വന്തം നാടിന്റെ ഭാഗധേയം അവർ നിർണയിക്കണമെന്നുമുള്ള രാഷ്ട്രപിതാവിന്റെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള സുപ്രധാന നടപടിയാണ് പഞ്ചായത്തീരാജ് .സ്വാതന്ത്ര്യ സമരായുധമായിരുന്നു ഗ്രാമ സ്വരാജ് എന്നാൽ ഭരണഘടനാ നിർമ്മാണ വേളയിൽ വേണ്ടത്ര പരിഗണന ലഭിച്ചില്ല. ഭരണഘടനാ ശില്പി ഡോ.ബി.ആർ അംബേദ്കർ ഈക്കാര്യത്തിൽ വ്യക്തമായ കാഴ്ചപ്പാട് അവതരിപ്പിച്ചു.ഇന്ത്യൻ ഗ്രാമങ്ങൾ അജ്ഞതയും അന്ധവിശ്വാസത്തിന്റേയും സങ്കുചിതത്വത്തിന്റെയും ചളിക്കുണ്ട് ആണ് .ജാതിപരമായ ഉച്ചനീചത്വങ്ങൾ ഇല്ലാതാക്കണമെന്നുമായിരുന്നു.എന്നാലിന്നും മറ്റു പല സംസ്ഥാനങ്ങളിലും ഇത്തരം അസമത്വങ്ങൾ ഇന്നും തുടരുന്നു.അവിടെയാണ് കേരളത്തിലെ അധികാര വികേന്ദ്രീകരണം വ്യത്യസ്തമാവുന്നത്.

കേരളപ്പിറവി മുതൽ അധികാര വികേന്ദ്രീകരണത്തിനുള്ള തയ്യാറെടുപ്പിലായിരുന്നു കേരളം .പ്രഥമ മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാട് തന്നെയായിരുന്നു അധികാര വികേന്ദ്രീകരണമെന്ന ആശയത്തിന് തുടക്കം കുറിച്ചത്.ഭരണ പ്രക്രിയയുടെയും സംവിധാനത്തിന്റേയും സമൂലമായ മാറ്റമായാണ് അദ്ദേഹം ഇതിനെ വിഭാവനം ചെയ്യുന്നത്. 1996 ആഗ 17 ന് ഉദ്ഘാടനം ചെയ്യപ്പെട്ട ജനകീയാസൂത്രണത്തിന്റെ ഉദ്ഘാടന വേളയിൽ കേരളത്തിന്റെ മുൻ മുഖ്യമന്ത്രിമാർ, അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ.കെ.നായനാർ എല്ലാ തട്ടിലുമുള്ള ജനപ്രതിനിധികൾ ഭരണ പ്രതിപക്ഷ നേതാക്കൾ, വിദഗ്ധർ, സാമൂഹ്യ പ്രവർത്തകർ, ഉദ്യോഗസ്ഥർ തുടങ്ങി സമസ്ത മേഖലകളിലെ പ്രതിനിധികളും ഉണ്ടായിരുന്നു.പ്രഥമ മുഖ്യമന്ത്രി ശ്രീ. ഇ.എം.എസ് നമ്പൂതിരിപ്പാടാണ് തിരികൊളുത്തിയത്.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും, നടപ്പിലാക്കുന്നതിനുമുള്ള അധികാരം കൈമാറി കൊണ്ട് കേരളത്തിൽ നടപ്പിലാക്കിയ ആസൂത്രണ പദ്ധതിയാണല്ലോ ജനകീയാസൂത്രണം. സ്വാതന്ത്ര്യത്തിനു ശേഷം കേരളത്തിൽ എട്ടു പഞ്ചവത്സര പദ്ധതികൾ പൂർത്തിയായിട്ടും വേണ്ടത്ര വികസനീ നേടുവാൻ കഴിഞ്ഞിട്ടില്ലെന്ന തിരിച്ചറിവിൽ നിന്നാണ് വികേന്ദ്രീകൃതാസൂത്രണ മെന്ന പേരിൽ നിന്ന് ജനകീയാസൂത്രണ പ്രസ്ഥാനം ഒമ്പതാം പഞ്ചവത്സര ക്കാലത്ത് തുടങ്ങിയത്.

ഇക്കഴിഞ്ഞ കാൽനൂറ്റാണ്ടിനിപ്പുറം നിൽക്കുമ്പോൾ ജനകീയാസൂത്രണം കേരളത്തിലുണ്ടാക്കിയ മാറ്റമെന്തെന്നു ചർച്ചാ വിഷയമാവും.കേരളത്തിന്റെ ഭരണ പ്രക്രിയയിലും, സംവിധാനത്തിലും എന്നു വേണ്ട സമസ്ത മേഖലയിലും വലിയ മാറ്റമാണ് സൃഷ്ടിച്ചതെന്ന് പ്രകടമാകും. എല്ലാ പ്രദേശങ്ങളിലേക്കും വികസനമെത്തിച്ചു എന്നതു തന്നെയാണ് പ്രധാന നേട്ടം. ഇരുപത്തിഅഞ്ചു കൊല്ലം മുമ്പു നിലനിന്നിരുന്ന സ്ഥിതി തലസ്ഥാനത്തും ,ജില്ലാ കേന്ദ്രങ്ങളിലും ചില ശക്തരായ ജനപ്രതിനിധികളുടെ പ്രദേശങ്ങളിലും മാത്രമായി വികസനം ഒതുങ്ങി നിന്നിരുന്നു എന്നതാണല്ലോ. ആ അവസ്ഥക്ക് കാതലായ മാറ്റമുണ്ടായി.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി സംസ്ഥാന ബജറ്റിന്റെ 35 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചില വിലേക്കായി മാറ്റിവെയ്ക്കുകയുണ്ടായി. സാ

ന്ത്തിക വികേന്ദ്രീകരണത്തിനു പുറമേ വികസന പരിപാടികൾ വിഭാവനം ചെയ്യാനും അവ നടപ്പിലാക്കാനുമുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെത്തിക്കുക വഴി സമ്പൂർണ്ണ ജനാധിപത്യത്തിലേക്കെത്തിക്കുക എന്നതു തന്നെയാണ് ലക്ഷ്യം

ത്രിതല പഞ്ചായത്തുകളെ യഥാർത്ഥ സ്വയംഭരണ സ്ഥാപനങ്ങളാക്കുകയും അവയെ പ്രാദേശിക സർക്കാരുകളാക്കി രൂപപ്പെടുത്തുകയും ചെയ്യുകയും നാൾക്കുനാൾ വർദ്ധിച്ചു വന്നിരുന്ന അധികാര കേന്ദ്രീകരണത്തിന് പകരം അധികാര വികേന്ദ്രീകരണത്തിന് തുടക്കം കുറിക്കുകയുമായിരുന്നു. ഈ സങ്കല്പത്തെ പ്രയോഗവത്കരിക്കുക വഴി ഒരു പുതിയ വികസന സങ്കല്പം രൂപപ്പെട്ടു. അവിടെയാണ് ഗ്രാമസഭ എന്ന ആശയം കടന്നു വന്നത്. ജനങ്ങളുടെ ഭരണപങ്കാളിത്തം ഉറപ്പാക്കുന്നത് ഗ്രാമസഭയിലൂടെയാണ്. ഗ്രാമസഭയുടെ സാന്നിധ്യവുംസജീവതയുമാണ് വികേന്ദ്രീകൃത അധികാരഘടനയെ ജീവ ത്താക്കിയത്. ഗ്രാമസഭ തന്നെയാണ് ഏറ്റവും ചെറിയ ആസൂത്രണ സംവിധാനം. സ്വന്തം പ്രദേശത്തിന്റെ ആവശ്യങ്ങളെയും വിഭവ സാധ്യതകളെയും ബന്ധപ്പെടുത്തി വികസന പദ്ധതികൾ രൂപപ്പെടുത്താൻഗ്രാമസഭകൾക്കും, പഞ്ചായത്തുകൾക്കു കിട്ടിയ അധികാരം പ്രയോഗക്ഷമമായത് വിഭവം പങ്കുവെക്കപ്പെട്ടപ്പോൾ മാത്രമാണ് എന്നത് ചെറിയ കാര്യമല്ല. നിർദേശിക്കപ്പെടുന്ന പ്രവർത്തനങ്ങളിൽ ഏതേതിന് മുൻഗണന നൽകണമെന്നു തീരുമാനിക്കാനുള്ള അധികാരവും ഗ്രാമസഭക്കുണ്ട്.

നാളിതുവരെ വിദഗ്ധരും ഉന്നത ഉദ്യോഗസ്ഥരും മാത്രം കൈകാര്യം ചെയ്തിരുന്ന ആസൂത്രണത്തിലേക്ക് ജനങ്ങൾ ഇടപെടുകയാണ്. അതിലൂടെ പുത്തൻ വികസന കാഴ്ചപ്പാട് അവതരിപ്പിക്കപ്പെടുകയാണ്.

മുൻ കാല പദ്ധതി പ്രവർത്തനം മൂലം വികസന രംഗത്ത് നിന്ന് പുറന്തള്ളപ്പെട്ടു പോയ ജനവിഭാഗങ്ങൾക്ക് ചില്ലറ ആനുകൂല്യങ്ങൾ നൽകി അവരെ ഭരണകൂടത്തിന്റേയും ഭരണ വർഗത്തിന്റെയും ആശ്രിതരാക്കുകയായിരുന്നു. ഒട്ടേറെ മാറ്റങ്ങൾ ജനകീയാസൂത്രണത്തിന് വരുത്താനായി എങ്കിലും ആനുകൂല്യങ്ങൾക്കു വേണ്ടിയാചിക്കുന്ന പ്രജാ ബോധത്തിൽ നിന്ന് അവകാശങ്ങൾക്ക് വേണ്ടി പോരാടുന്ന പൗരബോധത്തിലേക്ക് ജനതയെ എത്തിക്കാൻ ഇനിയും ബഹുദൂരം പോവേണ്ടിയിരിക്കുന്നു. ആ മാറ്റം വ്യക്തികളുടെ ഉള്ളിൽ നിന്നുണ്ടാവേണ്ടതും സമൂഹ മനസാക്ഷിയിൽ ചെന്നു ചേരേണ്ടതുമായ വസ്തുത തന്നെയാണ്.

ഭൂപരിഷ്ക്കരണത്തിനു ശേഷം കേരളം കണ്ട സുപ്രധാന നടപടിയാണ് ജനകീയാസൂത്രണ മെന്നതിൽ തർക്കമില്ലാത്ത കാര്യമാണ്. ആസൂത്രണ രംഗത്ത് വിനിയോഗത്തിന്റെ , കൃത്യതയുടെ ഫോർമുല എഴുതി ചേർത്ത അധ്യായമാണ്. ആദ്യഘട്ടത്തിൽ കുടിവെള്ളം, ശുചിത്വം ,പാർപ്പിടം തുടങ്ങിയ മേഖലക്കായിരുന്നു ഊന്നൽ.പിന്നീട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും സ്കൂളുകളും മാറ്റങ്ങൾക്ക് വിധേയമായി, ദാരിദ്ര്യ നിർമാർജനത്തിലും, വയോജന, ബാല, ഭിന്നശേഷി – സൗഹൃദ പ്രവർത്തനങ്ങളിൽ മാതൃകാ പ്രവർത്തനങ്ങൾ നടത്തി.സാന്ത്വന ചികിത്സ എന്നത് നാടിന്റെ പുതിയ ശീലമായി. എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തിലേക്ക് അടുക്കുകയാണ് കേരളം.മണ്ണും ജലവും വീണ്ടെടുക്കാനുള്ള നിരവധി പ്രവർത്തനങ്ങൾ, ജലാശയങ്ങളെ വൃത്തിയാക്കി പുനരുജ്ജീവിച്ച കഥ എല്ലാം ഈ ക്കഴിഞ്ഞ കാലയളവിൽ കേരളത്തിൽ സംഭവിച്ചതാണ്.

സാധാരണ ഗതിയിൽ സംസ്ഥാനത്തെ അധികാര മാറ്റത്തിനനുസരിച്ച് പല പരിപാടികളും മാറുക എന്നതാണ് പതിവ് എന്നാൽ ജനകീയാസൂത്രണത്തിന്റെ കാര്യത്തിൽ സംഭവിച്ചത് വ്യത്യസ്തമാണ്. ചില അസുഖകരമായ പ്രവണതകൾ ഉടനീളം ഉണ്ടായിരുന്നുവെങ്കിലും ഈ പ്രസ്ഥാനം ശക്തിപ്പെടുകയാണുണ്ടായത്.

അധികാരവും ,പണവും, താഴേക്കു നൽകുന്നതിനോടൊപ്പം താഴെ തട്ടിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കൊപ്പം, വിവിധ വകുപ്പുകൾ, മറ്റു ഏജൻസികൾ എന്നിവക്കൊപ്പം സർക്കാറിന്റെ ശക്തമായ സാന്നിധ്യം എന്നിവയാണ് നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തമാക്കിയത്. ഇനിയും പ്രയോഗിക്കാനാവാത്ത സാധ്യതകളെ പുറത്തു കൊണ്ടുവരാൻ കെല്പുള്ള പദ്ധതിയായി കൂടുതൽ ജനപങ്കാളിത്തത്തോടെ, സുതാര്യവും സമഗ്രവും സുസ്ഥിരവുമായ വികസനത്തിന്റെ വസന്തം തീർക്കാനുള്ള പദ്ധതിയായി ജനകീയാസൂത്രണത്തിന് മുന്നിൽ മുന്നോട്ടുള്ള വഴി നീണ്ടു കിടക്കുകയാണ്. ●

# മറ്റൊന്നിൻ ധർമ്മയോഗത്താൽ

കവിത

ഓർമ്മകളാണോ,
മറവികളെക്കുറിച്ചു പറയൂ.
പ്രണയമാണോ,
വിരഹത്തെക്കുറിച്ചു പറയൂ.
സന്തോഷമോ,
ദുഃഖത്തെക്കുറിച്ചു പറയൂ.
നീതിയോ,
അനീതിയെക്കുറിച്ചു പറയൂ.
സമൂഹമോ,
ഏകാന്തതയെക്കുറിച്ചു പറയൂ.
ആൾക്കൂട്ടമോ,
ഒറ്റപ്പെടലിനെക്കുറിച്ചു പറയൂ.
ആനന്ദമോ,
വിഷാദത്തെക്കുറിച്ചു പറയൂ.
ചുംബനമോ,
നിരാസത്തെക്കുറിച്ചു പറയൂ.
ആലിംഗനമോ,
നിരാലംബതയെക്കുറിച്ചു പറയൂ.
സ്വപ്നമോ,
ലോകവ്യവഹാരത്തെക്കുറിച്ചു പറയൂ.
മൗനമോ,
മരണത്തെക്കുറിച്ചു പറയൂ.
ഒന്നിനെയറിയുമ്പോൾ
മറ്റേതിനെക്കുറിച്ചു
പറഞ്ഞു പറഞ്ഞു
അങ്ങനെയേ ജീവിതത്തിലെത്തിച്ചേരാനാവൂ,
ജീവിതത്തെ ജീവിച്ചു തീർക്കാനാവൂ.
അവസാനിപ്പിക്കാനുമാവൂ.





രാജൻ സി എച്ച്

പുരസ്കാരം നേടിയ കഥ

# അകലം



അജേഷ് കടന്നപ്പള്ളി

**പ**റഞ്ഞു വരുമ്പോ നിങ്ങൾക്ക് തോന്നും ,ഇയാളെന്തിനാ ഈ നട്ടപ്പാതിരയ്ക്കിങ്ങനെ ഈ വഴി നടക്കുന്നതെന്ന്. സുന്ദരിയായ ഭാര്യയെയും രണ്ടു കുഞ്ഞു മക്കളെയും തനിച്ചാക്കി നടന്നു തുടങ്ങുന്നതിലെ എന്റെ ഉന്മാദത്തിലേക്കുള്ള നിങ്ങളുടെ ചൂട്ടു കത്തിക്കൽ എനിക്ക് മനസ്സിലാവുന്നുണ്ട് .സർക്കാരുദ്യോഗത്തിന്റെ ഭാരിച്ച ശമ്പളത്തിൽ ഭാര്യേം കെട്ടിപ്പിടിച്ചങ്ങുറങ്ങിയാപ്പോരേ എന്നൊക്കെ എന്നെപ്പറ്റിച്ചിന്തിച്ച് നിങ്ങൾ പരസ്പരം തമ്മീത്തല്ലി പിരിഞ്ഞു പോയ രാത്രികളെക്കുറിച്ച് എനിക്കറിയാം.എങ്ങനെ



അറീമെന്നല്ലേ നിങ്ങൾ ചിന്തിച്ചു കൂട്ടുന്നത്. ഒറ്റുകാരില്ലാത്ത ഏതു കൂട്ടങ്ങളാണുള്ളത്.! ചിലരുടെ സുഭിക്ഷ ജീവിതം തന്നെ ഒറ്റല്ലേ ..! ങാ. അതുപോട്ടെ.

എന്റെ രാത്രി നടപ്പിനെപ്പറ്റി നിങ്ങളങ്ങനെ ഏറെയൊന്നും ഉൽക്കണ്ഠപ്പെടണ്ടതില്ല. എന്റെ ദേശശീലങ്ങളിൽ അടയിരിക്കാനുള്ള നിങ്ങളുടെ കൊതി ഞാനറിയുന്നുണ്ട്.എല്ലാ രാത്രിയുടെ ആരംഭത്തിലും മാക്ഡവലിന്റെ രണ്ടു പെഗിന്റെ രസം പിടിപ്പിക്കുന്ന തരിപ്പിൽ വെറുമൊരു ചുറ്റി നടത്തം. ഒപ്പം ദേശ ജീവിതത്തിന്റെ കുളിരിലമരാനുള്ള ആഗ്രഹം.അത്രേയുള്ളൂ..

നിങ്ങളുടെ കൂട്ടത്തിന്റെ മൊബൈലിന്റെ നിലാവെളിച്ചത്തിലേക്ക് എത്തി നോക്കാനല്ല. അല്ലെങ്കിലും എനിക്കറിയാം നിങ്ങളുടെ രാത്രിസഞ്ചാരങ്ങൾ.. എത്ര രാത്രികളിൽ നിങ്ങളോടൊപ്പം കള്ളന്റെ നിഴലനക്കത്തിനു പിറകേ ഓടിച്ചെന്നിട്ടുണ്ട് ,നിങ്ങളുടെ നാട്ടിൻ പുറത്തേക്ക് വന്ന ആദ്യ നാളുകളിൽ ഞാൻ .പിന്നെപ്പിന്നെ ആ ഓട്ടത്തിന് പ്രസക്തിയില്ലെന്നായി. കാണാവുന്ന മുതലൊന്നും ആരുടേതും കട്ടുകൊണ്ടു പോവാത്തതിനാൽ ,കൊടുക്കുന്നത് കട്ടു തിന്നുന്നതിൽ തനിക്കെന്തു കാര്യം എന്നു ചിന്തിച്ചിട്ടാണ് പിന്നീട് നിങ്ങളോടൊപ്പം എന്നെക്കാണാതായത്. എനിക്കീ കൂട്ടു മദ്യപാനം ,അതിരുവിടുമെന്നതിനാൽ ഇഷ്ടവുമല്ല.പല വീടുകളുടെയും ആൾമറയ്ക്കു തലചേർത്തുവെച്ച് കിണർ വാതിലിന്റെ അടിവശത്തെ വിടവിലൂടെ, മുഷിഞ്ഞ വസ്ത്രങ്ങളെ വലിച്ചെറിഞ്ഞ് രാത്രിയിലേക്ക് വിശുദ്ധരാവുന്ന വീട്ടമ്മമാരുടെ നഗ്നതകളിലേക്ക് നിങ്ങളുടെ കണ്ണുകൾ നുരഞ്ഞുയരുന്നതിന് ഞാൻ സാക്ഷിയായിട്ടുണ്ട്. പക്ഷേ ഒന്നു പറയാം, കേട്ടോ.. നിങ്ങളുടെ കൂട്ടത്തിന്റെ സ്വകാര്യതകളിലേക്കല്ല എന്റെ സഞ്ചാരം. അതിനൊട്ടു താല്പര്യവുമില്ലെനിക്ക്.ദേശങ്ങളുടെ മനസ്സുകളിലേക്കിറങ്ങിച്ചെല്ലുമ്പോഴാണ് ദേശജീവിതം

നമ്മോട് പലതും പറഞ്ഞു തുടങ്ങുക.അതിന്റെ വാക്കുകൾക്ക് കാതു ചേർത്തുവെച്ചു കൊടുക്കണം. അപ്പോൾ ആദ്യരാത്രിയിലേതുപോലെ പതിഞ്ഞ ശബ്ദത്തിൽ ,അപരിചിതത്വത്തിന്റെ അകൽച്ചയൊഴിഞ്ഞു പോകുംമട്ടിൽ മനസ്സു തുറക്കാൻ തുടങ്ങും.

നിങ്ങൾ എന്റെയീ കാലടികളിലേക്ക് നോക്കുമ്പോൾ നിങ്ങളുടെ മുഖത്തു രൂപപ്പെടുന്ന ചുളിവുകൾ നിങ്ങളുടെ പ്രായത്തിന്റേതല്ലെന്നെനിക്കറിയാം. ദേശാതിർത്തികൾ പോലെ കാല്പാദങ്ങളിൽ പിറവികൊണ്ട വിള്ളലുകൾ എന്റെ ദേശസഞ്ചാരങ്ങളുടെ അടയാളങ്ങളാണ്.

നിങ്ങളുടെ നോട്ടങ്ങളിലേക്കും ഇരിപ്പുകളിലേക്കും നടപ്പുകളിലേക്കും നിങ്ങളറിയാതെ ഇറങ്ങി വരുന്ന വികാരങ്ങളെ എനിക്കനുഭവിച്ചറിയാനാവുന്നുണ്ട്.അല്ലെങ്കിൽത്തന്നെ ദേശസഞ്ചാരങ്ങളിൽ കണ്ടുമുട്ടാത്ത വികാരങ്ങളില്ല. ഭയത്തിന്റെ ചതുപ്പുകളും വെറുപ്പിന്റെ കാട്ടുതീകളും ആഹ്ലാദത്തിന്റെയും പ്രണയത്തിന്റെയും നിലാവുകളും അവിശുദ്ധരതികളുടെയും അഗമ്യഗമനത്തിന്റെയും അടിയൊഴുക്കുകളുമില്ലാത്ത ഏതു ദേശങ്ങളുണ്ട്.

എന്റെ നാട്ടുനടത്തത്തിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ഞാൻ ഒരിക്കലും ക്ഷണിക്കുന്നില്ല. മുഖത്തും ഉടലിലും അനുഭവങ്ങളുടെ വാർഷിക വലയങ്ങൾ രൂപപ്പെട്ട ഏതെങ്കിലും മനുഷ്യർ ഇരുളാണ്ട ദേശചരിത്രത്തിന്റെ ഭൂതത്തിലേക്ക് കൈപിടിച്ചു കൊണ്ടുപോകാൻ കണ്ടുമുട്ടാതിരിക്കില്ല .

ഗെയിൽ വാതകപൈപ്പ് ലൈൻ വിശാലമായ വയലിന്റെ മാറിടത്തിൽ ഒരുക്കിയ ഒരു ദേശത്തിന്റെ ശവക്കുഴിക്കു മുകളിലൂടെയുള്ള നടത്തം നിശ്ചലതയിലേക്ക് വഴിമാറി. വയലിനു നടുവിലൂടെ നീണ്ടുനീണ്ടു പോകുന്ന ആഴമുള്ള ശവക്കുഴി. ഒരു നാടിന്റെ അന്നം മുഴുവൻ വിളയുന്ന നിലം.നിലമവസാനിക്കുന്നിടത്തോളം നടന്നു തുടങ്ങിയപ്പോഴാണ് പിന്നിൽ നിഴലനക്കവും ആളനക്കവും അനുഭവിച്ചറിഞ്ഞത്. കുഴിയെടുത്ത മൺതിട്ടയ്ക്കു മുകളിൽ നിന്ന നിൽപ്പിൽ തിരിഞ്ഞു നോക്കി.

ഇല്ല. പിറകിലാരുമില്ല.

അടക്കം ചെയ്യാൻ പോകുന്ന ശവത്തിനു ചുറ്റും ശോകാത്മക ഭാവത്തോടെ തലകുനിച്ചു നിൽക്കുന്ന മനുഷ്യരെപ്പോലെ വയൽക്കരയിലെ തെങ്ങുകളും കവുങ്ങുകളും നീർമരുതുകളും കരിനൊച്ചികളും ഒളമാവുകളും വയലിലേക്കുറ്റുനോക്കി നിന്നു. മരണത്തിന്റെ സാക്ഷികൾ..

എങ്ങനെയുള്ള വയലുകളായിരുന്നു! പാടവരമ്പിന്റെ മുതുകിൽ ചേർത്തുവെച്ച കനക നെൽക്കറ്റകൾ സ്വന്തം ചുമലിലേക്കേറ്റുവാങ്ങി മുറ്റത്ത് മെതിച്ചുകൂട്ടിയ നാളുകൾ. ഇരുട്ടു വ്യാപിച്ചു തുടങ്ങുമ്പോൾ ചൂട്ടുവെളിച്ചത്തിന്റെ പ്രഭാവലയത്തിൽ കതിർക്കറ്റകളുടെ വലിയ ചുമടുകൾ തലയിലേറ്റി ,ചാണകം മെഴുകിയ സ്വന്തം വീട്ടുമുറ്റത്തേക്ക് നടന്നു നീങ്ങിയ സ്ത്രീ ജനങ്ങൾ. ങാ.. ഇങ്ങനെ ഓർമ്മകളെത്രയോ ഒന്നിനു പിറകെ ഒന്നായി തന്നെ കീഴ്പ്പെടുത്തുന്നല്ലോ. ഭൂതങ്ങൾ വർത്തമാനകാലത്തെ അസ്വസ്ഥമാക്കുന്നല്ലോ. അതെ ഭൂതം.

കഥകളും കെട്ടുകഥകളും യക്ഷിക്കഥകളും യഥാർത്ഥ ജീവിതവുംകൊണ്ട് കൂടിപ്പിണഞ്ഞ് കിടക്കുന്ന ഒരവ്യാഖ്യേയ ഭൂമിക.

പിറകിൽ നിന്ന് ആരെങ്കിലും തൊട്ടു വിളിച്ചുവോ? കൃഷിയിടത്തു നിന്നും പാടേ യകറ്റിക്കളഞ്ഞ മനുഷ്യ ജീവിതമൊന്നു പോലും സാന്നിധ്യമായി ഈ കൂട്ടിയിട്ട മണ്ണടരിൽ ഉണ്ടാവാനിടയില്ല. ഉതുപ്പാനെപ്പോലെ ,ഏതെങ്കിലുമൊരാൾ മണ്ണോടഴുകിച്ചേരാൻ കുഴികളിലെവിടെയെങ്കിലും കിടപ്പുണ്ടാവുമോ! ഇത്തിരി നടുക്കത്തോടെയെങ്കിലും മുന്നിലുള്ള കുഴിയിലേക്ക് കുനിഞ്ഞു നോക്കി.

ഇല്ല .. എല്ലാം തന്റെ തോന്നലാകുമോ?

എനിക്കറിയാം., ഇപ്പോൾ താനീ നടക്കുന്ന ഇടുങ്ങിയ ചെമ്മൺ റോഡ് , താൻ പിന്നിട്ടു വന്ന വയലിനെ നേർത്ത ഗദ്ഗദം പോലും കേൾക്കാത്ത വിധം വൈകാതെ മണ്ണിട്ടു പുതപ്പിക്കാൻ ഒത്താശ ചെയ്യുമെന്ന് .റോഡരികിൽ കയറ്റം തുടങ്ങുന്നിടത്തെ താഴേക്ക് ഇറങ്ങിച്ചെല്ലാവുന്ന കുഴിയിലേക്കിറങ്ങി അവശേഷിക്കുന്ന ഇത്തിരി വെള്ളത്തിൽ മനസ്സു തണുപ്പിച്ചപ്പോൾ പിറകിൽ വീണ്ടും അതേ സ്പർശം.. അതേ നിഴലനക്കം..

എന്നിൽ ധൈര്യത്തിന്റെ നീരുറവ വരണ്ടു തുടങ്ങി. കുഴിയിൽ നിന്നും മുകളിലേക്ക് നോക്കിയെങ്കിലും ശൂന്യത മാത്രം കൈമാടി വിളിച്ചു. ഞാന്നു കിടക്കുന്ന മുടിയിഴ പോലെ ഏതോ വള്ളിച്ചെടിയുടെ വെളുത്ത വേരുകൾ മാത്രം ജലത്തിലേക്കെത്തിപ്പിടിക്കാനായുന്നു. ഇരുളിന്റെ ആഴങ്ങളിലേക്ക് നിലാവ് വലനെയ്തു തുടങ്ങിയപ്പോൾ നിഴലുകൾ ഭയത്തിന്റെ ചിത്രങ്ങൾ വരച്ചു തുടങ്ങി. തൊട്ടു മുന്നിൽ ഒരിഞ്ചുപോലും മുന്നോട്ട് പോകാനാകാത്ത വിധം രണ്ടു കാലടികളുടെ നിഴലുകളാടിനിൽക്കുന്നു. കണ്ണു

കളുയർത്തി നോക്കാൻ പോലുമാവാത്ത വിധമുള്ള എന്റെ തളർച്ചയിലേക്ക് ഒരാളൂർന്നിറങ്ങി. അയാളുടെ ചാട്ടത്തിന്റെ അതേ നിമിഷത്തിൽ മരക്കമ്പുകളും എന്റെ ഉടലും ആടിയുലഞ്ഞു.തൊപ്പിയുടെ ഇരുളിൽ നിന്നും മുഖത്തെ വേർപെടുത്തിയ നിമിഷം അയാൾ എന്റെ ചുമലിൽ സ്പർശിച്ചു.

' ഞാൻ വെളുമ്പൻ '

അയാൾ പരിചയപ്പെടുത്തി.

' ന്റെ അപ്പൻ പട്ടാളത്തീലാരുന്നൂന്ന് പറയാം.പഴേ നായിപ്പട്ടാളം.നായിപ്പട്ടാളം ന്ന് പറഞ്ഞാ ഒരു വെലേം ഇല്ലാത്ത പട്ടാളം .അന്ന് സായിപ്പന്മാരിങ്ങനെ റോന്തുചുറ്റാൻ വരും നാടു തോറും.അവരുടെ വലിയ ആന വണ്ടികളങ്ങനെ ഉൾഗ്രാമത്തിന്റെ നെഞ്ചിനെ വേവിച്ച് ഇരമ്പി വരും. ചുരുട്ടിന്റെ പുകമണം യുവത്വത്തെ അതിനടുത്തേക്ക് വലിച്ചടുപ്പിക്കും. അവരുടെ അരികിലേക്ക് കാന്തികതയോടെ വലിച്ചടുപ്പിക്കപ്പെടുന്ന കൂട്ടങ്ങളിൽ നിന്ന് ഉള്ളിൽ ചോര തിളച്ചു മറിയുന്ന യൗവനങ്ങളെയങ്ങു റാഞ്ചും. അവരുടെ പട്ടാളത്തിലേക്കുള്ള തെരഞ്ഞെടുപ്പ്. പോവാതിരുന്നാപ്പിന്നെ ഗുഹാ ജീവികളെപ്പോലെ വെളിച്ചം കാണാതെ മനുഷ്യവാസമില്ലാത്ത തടവറയിൽ ,വരുന്ന ഏതെങ്കിലും നൂറ്റാണ്ടുകളിലേക്കുള്ള ഇന്ധനങ്ങളായി മണ്ണിലടിഞ്ഞു കിടക്കും .. ജാതിയിലിത്തിരി ഉയർന്നവരൊക്കെ കുടകു മലകളിലേക്കും മദിരാശിയിലേക്കും പിടികൊടുക്കാതെ ഒളിച്ചു കടക്കും. പിറന്നനാട്ടിലും അകറ്റി നിർത്തപ്പെട്ടവന് എവിടെ ഒളിയിടം.! വണ്ടീല് കാലികളെപ്പോലെ അടുക്കി നിറച്ച് അതിർത്തികളിലേക്ക് കൊണ്ട് തള്ളും. ഇത്തിരിയോളം കിട്ടിയ പരിശീലനത്തിന്റെ ധൈര്യത്തിൽ കൈയിൽ തോക്കുകൾ ശബ്ദിച്ചു തുടങ്ങും.. വയ്യാതാവുമ്പോ, മാറാരോഗം വരുമ്പോ അങ്ങ് പറഞ്ഞു വിടും. ങാ.. ഇരകളെന്നും ഇരകൾ തന്നെ. പിറവി തൊട്ട് മണ്ണടിയുവോളം.. പ്രതികരിക്കില്ലാന്ന് ഉറപ്പായാ... എന്തിനേം .. കൈവെള്ളയിലിട്ട് ഞെരിച്ചു തുടങ്ങും. കാൽക്കീഴിലിട്ട് ചവുട്ടിത്താഴ്ത്തും.അതാ ഒരു രീതി;എക്കാലത്തെയും.'

അപരിചിതത്ത്വത്തിന്റെയും ഭയത്തിന്റെയും വല ചിതറിത്തുടങ്ങിയെങ്കിലും വാക്കുകൾ എന്നിൽ നിന്ന് അകന്നുതന്നെനിന്നു അപ്പോഴും. നൂറ്റാണ്ടുകൾക്കപ്പുറത്തെ വെളുമ്പന്റെ തലമുറയുടെ നിശബ്ദത എന്നെ വന്നുമൂടിയതുപോലെ തോന്നി.

' ഓർമ്മയിലെ , അപ്പന്റെ വാക്കുകളാ ഇതൊക്കെ.അങ്ങനെ അപ്പനീന്ന് കിട്ടിയ ആകെയുള്ള പാരമ്പര്യ സ്വത്താ ഈ കറുത്ത ഇരട്ടക്കുഴൽ തോക്ക് .. എത്ര എതിരിട്ടിട്ടും ഇപ്പോഴും അതിന്റെ കരുത്തൊട്ടും പോയിട്ടില്ല.'

വെളുമ്പന്റെ പരുക്കൻ സ്പർശനത്തിലേക്ക് എന്റെ ഓർമ്മ തിരിച്ചെത്തി.

'എനിക്കു നിങ്ങളെ അറിയാം.അജയ് നോയൽ എന്നോ മറ്റോ അല്ലേ പേര്.'

ഇരുട്ടും വെളിച്ചവും ഇടകലരുന്ന ആ വനഭൂമിയിൽ മുൻ മാതൃകകളില്ലാത്ത വിധത്തിൽ ഞങ്ങൾ പരിചയപ്പെട്ടു. അപ്പോഴത്തെ ഞങ്ങളുടെ നിൽപ് പുനലൂർ ബാലന്റെ ബ്ലാക്ക് ആൻറ് വൈറ്റ് ചിത്രത്തിലേതുപോലെ അപൂർവതകളിലപൂർവ്വത പകരുന്ന ഒന്നായി.വെളുമ്പന്റെ കൈയിലെ തോക്ക് മണ്ണിൽ ഒരു നായാട്ടു പട്ടിയുടെ നിഴൽച്ചിത്രം വരച്ചു. കാട്ടുപന്നി കുത്തിമലർത്തിയ കപ്പക്കിഴങ്ങിന്റെയും ചേനക്കൃഷിയുടെയും വീണ്ടെടുപ്പ് മാത്രമല്ല, അതിന്റെ പേരിലുള്ള പന്നിവേട്ടയും ലക്ഷ്യമാക്കിയുള്ള ഇരിപ്പായിരുന്നു വെളുമ്പന്റേത്. കൃതാവും മീശയും ,വിട്ടുപിരിയാത്ത സൗഹൃദം തീർത്ത മുഖത്തു നിന്നും മാറിലേക്കിറങ്ങി നിൽക്കുന്ന നിലാവു പൂത്ത താടിരോമങ്ങളിൽ ,വായ്ക്കകത്തു നിന്നും മുറുക്കിച്ചുവപ്പിച്ചതിന്റെ തുപ്പലൊഴുക്കുകൾ ഡിസൈൻ ഒരുക്കിയിരിക്കുന്ന അവ്യക്തമായ കാഴ്ച എന്നിലോക്കാനമുണ്ടാക്കി.

വെളുമ്പൻ ആ കുന്നിൻ മുകളിലൊരിടത്തുള്ള തന്റെ വീട്ടിലേക്ക് ക്ഷണിച്ചത് ആ അർധരാത്രിയിലും നിരസിക്കാനായില്ല. ചിമ്മിനി വെട്ടത്തിന്റെ തിരിനാളത്തെ ഉയർത്തിയപ്പോൾ മൺകട്ട കൊണ്ടുണ്ടാക്കിയ ആ ഒറ്റമുറി വീട് ആളനക്കമില്ലാതെ ഭയപ്പെടുത്തുന്നതായി തോന്നിച്ചു .

' എനിക്കീ സാറേന്നുള്ള വിളിയൊന്നും നാക്കിനു വഴങ്ങത്തില്ല.ഞാൻ നോയ ലേന്ന് വിളിക്കാം. എന്റെ കൊച്ചുമോന്റെ പ്രായമേ ഉള്ളൂ നോയലിന്.

അപ്പോ നോയലേ.. നിങ്ങളീ പുരാവസ്തു ക്കാരുടെ അന്വേഷണത്തിന്റെ വഴിയിലൊന്നും പെടാത്ത നിരവധിയായ കഥകളുടെ അമ്പരപ്പിക്കുന്ന ലോകമാണ് ഓരോ ഗ്രാമവും കാത്തു വെച്ചിരിക്കുന്നത്. ഒരു പക്ഷേ, എന്റെ കൂടി വംശത്തോടെ മൃതിയിലായേക്കാവുന്ന അനുഭവ ലോകം.'

'എല്ലാം വെറും കെട്ടുകഥകളല്ലേ. അതിനു മുകളിലല്ലേ നിങ്ങൾ കാലങ്ങളായി അടയിരിക്കുന്നത്!'

വെളുമ്പൻ കറുപ്പും ചുവപ്പും കലർന്ന

വികൃതമായ ഒരു ചിരി ചിരിച്ചു.

' കെട്ടുകഥ! നഗരജീവിതത്തിൽ നിന്ന് ഗ്രാമജീവിത്തിലേക്ക് ആഘോഷിക്കാനെത്തുന്നവർക്ക് ഞങ്ങളുടേത് കെട്ടുകഥകൾ മാത്രമാവുന്നതിലത്ഭുതമില്ല. പക്ഷേ ഈ കഥകളുടെ നട്ടെല്ലിന്റെ ബലത്തിലാണ് ഞങ്ങളുടെ ജീവിതത്തെ പടുത്തുയർത്തുന്നത്. നോയലിനറിയോ..... മണ്ണിനെയും മനുഷ്യനെയും ജീവജാലങ്ങളെയും പുഴയെയും തോടിനെയും മരങ്ങളെയുമെല്ലാം ആർത്തിപൂണ്ട മനുഷ്യരിൽ നിന്നും മറച്ചുവെച്ചത് ഭക്തിയുടെയും ഭയത്തിന്റെയും കഥകൾ രൂപപ്പെടുത്തിയിട്ടായിരുന്നു. പെൺകുഞ്ഞുങ്ങളുടെ ഉടലുകൾ വിഭവസമൃദ്ധമാകുമ്പോ നമ്മളിങ്ങനെ പല രീതിയിൽ ആർത്തിപൂണ്ട കണ്ണുകളിൽ നിന്ന് മറച്ചുവെക്കാറില്ലേ.. അതുപോലെ.'

നോയലിപ്പോ മണ്ണിനോടു ചേർന്നൊഴുകുന്ന വെള്ളത്തിലേക്കിറങ്ങി മുഖം കഴുകിക്കയറിയില്ലേ. അവിടം നീരൊഴുക്കിന്റെ ഒടുങ്ങാത്ത ഉറവയുണ്ടായിരുന്നു. ആ ഉറവക്കണ്ണുകളെ നിലനിർത്താൻ എനിക്കു മുമ്പുള്ള തലമുറ പടച്ച ഒരു കഥയുണ്ട്. അറിയാമോ?'

' ഇത്തിരിപ്പോന്ന ഈ സ്ഥലത്തിനു മാത്രമൊരു പേരുണ്ട്. എച്ചിക്കുണ്ട്.ആ കുഴിയിൽ ഒരു യക്ഷി നീണ്ടിടതൂർന്ന മുടിയഴിച്ചിട്ട് ഒലുമ്പിക്കുളിക്കുന്നത് കണ്ടിട്ടുണ്ടത്രേ എന്റെ അപ്പാപ്പനൊക്കെ.അങ്ങനെ പുറത്തേക്ക് നീര് തെള്ളിത്തെള്ളി വരുന്ന ആ കുഴിക്ക് അവർ ഭയം കൊണ്ടൊരാവരണമുണ്ടാക്കി.'

ദേശകഥകളുടെ ഭാണ്ഡങ്ങളിൽ താൻ കൊണ്ടു നടക്കുന്ന അനന്തമായ കഥകളെക്കുറിച്ച് വെളുമ്പനറിയില്ലല്ലോ. ഓരോ ദേശത്തിന്റെയും കഥകൾക്കു മുകളിലടയിരുന്ന് അവയെ പലതായി വിരിച്ച് ദേശാതിർത്തിക്കകത്ത് ചികഞ്ഞും പറന്നും നടക്കാനനുവദിച്ച് ആഹ്ലാദിക്കുന്ന നിരവധി മനുഷ്യരുടെ പ്രതിനിധി മാത്രമാണ് വെളുമ്പൻ എന്നെനിക്ക് നോക്കി നോക്കിയിരിക്കെ തോന്നിപ്പോയി.എന്നിലേക്ക് ഭയത്തിന്റെ നീരുറവയെ തുറന്നു വിടാനുള്ള വെളുമ്പന്റെ ശ്രമത്തെ ഞാൻ പ്രതിരോധിക്കാൻ മെനക്കെട്ടില്ല.

ഭയം ഒരു വികാരം മാത്രമല്ല, സംരക്ഷണ കവചം കൂടിയാണ്. എനിക്കറിയാം ,നാളേക്ക് നീക്കിവെക്കപ്പെടേണ്ടതിലേക്കുള്ള ജാഗ്രത കൂടിയുണ്ടതിൽ. പഴയ മനുഷ്യർക്ക് ഒരായുഷ്ക്കാലം എന്നത് തന്റെ ജീവിതകാലം മാത്രമായിരുന്നില്ല. പിറക്കാനിരിക്കുന്ന അനന്തമായ തലമുറകളുടേതുമായിരുന്നു. കൈമാറ്റം ചെയ്യപ്പെടുന്നത് അളന്നു തിരിച്ച് അതിരിട്ട മണ്ണുമാത്രമായിരുന്നില്ലല്ലോ.

ചുമരിൽ തൂക്കിയിട്ട തോക്കിൻകുഴൽ സമയബോധത്തെ ഉണർത്തുന്ന പെൻഡുലം പോലെ ആടുന്നത് നോക്കിയിരിക്കെ സ്ഫടിക സമാനമായ നാടൻ വാറ്റുചാരായവുമായി വെളുമ്പൻ മുറ്റത്തിറങ്ങി.കവുങ്ങിൻ വാരിചേർത്തുവെച്ചുണ്ടാക്കിയ നിരയൊക്കാത്ത മേശയ്ക്കുമേൽ മൂടിതുറക്കാത്ത ചാരായക്കുപ്പി കിടത്തിവെച്ചു.രണ്ടാമത്തെ വരവിൽ രണ്ടു ഗ്ലാസുകളും ഒരു പ്ലേറ്റിൽ കുരുമുളകിൽ വരട്ടിയെടുത്ത കാട്ടുപന്നിയുടെ ഇറച്ചിയും കരുതിയിട്ടുണ്ടായിരുന്നു.

'ഇതിനങ്ങനെ നേരും കാലൂ മൊന്നുമില്ല നോയലേ.. പേടിക്കണ്ട. ഇത് ഞാൻ തന്നെ വാറ്റീതാ ... സ്വാശ്രയത്വം. വേറാരോടും പറയണ്ടാട്ടോ... 'വെളുമ്പൻ ഉച്ചത്തിൽ വികൃതമായി ചിരിച്ചു.

താഴേക്ക് ഒഴുകിയിറങ്ങിപ്പോയ വഴികളിൽ തീ പടർന്നു.പിന്നെ അതിൽ ആടിയുലഞ്ഞു. കണ്മഷിയെഴുതാനാവും വിധം തൊട്ടാൽ പറ്റുന്ന കറുകറുത്ത ആ മനുഷ്യനിലേക്ക് സൂക്ഷിച്ചു നോക്കി.. പിന്നെ നിർത്താതെ ചിരിച്ചു..

'വെളുമ്പൻ.!.. ഹ ....! വെളുമ്പൻ ! തനിക്കാരാ ഈ പേരിട്ടത്!'

ചിരപരിചയത്തിന്റെ ലഹരിയിൽ വെളുമ്പൻ ഉരുക്കു മനുഷ്യനായി .

'ഇതൊക്കെ ഒരു മധുര പ്രതികാരമല്ലേ നോയലേ.. പേരു കൊണ്ടൊരു പ്രതികാരം. പിന്നെ......നോക്ക്; ഈ വെളുത്ത വാറ്റുചാരായം കഴിച്ചാലും നമ്മെപ്പോലുള്ളവരുടെ മനസ്സങ്ങനെ വെളുത്തുതന്നെ കിടക്കും .. ഇച്ചിരിയോളം അകത്തു ചെന്നപ്പോ ഞാനാരായി നോയലേ നിനക്ക്! താൻ.. .. അപ്പന്റെ അപ്പന്റെ പ്രായമുള്ളതല്ലേന്നുള്ള നിന്റെ ഓർമ്മകൾക്കൊക്കെ തീട്ടക്കുണ്ടിന്റെ നിറമായില്ലേ.. അതിന്റെ നാറ്റവും '

ഒന്നും പറയാനാവാത്ത കുഴഞ്ഞനാവോടെ തിരിച്ചു പോകാനിറങ്ങിയപ്പോൾ ഉടൽ പ്രതിഷേധിക്കുന്നത് കാര്യമാക്കിയില്ല. പ്രതിഷേധത്തിന്റെ ശക്തി കൂടിയപ്പോൾ മണ്ണിനെ ഉടലിനോടു ചേർത്തു നിർത്തി .പിന്നെ നിർത്താതെ ഉമ്മവെച്ചു കൊണ്ടിരുന്നു.

●



# ഇര



ദിവ്യ എച്ച്.

ചിലന്തി, വല നെയ്യുകയായിരുന്നു
അഴിയാകുരുക്കുകൾ തീർക്കാൻ
പുതിയസങ്കീർണതകൾ
പരീക്ഷിച്ചു കൊണ്ട്
ചിലന്തി വല നെയ്യുകയായിരുന്നു !

'ഇര'യെന്നൊരുവൾക്കായ്
നനുത്ത ഇഴകെട്ടു കൾക്കുള്ളിലേക്ക്
കൂർത്ത കാലുകളെട്ടും
ഒതുക്കി തക്കം
പാർത്തിരിക്കണം !

മടുപ്പിൻ ചവർപ്പിനെ വിട്ട് രുചിഭേദങ്ങൾക്കായ്
ഉഴറുന്ന നാവിനെ
ശാസിച്ചടക്കി തിരുകെയിരുത്തണം

ഇരുൾ പരക്കും
നേരത്തൊരീയാംപാറ്റയായ്
അരുതുകളുടെ അതിർ
വരമ്പുകൾ കടന്ന്
അവൾ വരുമ്പോൾ
കരുതലിൻ ഊഷ്മളതയേകും
വെൺതൂവലുകളായ്
വലക്കണ്ണികൾ മാറണം

പെരും കടലിൻ
അലകളിളകും ശ്വാസത്തെ
മുറുകെ കെട്ടി നിഷ്കളങ്കതയുടെ
ശുഭ്രതയിലേക്ക്
പരകായപ്രവേശം നടത്തണം

മധുരം പുരട്ടി തൊടുക്കുന്ന
വാക്കുകളിൽ അവൾ
ഇടറിവീഴുന്നത്
കണ്ടാനന്ദിക്കണം

പതിയെ, വളരെ പതിയെ ഉടലാഴങ്ങൾ
നുണഞ്ഞിറക്കി
മദിച്ചാർക്കണം.....!

എതിർത്തുനിൽപ്പുകളും
ആർത്തനാദങ്ങളുമില്ലാ
തെന്തു കീഴ്പ്പെടുത്തലുകൾ !

നിയമസംഹിതകൾ
വരച്ചിട്ട ഇരുൾതുരുത്തു
കൾക്ക് നന്ദി പറഞ്ഞ്
തണുത്തുറഞ്ഞ നിത്യതയിലേക്ക്

അവളെ തള്ളിവിടുമ്പോൾ
ചരിത്രകാലം മുതൽ
ആവർത്തിക്കുന്ന ആ
വിജയസ്മിതം ചുണ്ടിൽ
അണിയണം !

ചോരപുരണ്ടചുവന്നിഴകളെ വേർതിരിച്ച്
മറവിയെന്ന ചവറ്റുകുട്ടയിലേക്ക്
വലിച്ചെറിയുമ്പോൾ
കുറ്റബോധക്കറ
പുരളാതെ നോക്കണം

ചിലന്തി വീണ്ടും വല
നെയ്യുകയാണ് !
മറ്റൊരുവൾക്കായ്
പുതിയ ഇഴകളൊരുക്കി
ചിലന്തി വീണ്ടും വല
നെയ്യുകയാണ്..... !



# ഇടൽ



അനിത ശ്രീജിത്ത്

'നീ നിനക്കു വേണ്ടിയാണോ അതോ അച്ഛനുമമ്മ ക്കും വേണ്ടിയാണോ വിവാഹം കഴിക്കുന്നത് അവിനാശ് ?'

'ആൻറിയെന്താപ്പം ഇങ്ങനെ ചോദിക്കാൻ!?'

'ചോദിക്കുന്നത് നിങ്ങൾക്കു വേണ്ടിയാണ് അവിനാശ്, ഇത് പൂർണ്ണമായും നിങ്ങളുടെ ജീവിതമായിരിക്കുമോ അതോ പാതി നിങ്ങളുടേതിനു പകരം മറ്റു വ്യക്തികളുടേതു കൂടിയാണോ എന്നറിയേണ്ടത് എനിക്കത്യാവശ്യമാണ്. അത് നിന്റെ മാതാപിതാക്കൾ ആണെങ്കിൽ പോലും '

' ആന്റീ എന്റെ ഇഷ്ടമാണ് അവരുടെയും. പക്ഷേ ഞാനവരുടെ സന്തോഷത്തിനും വലിയ പ്രാധാന്യം കല്പിക്കുന്നുണ്ട് '

' നല്ലത്. എനിക്കറിയേണ്ടുന്ന ഒരു കാര്യം വിവാഹം കഴിഞ്ഞ് എന്റെ മകൾ ജീവിക്കേണ്ടുന്നത് നീയെന്ന വ്യക്തിക്കൊപ്പം നിങ്ങളുടെ സന്തോഷങ്ങൾക്കൊപ്പം ആകണമെന്നാണ്. അതായത് നാളുകൾ കഴിയുമ്പോഴേക്കും നൂറു പേരുടെ താത്പര്യങ്ങൾക്കൊത്തവൾ ആടേണ്ടി വരരുത്. ഉത്സവത്തിനും പൊങ്കാലക്കും അതിനും ഇതിനും എല്ലാമെല്ലാം ഇത് ബാധകമാണ്. അവളെ അവളായി കാണുവാൻ കഴിയണം. അവൾക്കുള്ള വിഷമങ്ങൾ അവളുടെ ധർമ്മസങ്കടങ്ങൾ എന്നിവയിൽ നീയാണവളെ ചേർത്തു നിർത്തി അതകറ്റേണ്ടത്. അച്ഛന്റെയും അമ്മയുടേയും സന്തോഷങ്ങൾക്കായി ബലിയാടാക്കാനായി എന്റെ കുട്ടിയെ ഞാൻ വിട്ടുതരില്ല '

അവിനാശ് അതിശയത്തോടെ വാസുകിയെ നോക്കി പിന്നെ തിരിഞ്ഞ് കനികയെയും. രണ്ടുപേരുടെയും മുഖം ഒരച്ചിലിട്ടുവാർത്തതു പോലെ ഒരേ ഭാവത്തോടെ എന്നാൽ അതേത് ഭാവമെന്നവനു തിരിച്ചറിയാൻ കഴിയാത്ത വണ്ണം ലാഘവത്തോടെ ഇരുന്നു.

'എനിക്ക് സ്വയം തീരുമാനങ്ങളുണ്ട്. അച്ഛനുമമ്മക്കുമുണ്ട്. അവരെന്റെ ഇഷ്ടങ്ങളെ മാനിക്കുന്നു ഞാൻ തിരിച്ചും .പക്ഷേ അവരൊരിക്കലും എനിക്ക് മോശം വരുന്നതൊന്നും ആവശ്യപ്പെടില്ല ആൻറീ'

ഒരു പൊട്ടിച്ചിരിയായിരുന്നു വാസുകിയുടെ മറുപടി.

പപ്പായി റസ്റ്റോറന്റിനപ്പുറമൊരു വാകമരം നിന്നതിൽ നിന്നും ഒരു പൊൻമ താഴെ കുളത്തിലേക്ക് ചാട്ടുളി പോലെ പോകുന്നത് ക

നിക

നോക്കിയിരുന്നു. തിരികെ അതേ സ്ഥാന ത്തുവന്നിരുന്ന അതിന്റെ ചുണ്ടിലൊരു തവള പാതി വായിലും പുറത്തുമായി അമർന്നിരുന്നു ..

പരിപ്പുവടയുടെ ചെറുകഷണമൊന്ന് വാ യിലിട്ട് അതിന്റെ കരു കരുപ്പിൽ ലയിച്ചിട്ടെ ന്നവണ്ണം വാസുകി തലയാട്ടി. കണ്ണടച്ചൽപ്പ നേരമിരുന്നു.

കനികയും അവിനാശും പരസ്പരം നോ ക്കി പിന്നെ വാസുകിയെയും .

' അവിനാശിന് ബാലിയെ അറിയാമല്ലോ അല്ലേ? '

'ഉവ്വാൻറീ കനിയുടെ അച്ഛനല്ലേ ,ഞങ്ങൾ മീറ്റു ചെയ്തിരുന്നു, വല ശെ മ ിശരല ഴൗ്യ !'

' ഉം.. '

' അങ്കിളിനെന്തിഷ്ടമാണാൻറിയെ ! എന്നോ ട് പറഞ്ഞ ഒരു വാക്കുമതി അതിന്റെയാഴം അ റിയാൻ!'

' കനികയ്ക്ക് ഡിസ്ലെക്സിയ ആണെന്ന റിയാമല്ലോ അവൾ പറഞ്ഞിരുന്നില്ലേ ആദ്യം തന്നെ.'

അവൻ പറയുന്നതിനെ ശ്രദ്ധിക്കാത്തവണ്ണം തിരച്ച് ചോദ്യമായിരുന്നു.

'ഉവ്വ് അറിയാം, അതൊന്നുമൊരു പ്രശ്ന മല്ല. ഭ്രാന്തൊന്നുമല്ലല്ലോ!'

വാസുകി തലയുയർത്തി അയാളെ സൂക്ഷി ച്ചു നോക്കി.

ഒരു നിമിഷത്തേക്ക് അവിനാശൊന്നു പ തറി.

പൂവാകയിലെ പൊൻമ തവളയെ വിഴുങ്ങി യ ശേഷം ഇറങ്ങാത്തതുപോലെ തല ഉയർ ത്തുകയും താഴ്ത്തുകയും ചെയ്തുകൊണ്ടേ യിരുന്നു.

'വിവാഹമോചനം ഒരു പാപമൊന്നുമല്ല കു ട്ടീ, പിന്നെ സ്വയം സ്നേഹിക്കുന്നതുപോലെ, അച്ഛനുമമ്മയേം സ്നേഹിക്കുന്നതുപോലെ ഭാ ര്യയെയും സ്നേഹിക്കാനറിയണം.ഓരോരു ത്തർക്കുമുള്ള സ്ഥാനം അപരനു വേണ്ടി മാ റ്റി വയ്ക്കരുത് എന്നു മാത്രമൊരപേക്ഷ .എ നിക്കു സംഭവിച്ചതെന്റെ മകൾക്ക് സംഭവിക്ക രുതെന്ന മുൻ വിധി എന്നും വേണമെങ്കിൽ കൂട്ടി വായിക്കാം.'

'ഉം.' സത്യത്തിൽ അവിനാശിനൊന്നും മ നസ്സിലായില്ല.

'എന്റെ മകൾക്ക് ജെനിറ്റിക്കലി വന്ന തക രാറല്ല ഈ അവസ്ഥ. അവൾ എന്റെ ഉദരത്തി ലിരുന്നനുഭവിച്ച എന്റെ വ്യഥയാണത്. ബാലി യോട് ഞാൻ എന്റെ വീടിന്റെ അവസ്ഥകൾ ഓരോന്നായി എണ്ണിപ്പറഞ്ഞിരുന്നു വിവാഹ ത്തിനു മുൻപ്. എന്നാൽ വിവാഹശേഷം അ വരുടെ സന്തോഷത്തിനായി ഞാൻ പറഞ്ഞ ഓരോ കാര്യങ്ങളെയും സൗകര്യപൂർവ്വം എ ടുത്ത് കാറ്റിൽ പറത്തി അയാൾ .സ്വന്തം അ ച്ഛന്റെ സന്തോഷം, അമ്മയുടെ വിഷാദം, സ്വ ന്തം നാട്ടിലെ ഉത്സവം, കുടുംബത്തിലെ വി വാഹം എന്നിങ്ങനെ അയാളുടെ മാത്രം നിമി ഷങ്ങൾ കൊണ്ട് എന്നെ കുത്തിനിറച്ചു.എന്റെ വീട്ടിൽ നിന്നും നാട്ടിൽ നിന്നും മനസ്സിൽ നി ന്നും എല്ലാമെല്ലാം ഞാൻ പറിച്ചെറിയപ്പെട്ടു കൊണ്ടിരുന്നു. വിഷാദം ഒട്ടൊക്കെ ഞാൻ ഉ ള്ളിലൊതുക്കി. പക്ഷേ മകൾക്ക് ഈ അവ സ്ഥ ബാധിച്ച വിധം മനസ്സിലാക്കിയ അന്ന് ഞാൻ എന്റെ ഒതുക്കിപ്പിടുത്തങ്ങളെ തകർ ത്തെറിഞ്ഞ് പുറത്തു കടന്നു. സന്തോഷങ്ങൾ നമുക്കും കൂടി അവകാശപ്പെട്ടതാണെന്ന് മോ ളോടു ഞാൻ പറയാതെ പറഞ്ഞു വളർത്തി.അ തിനായി ചട്ടക്കൂടു കെട്ടിയതിൽ നിന്നും ഞാ നാ ചട്ടങ്ങളെ കാറ്റിൽ പറത്തി. തിരികെ എ ന്റെ സ്വത്വത്തിലേക്ക് ഇറങ്ങിപ്പോന്നു. അതൊ രു തെറ്റായിരുന്നില്ല. തനിയെ ആയത് ഒരു ശ രിയുമായിരുന്നില്ല. അമ്മയെന്നതും അച്ഛനെ ന്നതും കുഞ്ഞിന് തീർത്തും രണ്ടു തന്നെയാ ണ്. അവൾക്ക് നഷ്ടമായ ആ രണ്ടു പേരുടെ ഒരുമ എനിക്കൊരിക്കലും തിരിച്ചു കൊടുക്കാ നായിട്ടില്ല. പക്ഷേ വീർപ്പുമുട്ടാത്തൊരു അമ്മ യെ മാത്രം അവൾക്ക് സ്വന്തമായി കിട്ടി.'

'ബാലി അങ്കിളിന് ആന്റിയെ ഇപ്പഴും ഇ ഷ്ടമാണല്ലോ!'

"എനിക്കും അവിനാശ്.. ബാലി എന്റെ ജീ വിതം തന്നെയാണ്.'

'എനിക്കു മനസ്സിലാകുന്നില്ല!?'

'മനസ്സിലാക്കാനൊന്നുമില്ല, ഞാൻ വെറു ത്തത് എനിക്കു വേണ്ടാത്ത ആകാശങ്ങളെ മാ ത്രമാണ്. സ്വാർത്ഥത മാത്രം പേറുന്ന മേഘ ങ്ങളെ, അതിൽ നിന്നുള്ള ഇടിമുഴക്കങ്ങളെ, അതു പെയ്യുന്ന പേമാരിയെ ,അതുയർത്തിയ പ്രളയത്തിൽപ്പെട്ട് കുത്തിയൊലിച്ചു പോയ ഒ രു സാധാരണക്കാരി പെൺകുട്ടിയുടെ വിഫ ല മോഹങ്ങളെ, സ്വകാര്യ സന്തോഷങ്ങളെ .. എനിക്ക് ബാലിയില്ലാത്ത ലോകമില്ല അവിനാ ശ്, അയാൾ മാത്രമണെന്റെ പുരുഷൻ, കനി യുടെ അച്ഛ'

' അച്ഛനമ്മമാരെ വെറുതെ നോക്കിപ്പരിപാ ലിക്കൽ മാത്രമല്ല മക്കളുടെ ധർമ്മം. അവർ ക്ക് തണലാകൽ മാത്രമാണ്. തളരുമ്പോൾ നി ങ്ങൾ തണലാകണം. പക്ഷേ നിങ്ങളുടെ ജീ വിതത്തിന്റെ സുഗന്ധം നിങ്ങളിൽത്തന്നെ നി ലനിർത്തിക്കൊണ്ടാകണം അത് .അല്ലാത്തപ

ക്ഷം പരാഗണം നടക്കാതെ കൊഴിഞ്ഞു പോകുന്ന പൂക്കൾ പോലെ ആയുസ്സറ്റുപോകും അത് .ഭാര്യക്കുള്ളത് ഭാര്യക്കും മാതാപിതാക്കൾക്കുള്ളത് അവർക്കും പങ്കുവയ്ക്കുക ,ചില ധർമ്മസങ്കടങ്ങളിൽ ഒരുവൾക്ക് തന്റെ വീട്ടുകാരുടെ ആധികൾ ഭർത്താവിനോടു മാത്രമായി പങ്കു വയ്ക്കേണ്ടി വരും .അപ്പോൾ അവൾക്കു കൈത്താങ്ങാകാതെ അതും അയാളുടെ മാതാപിതാക്കളോടു പങ്കുവച്ച് അവളെ എന്നേക്കുമായി ഒറ്റപ്പെടുത്തുകയും അവളുടെ വേദന അപഹാസ്യമാക്കപ്പെടുകയും ചെയ്യുന്നിടത്ത് പരസ്പര സ്നേഹവും വിശ്വാസവും എന്നേക്കുമായ് നഷ്ടപ്പെടുന്നുവെന്ന് തിരിച്ചറിയണം. നേരെ തിരിച്ചും.' വാസുകി കനികയെ നോക്കിക്കൊണ്ട് എഴുനേറ്റു. പിറകേ അവിനാശും കനികയും

കൗണ്ടറിൽ ബില്ലു പേചെയ്ത് അവർ പുറത്തേക്കിറങ്ങി. പുറത്ത് അന്തിവെയിലിന്റെ മഞ്ഞപ്പ്, പാഞ്ഞൊളിക്കാനായുന്ന വെയിൽ മേഘങ്ങൾ ആകാശത്ത് ചിതറിക്കിടന്നു.വാസുകി ഡോർ തുറന്നകത്തു കയറി കനികയെ നോക്കി ഉം.. എന്ന് തലയാട്ടി. ഡോറച്ചേ് കാറോടിച്ച് പോയി.

' അമ്മയൊരു ക്രൈമിഴല രവമൃമരല്യേ ആണല്ലേ?' അവിനാശ് കനിയെ നോക്കി

'അല്ല ,ടവല ശ`ല്യ ക്രൈമശഴവ! '

അവിനാശ് പതർച്ചയോടെ അവളെ നോക്കി.

'അല്ല ഞാൻ അങ്ങനല്ല ഉദ്ദേശിച്ചത്..'

'എങ്ങനല്ല ! അമ്മ പറയാനുള്ളത് ആരുടേം മുഖത്തു നോക്കി പറയും. ചിലരു പിണങ്ങും, പിണങ്ങിയാലും ചിലർ അമ്മയായിരുന്നു ശരിയെന്നു സമ്മതിച്ച് തിരികെ വരും പിന്നെ അവരുതമ്മിൽ ക്രൈീഴ ബന്ധങ്ങൾ കാണാം '

'ഉം ,എനിക്ക് അതിശയം തോന്നി. വെല ശ യീഹറ '

'്യൗ ,യീഹറ ലിീൗഴവ! എന്നെപ്പോലൊരു ഒച്ചിനെ അമ്മ തലയിലേന്തി ഓടിയാണ് ഞാൻ എല്ലായിടത്തും ഒന്നാമതായി നിൽക്കുന്നത്. എന്തിന് എന്റെ കലയിൽ പോലും അമ്മത്തിളക്കങ്ങളാണ് കൂടുതലെന്ന് കൂട്ടുകാർ പറയും. എന്റെ വരയിലെ ക്രൈീഴ വൗലെ അമ്മയുടെ സ്വാധീനമാണെന്നും.'

കനി നനുക്കെച്ചിരിച്ചു. നുണക്കുഴി കൂടി വന്നപ്പോൾ അവളുടെ മുഖത്തിന്റെ ഗൗരവഭാവം പാടെ മാഞ്ഞതിൽ കുട്ടിത്തം നിറയുന്നത് അവിനാശ് കണ്ടു.ചുണ്ടുകൾ കാണുമ്പോൾ എന്തിനോ അവന്റെ കൈ തരിച്ചു. അവളെ ഒന്നു തൊട്ടാലോ എന്നയാൾ ആലോചിച്ചു.

തിരിഞ്ഞു നിന്ന് അവിനാശ് അവളുടെ കൈയിൽ മെല്ലെ ഒന്നു പിടിച്ചു.അവൾ ചെറു ചിരിയോടെ അയാളുടെ തോളിലേക്ക് ചാഞ്ഞു നടന്നു. കൈ നീട്ടി അവിനാശിനെ ചുറ്റിപ്പിടിക്കാനും മറന്നില്ല. അതിൽ അല്പം പോലും വച്ചുകെട്ടലില്ലായിരുന്നു. അവിനാശിന് നിറയെ സന്തോഷം തോന്നി. അവർ ഒരു തികഞ്ഞ ജോഡിയാണെന്ന് അതുവഴി പോകാവുന്ന ഏത് വഴിപോക്കനു പോലും തോന്നിപ്പോകുമായിരിക്കും.

' നിന്നെ വന്നു കാണും മുമ്പെ അമേയ അമ്മയോട് പറയുന്ന കേട്ടു നീയും അമ്മയും ഒന്നിച്ചും അച്ഛൻ വേറെയാണ് താമസം എന്ന്, അമ്മ ഒന്നും പറയുന്നതു കേട്ടില്ല വെറുതെ മൂളി '

' വാസുകി ഇയാടമ്മയോട് പറഞ്ഞിരുന്നു കാണാൻ വരും മുമ്പ് '

' ഉവ്വോ ! വാസുകിയെന്നും അമ്മയെ വിളിക്കുമോ!?'

'ഓ ഹ ഹ ,സ്നേഹം മൂക്കുമ്പം എടീ പെണ്ണേ എന്നു വരെ ഞാൻ വിളിക്കും. അമ്മപ്പെണ്ണേ ന്ന്! കേൾക്കുന്നവർക്കെന്തു തോന്നിയാലും ഞങ്ങൾക്കതുത്സവം മാത്രമാണ്, സ്നേഹത്തിന്റെ കരുതലിന്റെ ഉത്സവം.ഓരോ അമ്മയിടങ്ങളിലും വാസുകി അത് തിരുകി വച്ചിട്ടുണ്ട് എനിക്കു മുറിയുമ്പോഴെല്ലാം വാരിപ്പൂശാൻ '

അതിശയത്തോടെ അവിനാശ് അവളെ നോക്കി.

അച്ഛന്റെ ഓരോ പിറന്നാളിനും അമ്മ എന്തെങ്കിലും വാങ്ങും. ഒന്നും അച്ഛനു നൽകില്ല. അരുമയോടെ സ്വന്തം കൈയിൽ വയ്ക്കും ,അതിനെ സ്നേഹത്തോടെ നോക്കും ,സൂക്ഷിക്കും.. എപ്പഴും കൈയ്യിൽക്കരുതും.. വഴിവക്കിൽ അതിനേറ്റവും ആവശ്യം തോന്നുന്നൊരാളെ കാണുമ്പോൾ അമ്മയത് അയാൾക്കു നല്കും. ചിലപ്പോൾ വളരെ വിലക്കൂടിയ വാച്ചായിരിക്കും ചിലപ്പോൾ വഴിയരികിൽ നിന്ന് ഇഷ്ടത്തോടെ വാങ്ങിയ ഒരു മഫ്ളർ അല്ലെങ്കിൽ അച്ഛക്കേറ്റം പ്രിയപ്പെട്ടൊരു ഓപ്പറ മുഖം മൂടി .സങ്കടത്തോടെയല്ല ഇതെല്ലാം ചെയ്യുന്നത്.വാസുകിയുടെ ഓരോ പ്രവർത്തിയും ഞങ്ങൾ മൂവരും ഒരുമിച്ചുണ്ടായിരുന്നതു പോലെ തന്നെയാണ് അവിനാശ് .എനിക്ക് അച്ഛ കൂടെഇല്ല എന്ന് തോന്നാറില്ല എന്നതാണ് സത്യം ! കാണേണ്ട ആവശ്യമുണ്ടെന്നറിയിച്ചാൽ ആ മൊമന്റ് അച്ഛഎത്തും,അതും കൊണ്ട് കൂടിയാവാം. പക്ഷേ അമ്മ ഒന്നും ഏച്ചുകെട്ടി ചെയ്യാറില്ല. അനാവശ്യ സെൻറിമെൻസോ കരച്ചിലോ ഞാൻ കണ്ടിട്ടില്ല. അതുപോലെ ത

ന്നെ അനാവശ്യ ഈഗോയോ ഇല്ല. അച്ഛയേയോ ആ കുടുംബത്തെയോ തരംതാഴ്ത്താറില്ല ,ബഹുമാനമുള്ളിടത്തേ സ്നേഹമുള്ളൂ എന്നാണ് വാസുകിയുടെ വയ്പ്!'

കനിക ഊറിച്ചിരിച്ചു.

റസ്റ്ററൻറ് പപ്പായിക്കുമപ്പുറം ദൂരെ കടലു കാണുന്നിടത്തേക്ക് അവർ തീരുമാനിക്കാതെ തന്നെ നടന്നുകൊണ്ടിരുന്നു.അമ്മയെപ്പറ്റി കനി വാചാലയായപ്പോഴൊക്കെ അവിനാശ് അച്ഛനെപ്പറ്റി കൂടുതലറിയാൻ ആഗ്രഹിച്ചു.അച്ഛനുണ്ടായിട്ടും അവൾക്കാ സാമീപ്യമില്ലാത്തപ്പോൾ ജനിക്കും മുൻപേ മരിച്ചു പോയ ഒരച്ഛനെക്കുറിച്ച് എങ്ങനെയായിരിക്കും അച്ഛന്റെ സാമീപ്യമെന്നറിയാൻ എന്നവണ്ണം ഉത്കടമായി അവൻ ആഗ്രഹിച്ചിരുന്നു. രണ്ടാനച്ഛൻ എന്ന് കേട്ടു വളർന്നതുകൊണ്ടാവും ഡാഡി അവനെ അരുമയായിട്ടു വളർത്തിയിട്ടും അവന ന്യതാബോധം വിട്ടുമാറാത്തത്. അമേയ പക്ഷേ അവന്റെ ചങ്കാണ് അവളില്ലാതെ അവന് ആലോചിക്കാൻ വയ്യ.. രണ്ടാനച്ഛനാണതെന്ന് അവൻ ഇനിയും കനികയോടു പറഞ്ഞിട്ടുമില്ല.പറയണം പറയണം എന്നായും , പറയാൻ വയ്യാത്തതെന്തോ ഒന്ന് തൊണ്ടയിൽ തടയിടും.

' വേർപിരിയലുകൾക്കെല്ലാം ഒരേ ഗന്ധമാണെന്ന് അമ്മ പറയും. ഒരേ നിറവും പക്ഷേ അതിലെ സന്തോഷങ്ങൾ മാത്രം അളന്നെടുക്കാമെന്നും! എനിക്കിനിയും അപ്പറഞ്ഞതു മാത്രം കത്തീട്ടില്ല. സന്തോഷങ്ങൾ.. സന്തോഷത്തോടെ പിരിയുന്നവരുമുണ്ടാകും അല്ലേ അവിനാശ് ! എന്നാലും അവർ ഒരിക്കലെങ്കിലും ഇഷ്ടപ്പെടാതിരുന്നിട്ടുണ്ടാകുമോ?'

നിലത്ത് മണലിലേക്ക് ബാഗിട്ട ശേഷം അവൾ കടൽത്തീരത്തിരുന്നു കഴിഞ്ഞു. അവൾക്കരുകിൽ അവൻ കടലിലേക്ക് തന്നെ നോക്കി നിന്നു. എന്തിനോ അസ്വസ്ഥപ്പെടുന്ന മനസ്സ്.. സന്തോഷമെല്ലാം പോയ പോലെ..

' കനി നമുക്ക് ഒരു സിനിമ കാണാം ന്താ?'

'ഓ യെസ് അത് കൊള്ളാം ,അതിനു മുൻപ് .. '

'ഉം ..?'

'നമുക്ക് വിവാഹം കഴിക്കേണ്ട അവിനാശ് ' അവളെഴുനേറ്റു

' ഠവമ? നീയെന്തു ഭ്രാന്തായിപ്പറയുന്നത് കനിക!??'

'ഓ ഒന്നുമില്ല അവിൻ, എനിക്കിപ്പോൾ തോന്നുകയാണ്.അറിഞ്ഞിടത്തോളം നമ്മളെല്ലാം ചില കള്ളങ്ങളാൽ ബന്ധിക്കപ്പെട്ടുകിടക്കുന്നവരല്ലേ, അപ്പോൾ ഇതൊന്നും ഒരു വിഷയമല്ല!'

'എന്താണുദ്ദേശിക്കുന്നത്?'

' പ്രത്യേകിച്ചൊന്നുമില്ല, അവിന്റെ രണ്ടാനച്ഛനെപ്പോലെ, എന്റെ അമ്മയുടെ സൈക്കിക് പ്രോബ്ലം പോലെ, അവനവന്റെ മനസ്സുമായി മാത്രം താദാത്മ്യം പ്രാപിച്ച ചിലത് .നമുക്കത് മറ്റൊരാളോട് പറയാൻ മനസ്സുണ്ടാകില്ല.'

'അല്ല കനി പ്ലീസ് ഞാൻ ഡാഡീ ടെ കാര്യം പറയാനാണ് ഇവിടെ വന്നതു തന്നെ, പിന്നെ ആൻറിക്ക് ട്രീറ്റ്മെൻറിലുള്ളതും ഞങ്ങൾക്കറിയാം. അത് ആന്റി ആദ്യം തന്നെ പറഞ്ഞിരുന്നു. നിനക്കറിയില്ലെന്നും പറഞ്ഞു '

'ഹ ഹ ! എത്ര നൈസായിട്ടാണ് നമ്മളെല്ലാം കള്ളങ്ങൾ മറയ്ക്കുന്നതല്ലേ!, നോക്കവിൻ എന്റെ മനസ്സ് ഇതിനോടൊന്നും ചേരുന്നില്ല, നിനക്കെന്നെ ഉപേക്ഷിക്കേണ്ടി വരും താമസിയാതെ '

പൊടുന്നനെ അവിനാശവളെ ചേർത്തണച്ച് ചുണ്ടിൽ ഗാഢമായി ഉമ്മ വച്ചു. അസ്തമയ സൂര്യന്റെ വെളിച്ചം അവന്റെ നിഴൽ ചിത്രങ്ങളാക്കി മാറ്റിയിരുന്നു. കനി അവനെ തടഞ്ഞതേയില്ല.

' കഴിഞ്ഞോ? അതൊരു കവർന്നെടുക്കലായിരുന്നു '

അവളുടെ പറച്ചിലിൽ അവനൊന്ന് ചമ്മി.

' അങ്ങനല്ല, എനിക്കു നിന്നെ പിരിയാനാവില്ല. നീ മണ്ടത്തരം പറയാതിരിക്കുക കനി '

'നോ അവിൻ, എനിക്ക് നിന്നെ പിരിയാനാകുമായിട്ടല്ല പക്ഷേ ഞാൻ മറ്റൊരു വാസുകിയാണ് എപ്പോൾ വേണമെങ്കിലും പൊട്ടിപ്പോകാവുന്ന ഒരു തന്ത്രി .നീയത് വായിക്കാൻ ശ്രമിക്കേണ്ട.'

'പൊട്ടട്ടെ പൊട്ടിപ്പെണ്ണേ ഞാനതിന്റെ ലഹരിയിൽ മരിച്ചോളാം'

'നിനക്ക് പ്രണയത്തിന്റെ ഉൻമാദമാണ് '

'ഉം.. അതെ അഡിക്റ്റാണ് '

'അതിനപ്പുറം ലൈഫുണ്ട്! '


'അതെ അതിൽ നമ്മളുണ്ട് ഇതുപോലെ തന്നെ '

അവൻ മടികൂടാതെ സ്വാതന്ത്ര്യത്തോടെ അവളെ വലിച്ചടുപ്പിച്ച് ആലിംഗനം ചെയ്തു.

കടൽക്കാക്കകൾ കാറിക്കരഞ്ഞുകൊണ്ട് അവരെക്കടന്ന് കൂടണയാൻ പാറിപ്പോയി

തിരശക്തിയിൽ അടിക്കാൻ തുടങ്ങിയിരുന്നു, സന്ധ്യയുടെ തണുത്ത കാറ്റ് കടലിരമ്പത്തോടൊപ്പമവരെ തൊട്ട് കടന്നു പോകാൻ തുടങ്ങി.

●



# തലമുറ



ഷീജ പള്ളത്ത്

അടയാളങ്ങളായി
ചുമരിലും ഉമ്മറത്തും
തൂക്കിയിട്ടുണ്ട്,
ചലനമറ്റതിനെയും
ഓർമ്മയായതിനെയും.

നിറം പടർന്നു
അരികടർന്ന
തീറാധാരങ്ങൾ
പെരുകിയ
പലിശപ്പൂട്ടിനുള്ളിൻ
ജപ്തിയും കാത്ത്.

അതിരുകാക്കുന്ന
കാതലുള്ള മരങ്ങൾ
അതിരുതീർക്കുന്ന
മോഹവിലകൾ.

ഉമിനീരുവറ്റിയ
തൊണ്ടകൾക്കരികെ
അവസാനതുള്ളി
ഇറ്റുവാൻ കാത്ത്
ഓട്ടു മൊന്തയിലെ
തീർത്ഥജലം.



# മരണത്തിന് തീയിട്ട ഒരുവൾ

പുരസ്കാരം നേടിയ കഥ



സിന്ധു ഗാഥ

മരണത്തെ വേളി കഴിച്ചൊരുവൾ എത്ര പേരെയാണ് ആ ചടങ്ങുകൾക്കായി തന്നരികിലേക്കെത്തിക്കുന്നത്. ഇഷ്ടങ്ങൾ രുചിച്ചിറക്കിയവരും അനിഷ്ടങ്ങളെ കാർക്കിച്ചുതുപ്പിയവരുമുണ്ടാക്കൂട്ടത്തിൽ.

വിലകൂടിയതും വിലകുറഞ്ഞതും ഇന്നലെയിറങ്ങിയതും യുഗങ്ങളായി നിരത്തിലൂടോടിയതുമായ എത്രയെത്ര വണ്ടികളെയും മനുഷ്യരേയുമാണ് തനിക്കുവേണ്ടി വരിവരിയായി നിർത്തിവച്ചിരിക്കുന്നത്.

എത്രയെത്ര മനസ്സുകളിലാണ് മൂകതയുടെ ജാലവിദ്യ കാണിക്കുന്നതവൾ. അതിലുമേറെ പേരുടെ ഹൃദയ ഭൂപടത്തിൽ നിന്നും ഏതാനും നിമിഷങ്ങൾക്കകം മാഞ്ഞുപോയേക്കാവുന്ന കിനാരാജ്യമാണവൾ.

മരിച്ചവളുടെ ഗൃഹത്തിൽ എത്ര പെട്ടെന്നാണ് ഋതുഭേദങ്ങൾ മാറിമറിയുന്നത്. ഇന്നലെ വസന്തകാലം പൂത്തുലഞ്ഞയിടങ്ങളിൽ ഇന്ന് കടുത്ത വേനലാണ്. നാളെ വീണ്ടുമൊരു വസന്തം വന്നെത്തും. ഇന്നുകളെ ഇന്നലെകളുടെ ഭരണിയിൽ ഉപ്പിലിട്ടുവെക്കും.

ചുട്ടുപ്പൊള്ളുന്ന തീക്കാറ്റിൽ കരിഞ്ഞുണങ്ങുന്ന ബന്ധങ്ങൾ. കണ്ണീർപ്പുഴയിൽ ഒഴുകിയകലുന്ന സ്നേഹനാടകപ്പെട്ടകങ്ങൾ. പതം പറച്ചിലുകളുടെ മുഷിപ്പുഗന്ധം മുറിയാകെ പരക്കുന്നു. ആ മടുപ്പിക്കുന്ന മണത്തിൽ അവളുടെ ശവത്തിനുപോലും ശ്വാസം മുട്ടുന്നു.

ജീവിതത്തിൽ എത്തിപ്പിടിക്കാൻ പറ്റാത്തതൊക്കെയും സ്വരുക്കൂട്ടി നനഞ്ഞ കിനാക്കാടിനെ ചേർത്തുനിർത്തി ചരമത്തിനൊരു ചുവന്ന പൊട്ട് തൊട്ടുകൊടുത്തിട്ടുണ്ട്. വേദന കുത്തിനിറച്ച എരിമലയിൽനിന്നും പൊട്ടിയൊലിക്കുന്ന ആർത്തവരക്തത്തിന്റെ കടുംചെമല നിറമുള്ള പൊട്ട്.

ഏകാന്തത പൂത്തുലഞ്ഞ മൂകതയുടെ മ

ഹാമേരുവിന്റെ ഉച്ചിയിലിരുന്നവൾ സ്വന്തം മരണപുസ്തകത്തിന്റെ ഏടുകളിലൂടെ ഒരോട്ടപ്രദക്ഷിണം നടത്തുകയായിരുന്നു.

നഷ്ടബോധങ്ങൾ പിരിച്ചുണ്ടാക്കിയ നിരാശാച്ചായം മുക്കി വിഷാദ സൂര്യന്റെ ചുടുകിരണത്തിൽ ഉണക്കിയെടുത്ത തുടലിൽ കണ്ണ് തുറിച്ചു നാവുനീട്ടി പിടച്ചിലിൽ നൃത്തമാടുന്ന കൈകാലുകൾ കൊരുത്തു വെച്ചിരിക്കുന്ന ശരീരത്തിൽ തൂങ്ങിയാടുന്ന സ്വന്തം ജീവിതമവൾ മുൻവശത്തെ പുറംചട്ടയിൽ കണ്ടു.

മങ്ങിത്തുടങ്ങിയ ഉള്ളടക്കത്തിലോ, ഇരുൾപ്പൂക്കും നേരത്തവളുടെ ഹൃദയം പെരുമ്പറ മുഴക്കുന്നു. കരൾ തുടി കൊട്ടിപാടുന്നു. ശ്വാസകോശങ്ങൾ കാറ്റുപോയ ബലൂൺപോലായി വായുവിനെ എത്തിപ്പിടിക്കാൻ ശ്രമിക്കുന്നു. വൃക്കകൾ നീരു പിഴിഞ്ഞെടുത്ത ഇഴകളകന്ന കരിമ്പിൻചണ്ടിയായിരിക്കുന്നു. സ്വരക്കിളികൾ കാതുകളെ വിട്ടകന്നിരുന്നു. കണ്ണുകൾ വെളിച്ചത്തോട് പിണങ്ങി പുറംതിരിഞ്ഞിരിക്കുന്നു. രക്തം രക്തത്തെ തിരിച്ചറിഞ്ഞു. സിരകൾക്ക് സാന്ത്വനവും ആശ്വാസവും പകരുന്നു. വെട്ടിയിട്ട വിറകു പോലെ കൈകാലുകൾ വിറങ്ങലിച്ചിരിക്കുന്നു. അടുപ്പിനകത്തെരിയുന്ന പച്ചവിറകുപോലെ നെഞ്ചകം പുകയുന്നു.

മങ്ങിയ ഏടുകളോരോന്നായി മറിച്ചവൾ മദ്ധ്യത്തിലെത്തി. മരുന്നിന്റെയും കീമോയുടെയും മടുപ്പിക്കുന്ന ഗന്ധം നിലയ്ക്കുന്ന ആതുരാലയത്തിന്റെ നരച്ച നാലു ചുവരുകൾക്കുള്ളിൽ മരണത്തെ അഗാധമായി പ്രണയിച്ചവളെ കാണാൻ കഴിഞ്ഞു. കൂട്ടിനിരിക്കുന്നവരുടെയും കൂട്ടായിരിക്കേണ്ടവരുടെയും മുറുമുറുക്കലുകളുടെ പ്രാക്കുകളുടെ മഴമേഘങ്ങൾ അവളുടെ തലയ്ക്കു മീതെ പെയ്യാൻ വിതുമ്പി നിന്നിരുന്നു. പുറമെ വെളുക്കെ ചിരിച്ച ചുണ്ടുകൾക്കുള്ളിൽ ഈർഷ്യയുടെ കടപ്പാരയാൽ മുറിവേൽക്കുന്ന പാവം ദന്തങ്ങൾ. എല്ലാമറിഞ്ഞിട്ടും ഒന്നുമറിയാത്ത പോലെയുള്ള അവളുടെ കിടപ്പ്.

സഹിക്കാനാവാതെ അവൾ അവസാന ഏടിലേക്കെത്തി നോക്കി. പ്രണയം തലയ്ക്കുപിടിച്ചവൾ പ്രണ (മരണ) പ്രിയന്റെ കൂടെ എല്ലാവരെയും എല്ലാം ഉപേക്ഷിച്ചിറങ്ങി. അന്നവളുടെ വേളിയാണ്. നാറുന്ന തുരുമ്പു കുടിച്ചു വീർത്ത പൈപ്പിൽനിന്നും നിറച്ച പഴക്കമേറിയ കുപ്പിവെള്ളത്തിൽ അവളെ കുളിപ്പിച്ചൊരുക്കിയിരിക്കുന്നു. മുഴുനീള വാഴയിലയിൽ തീർത്ത മംഗല്യപ്പട്ടും മലർക്കൊണ്ടു തീർത്ത ആഭരണത്താലുമവളെ സുന്ദരിയായി അണിയിച്ചൊരുക്കിയിരിക്കുന്നു. പഞ്ഞിപോലെ മൃദുവായ മുക്കുത്തികൾ രണ്ടു നിസാരന്ധ്രങ്ങളെയും കൂടുതൽ മിഴിവുള്ളതാക്കിയിരിക്കുന്നു.

പ്രണയ (മരണ) ദേവനെഴുതിയ പുറംചട്ടയിലെ ചരമ പീഠിക അവളെ നോക്കി പല്ലിളിക്കുന്നുണ്ടായിരുന്നു.

ചുടലയിൽ കിനാവിറകു കൂട്ടിക്കത്തിച്ച അഗ്നികുണ്ഡത്തിലേക്കവൾ വലിച്ചെറിഞ്ഞു ആ മരണ പുസ്തകം. ആളിക്കത്തുന്ന ചിതയിൽ എരിഞ്ഞമരുന്ന സ്വന്തം ചരമഗ്രന്ഥത്തിനെ തിരിഞ്ഞുനോക്കാതെ വന്നവൾ രാജകീയമായി അലങ്കരിച്ച ശീതീകരിച്ച പെട്ടിക്കുള്ളിൽ തിരിച്ചെത്തി ഒന്നുമറിയാത്തവളെപ്പോലെ കണ്ണടച്ച് കിടപ്പു തുടർന്നു.

നോക്കൂ എന്തൊരത്ഭുതമാണ്. ഏതൊരതിശയമാമ്. മരിച്ച ഒരുവൾ എത്ര ശാന്തയായാണ് സൗമ്യയായാണ് തന്നെക്കാണാൻ വരുന്നവരെ കുളിപ്പിച്ച് ഒരുക്കുന്നത്. വീട്ടുകാരെയും നാട്ടുകാരെയും ശത്രുക്കളെയും പോലും ഒന്നിച്ചിരുത്തുന്നത്. അപരിചിതരെ പോലും പരിചിതരെപ്പോലെ ഒന്നിച്ചിരുത്തി ഊട്ടുന്നത്. കേറിവരുന്നവരെയെല്ലാം ഒരേ ചവിട്ടിയിൽ കാല് തുടപ്പിക്കുന്നത്, ഒരു കയറ്റുപായയുടെ ഇഴകളാക്കുന്നത്.

മരിച്ച ഒരുവളല്ലേ ശെരിക്കും ജനാധിപത്യ ഭരണാധികാരിയാവുന്നത്. അവളല്ലേ സർവ്വം സമത്വം എന്നത് പ്രപഞ്ചത്തിനു മുന്നിൽ കാട്ടികൊടുക്കുന്നത്. ജീവിതത്തിൽ കാണാൻ കൊതിച്ച പലതും അവസാനമായി കാണുന്നത് മരിച്ചവളുടെ കണ്ണുകളല്ലേ.

അങ്ങനെ അവളുടെ മണിയറ (കല്ലറ)യിലേക്കുള്ള യാത്രയിൽ അവളും അവളുടെ പ്രിയപ്പെട്ടവനും മാത്രം ആറടി മണ്ണിൽ തീർത്ത സൗധത്തിൽ കിനാവിന്നാകാശത്തിൽ നിന്നുള്ള ഒരുപിടി മൺപൂപ്പെയ്ത്തിൽ അലിഞ്ഞില്ലാതായി തീർന്നിരിക്കുന്നു.

അവളെന്ന കടൽ, അവളെന്ന ആകാശം, അവളെന്ന ജീവിതം, അവളെന്ന മരണം, അവളെന്ന പൂക്കളും കായ്കളും, അവളെന്ന ചെടികളും മരങ്ങളും, അവളെന്ന കാട്, അവളെന്ന പ്രണയം. അവളെന്ന വികാരവിചാരങ്ങൾ, അങ്ങനെ എല്ലാമെല്ലാം ഭൂപടത്തിൽ നിന്നും എന്നെന്നേക്കുമായി ഇല്ലാതായിരിക്കുന്നു.

കവിത

# ഗസൽ സന്ധ്യ



'തിരിച്ചറിഞ്ഞുവോ-?'
വെള്ളിനൂൽ കെട്ടുപിണഞ്ഞ മുടിയിഴകളാണ്
വിരൽചൂണ്ടി ചോദിച്ചത്.
നരച്ച ഹൃദയാകാശത്തിലേക്ക്
നോക്കിയപ്പോൾ,
ക്ഷമാപണത്തോടെ
ആറ് നിറത്തിലുള്ള വാർമഴവില്ല്
തല കുനിച്ച് നിൽക്കുന്നുണ്ടായിരുന്നു.
നിറങ്ങളിൽ ഏഴാമത്തേത്
അവളുടെ
ഇടതു കൺപുരികമായി പണ്ടേ മാറിക്കഴിഞ്ഞിരുന്നു.
അടയാളമില്ലെങ്കിലും
നേർത്ത കഴുത്തിനോട് ചേർന്ന
കറുത്ത ചരട്
തിരിച്ചറിവ് സത്യമെന്നു പുലമ്പി.
വിധേയത്വമാണ്
ദുർബലരുടെ ആശ്രയമെന്ന്
വീണ്ടും ഉൾവിളി!

ഒരു പിടി ചാരത്തിൽ നിന്നും
പഴയ കാല്പനികത ചിറകുകുടഞ്ഞപ്പോൾ
ഒരിയ്ക്കൽ
തന്റെ നിലച്ച ശ്വാസമായി മാറിയ
മഴവില്ലിനോട് വീണ്ടും
പ്രേമഭിക്ഷുകിയുടെ യാചന;
'അറിയാത്ത നീലാകാശച്ചെരുവിലേക്ക്
ഒരിക്കൽ കൂടി യാത്ര പോയാലോ?'
ഉത്തരമില്ലാതെ
സദാചാര മുഖംമൂടിയണിഞ്ഞ്,
അവശേഷിച്ച ആറ് നിറങ്ങളിൽ
അവൾക്കായി ഒരു മന്ത്രകോടി തുന്നി
മരിച്ചുവീണ മഴവില്ലിന്റെ ആത്മാവ്
മുറിഞ്ഞ മേഘമൽഹാർ രാഗത്തിൽ
മറ്റൊരു ഗസലായി പെയ്തിറങ്ങിയിരുന്നു.....
സോജ.........രാജകുമാരി സോജ......!



ലേഖ കാക്കനാട്ട്

# ചിക്കൻ 33

വാരാദ്യ ദിനത്തിൽ അടുക്കളയിലെ രണ്ടാം ഘട്ടത്തിരക്കിനിടയിലാണ് അവൾ ഉച്ചയൂണിനുള്ള പ്രധാന വിഭവമായ കോഴിയിറച്ചിയില്ലെന്നു ഭീതിയോടെ മനസ്സിലാക്കിയത്. ഉണ്ടാക്കിയത് ബ്രേക്ക് ഫാസ്റ്റിനെടുത്തു. ലഞ്ചിന് ചിക്കനില്ലെങ്കിൽ ആർക്കും ഒരു വറ്റിറങ്ങില്ല. പ്രത്യേകിച്ച് എൽ.കെ.ജി, യു.കെ.ജിക്കാരായ ഉണ്ണിക്കുട്ടനും ഉണ്ണി മായയ്ക്കും. ഭർത്താവ് വേണു വേട്ടനും എന്തെങ്കിലും കടിച്ചുപറിച്ചേ പറ്റൂ. ബ്രേക്ക് ഫാസ്റ്റ് കഴിഞ്ഞെഴുന്നേൽക്കുമ്പോൾ പറയുകയും ചെയ്തു.

' സുനീ, രണ്ടു ഫ്രണ്ട്സ് ലഞ്ചിനുണ്ടാകും. നിന്റെ പ്രത്യേകം ടേസ്റ്റുള്ള ചിക്കൻ കറി കൂട്ടാനാ അവര് വരുന്നത് '

ഇനിയിപ്പോ എന്തു ചെയ്യും ? ആവശ്യത്തിനുണ്ടാകുമെന്നാ കരുതിയത്. അവൾ ഫോണെടുത്ത് കോൾഡ് സ്റ്റോറേജിലെ നമ്പർ ഡയൽ ചെയ്തു. പക്ഷേ അത് പരിധിക്കു പുറത്തായിരുന്നു. ഇനിയെന്താ മാർഗം ? ക്ലോക്കിലേക്കു നോക്കി മണി പന്ത്രണ്ടാകുന്നു. അവൾ ഫോണിൽ വീണ്ടും ഡയൽ ചെയ്തു. പക്ഷേ, ഹോം ഡെലിവറി കടകളൊക്കെ ക്ലോസ് ചെയ്തിരുന്നു. ഒരു മണി കഴിഞ്ഞാൽ കളി കഴിഞ്ഞ് പിള്ളേരോടിയെത്തും, പിന്നാലെ ഭർത്താവും കൂട്ടുകാരും. ആലോചിച്ചു നിൽക്കാൻ സമയമില്ല. പെട്ടെന്നവൾ കുളിമുറിയിൽ കയറി വസ്ത്രങ്ങളഴിച്ച് പൂർണ്ണനഗ്നയായി ഷവർ തുറന്ന് നന്നായി ശരീരം വൃത്തിയാക്കി ബാത്ത് ടൗവ്വൽ കൊണ്ട് നനവ് ഒപ്പിയെടുത്തു. നഗ്നയായി കിച്ചണിൽ ചെന്ന് നീളമുള്ള കത്തിയെടുത്തു. ആദ്യം അവൾ മുറിച്ചെടുത്തത് സ്വന്തം കൊഴുത്ത രണ്ടു മുലകളായിരുന്നു. പിന്നെ രണ്ടു തുടക്കാമ്പുകളും. തുടർന്ന് മറ്റ് അവയവങ്ങളും മുറിച്ചെടുത്ത് പാകമാകുന്ന ചേരുവകളിലേക്കിട്ടു. എല്ലാം കണ്ടും കേട്ടും ചെയ്യണമല്ലോ. ഒടുവിൽ അധരങ്ങളും കവിൾത്തടങ്ങളും കൂടി മസാലക്കൂട്ടിലേക്ക് ചേർന്നു. പിന്നെ അദൃശ്യമായി അവൾ എല്ലാം പൂർത്തിയാക്കി. കുക്കറിൽ നിന്നും ഒരു വിലാപം പോലെ വിസിൽ മുഴങ്ങി. തുടർന്നവൾ എല്ലാം തീൻമേശയിൽ നിരത്തി.



ബി.ജോസുകുട്ടി

' മമ്മീ വിശക്കുന്നു... എന്നു പറഞ്ഞ് കുട്ടികൾ ഡൈനിംഗ് ടേബിളിലേക്കു വന്നു. പിന്നാലെ ഭർത്താവും കൂട്ടരും. മമ്മി എവിടെയെന്നന്വേഷിക്കാതെ കുട്ടികളും ഭാര്യ എവിടെയെന്നന്വേഷിക്കാതെ ഭർത്താവും പിന്നെ സുഹൃത്തുക്കളും വിഭവങ്ങളെടുത്ത് ആർത്തിയോടെ തീറ്റ തുടങ്ങിയിരുന്നു. ഉണ്ണിക്കുട്ടനു കിട്ടിയത് മുലക്കഷണമായിരുന്നു. അതു വായിൽ വെച്ച് അവൻ പറഞ്ഞു,

'ഹായ്, മമ്മീടെ അമ്മിഞ്ഞപ്പാലിന്റെ രുചി' അതു കേട്ട് അവളിൽ വാത്സല്യം നുരഞ്ഞു. തുടഭാഗം കിട്ടിയത് കൂട്ടുകാർക്കായിരുന്നു.

'നല്ല നെയ്യുള്ള മാംസം...

അവർ ആസ്വദിച്ച് അഭിപ്രായപ്പെട്ടു. ഭർത്താവിനു കിട്ടിയത് ഹൃദയമായിരുന്നു. 'മൃദുവായതും ലേശം മധുരമുള്ളതും...

അയാളും രുചിയോടെ പറഞ്ഞു.

' ഇത്ര നല്ല ഡെലീഷ്യസ് ആയ ഫുഡ് ഉണ്ടാക്കി വെച്ചിട്ട് നിന്റെ ഭാര്യ എവിടെ പോയി...?

ഭക്ഷണം കഴിഞ്ഞെഴുന്നേറ്റ് കൂട്ടുകാർ ചോദിച്ചു.

'ആർക്കറിയാം, അവളെവിടെപ്പോകാനാ ഇവിടൊക്കെത്തന്നെ കാണും'

ഏമ്പക്കം വിട്ട് ഭർത്താവും എഴുന്നേറ്റു.

കുട്ടികൾ കൈകഴുകി വീണ്ടും കളിക്കാൻ ഓടിപ്പോയി. ഭർത്താവും കൂട്ടരും പൂമുഖത്തേക്കു മടങ്ങവേ അവൾ തീൻമേശ വൃത്തിയാക്കാൻ തുടങ്ങി. അടുക്കളയിലെ വേസ്റ്റ് ബിൻ അവൾക്കായി കാത്തിരിപ്പുണ്ടായിരുന്നു. ●

# ഈയാംപാറ്റകൾ



ജിൻസി.കെ.പി.



മഴവില്ലിന്റെ മാദകത്വത്തിൽ ഭ്രമിച്ച്
അനന്ത വിഹായസ്സിലേക്ക് പാറിപറക്കുന്നു
ഈയാംപാറ്റകൾ.!

ജീവിതത്തിൻ കയ്പ്പും നോവും
തിരിച്ചറിയാതെ
ഈ ഈയാംപാറ്റകൾ
അല്പസുഖത്തിനായി അല്പന്മാരായി
മാറ്റുന്ന പരിഷ്കാരങ്ങളിൽ
മതിമറക്കുന്നു.!

അല്പായുസ്സായി ജീവിതം
ഹോമിക്കപ്പെടുമ്പോൾ
കരിഞ്ഞുതീരുന്ന ജന്മങ്ങൾ.!

ആയിരം ഈയാംപാറ്റകൾ
ചിറകറ്റ് വീണ് മണ്ണോടു ചേർന്നാലും
വീണ്ടും ജനിക്കുമൊരായിരം
ഈയാംപാറ്റകൾ ആശകൾ
ഭ്രമിപ്പിക്കുന്ന ഈ
ലോകം കീഴടക്കുവാനായി.!

# കരുണ @ ഓൺലൈൻ

കഥ



സാബു തോമസ്

'ഇന്നെന്തായാലും ആ നാശത്തിനെ തല്ലിക്കൊന്നിട്ട് തന്നെ കാര്യം. ഇതിപ്പോ
മൂന്നാമത്തെ ചെരുപ്പാ...'

രാവിലെ ഉറക്കമുണർന്നത് ഷാജിയുടെ ശബ്ദം കേട്ടാണ്. ഒരാഴ്ചയായി

അയൽപക്കങ്ങളിലെങ്ങും സംസാരം അതിനെക്കുറിച്ചാണ്, ഉടമസ്ഥനില്ലാത്ത

ചെറിയൊരു നായ്ക്കുട്ടി. പകൽ മുഴുവനും അലഞ്ഞുനടന്ന്, രാത്രിയിൽ വീടുകളുടെ

മുന്നിൽ നിന്നും ചെരുപ്പുകൾ മോഷ്ടിച്ച് ദൂരെയെവിടെയെങ്കിലും ഉപേക്ഷിക്കുന്ന ഒരു



പട്ടിക്കുട്ടി. മിക്കവാറും ചെരുപ്പുകൾ എല്ലാം കടിച്ചുകീറിയ നിലയിലാവും കണ്ടുകിട്ടുക.

അവന്റെ ശല്യം തുടങ്ങിയതിൽപ്പിന്നെ ചെരുപ്പുകൾ വയ്ക്കുന്ന റാക്ക് അകത്തേയ്ക്ക് കയറ്റി വച്ചാണ് ഉറങ്ങാൻ കിടക്കുന്നത്.

വാതിൽ തുറന്ന് മുൻവശത്തേക്ക് വന്നപ്പോൾ ഷാജിയും രണ്ടുമക്കളും മുറ്റത്തും തൊടിയിലുമെല്ലാം ചെരുപ്പിനായി പരതുകയാണ്.

'ഇന്നും കൊണ്ടോയി അല്ലേ...!?' ചെറുചിരിയോടെയാണത് ചോദിച്ചത്.

'ഈ തെണ്ടികളോട് ചെരുപ്പ് അകത്ത് കേറ്റിയിടണമെന്ന് ഞാൻ പറഞ്ഞതാ. ഇന്നലെ വാങ്ങിയ പുതിയ ചെരുപ്പാ... ഇനിയിവന്മാർക്ക് ഞാൻ വാങ്ങിച്ച് കൊടുക്കില്ല.'

മക്കളെകുറ്റപ്പെടുത്തി

യാണ് ഷാജി മറുപടി പറഞ്ഞത്.

'മാഷേ നമുക്കൊരു ഒരു ബോ വച്ചാലോ..!?' രംഗം കൊഴുപ്പിച്ചു കൊണ്ട് സുധാകരൻ ചേട്ടനും എത്തി. ബോണ്ട വാങ്ങി അതിനുള്ളിൽ വിഷം വച്ച് പട്ടിയെ കൊന്നു കളയാനുള്ള പരിപാടിയാണ് ചേട്ടൻ പറഞ്ഞത്.

'അത് വേണ്ടി വരും.' ഷാജിയുടെ വാക്കുകളിൽ പട്ടിയോടുള്ള പക മുഴുവനും നിറഞ്ഞിരുന്നു.

'സുധാകരൻ ചേട്ടാ.. അതുവേ . ഉടമസ്ഥനില്ലാത്തതു കൊണ്ടാണ് അതിങ്ങനെ അലഞ്ഞുതിരിഞ്ഞ് നടക്കുന്നത്. നമുക്കതിന്റെ യൊരു പടമെടുത്ത് ഫേസ്ബുക്കിൽ ഇടാം. വളർത്താൻ താൽപര്യമുള്ള മൃഗസ്നേഹികൾ ആരെങ്കിലുമുണ്ടെങ്കിൽ പിടിച്ചുകൊണ്ടു പൊയ്ക്കോട്ടെ.. നമുക്കാ ശാപം കിട്ടുകയുമില്ല.'

കഴിഞ്ഞദിവസം, വഴിയരികിൽ കാലൊടിഞ്ഞു കിടക്കുന്ന അനാഥനായ ഒരു വളർത്തുനായയുടെ ചിത്രം ആരോ ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തിരുന്നു. ഒരുപാട് കരുണയൂറുന്ന കമൻറുകൾ അതിനുതാഴെ വന്നിരുന്നു. പിന്നീട് അതിനെയാരോ ശുശ്രൂഷിക്കുന്ന ചിത്രവും കണ്ടതുകൊണ്ടാണ് അങ്ങനെയൊരാശയം പറഞ്ഞത്.

'എങ്കിൽ മാഷ് തന്നെയത് തീരുമാനമാക്ക്. എന്തായാലും അവന്റെ ശല്യം ഇവിടുണ്ടാകരുത്.' സുധാകരൻ ചേട്ടൻ തിരിച്ചു പോയി.

വീടിനു പുറകിൽ ഭക്ഷണാവശിഷ്ടങ്ങൾ ഇടുന്നിടത്ത് പകൽ ചിലപ്പോഴൊക്കെ അവനെ കാണാറുണ്ട്. തക്കം പാർത്ത് നിന്ന് അവൻെയൊരു ഫോട്ടോയെടുത്ത് ഫേസ് ബുക്കിലിട്ടു. കൂടെയൊരു അടിക്കുറിപ്പും.

'ഉടമസ്ഥനില്ലാത്ത, അലഞ്ഞുതിരിയുന്ന ഒരു നായ്ക്കുട്ടി കരുണയുള്ള ഹൃദയങ്ങളെ തേടുന്നു. താല്പര്യമുള്ളവർ ബന്ധപ്പെടുക.' കൂടെ ഫോൺ നമ്പറും.

രണ്ടാഴ്ച പിന്നിട്ടപ്പോഴും, പത്തിരുപത് പേർക്ക് ടാഗ് ചെയ്തിരുന്ന പോസ്റ്റിനു താഴെ മൂന്നു കമൻറുകൾ മാത്രം.

'ഗുഡ്...., നൈസ്..., ഓകെ.. '

രണ്ടു മൂന്നു ദിവസങ്ങൾക്കുശേഷം



രാവിലെയുള്ള ഓൺലൈൻ ക്ലാസ്സ് കഴിഞ്ഞ് ഫോണുമായി വന്ന മകളാണ് പറഞ്ഞത്,


'നോക്കൂ പപ്പേ ആ പട്ടിക്കുട്ടി..."

രാവിലെ ആരോ ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്ത ചിത്രം. വായിൽ നിന്ന് നുരയും പതയും ഒഴുകി ചത്തുകിടക്കുന്ന പട്ടിക്കുട്ടി. 'കരുണയില്ലാത്ത ഏതോ തെണ്ടി ചെയ്ത പാതകം.' എന്ന അടിക്കുറിപ്പും.

താഴേക്ക് നീണ്ടു നീണ്ട് നീണ്ട് പോകുന്ന തെറിവിളികൾ..

ആ തെറികളോരോന്നും എന്റെ കാതിലേയ്ക്കല്ലേ വന്നലയ്ക്കുന്നതെന്നോർത്ത് സിറ്റൗട്ടിലേക്ക് ചെല്ലുമ്പോൾ അപ്പുറത്തെ വീട്ടിൽ, കുറച്ചുനാളായി അകത്തേക്ക് കയറ്റി വച്ചിരുന്ന ഷൂറാക്ക് പുറത്തേക്കിറങ്ങി വയ്ക്കുകയായിരുന്നു ഷാജി. യാദൃശ്ചികമായി

എന്നെ നോക്കിയ അവന്റെ മുഖത്ത് ഒരു ഊറിയ ചിരി വരണ്ട് കിടന്നു. ●



# തിരിച്ചറിവിലേക്ക് ഇറങ്ങിത്തിരിച്ചവൾ!



കയ്യുമ്മു കോട്ടപ്പടി

ചുംബനങ്ങൾക്കൊണ്ട്
മൂടുമ്പോളാണ്
അവൾക്ക് അവളാണെന്ന്
തിരിച്ചറിവുണ്ടായത്!

ചിത്രകൂട്ടിൽ നിന്ന്
ക്യാൻവാസിലേക്ക്
പകർത്തുമ്പോളാണ്
അവളുടെ മേനിയിൽ
നിറഞ്ഞ പ്രകാശം
കണ്ടെത്താനായത്!

ചിലങ്കയുടെ താളവും,,
കരിവളക്കിലുക്കവും
ആത്മാവിന്റെ സുവർണ -
'ലിപികളിൽ എഴുതി -
പ്പിടിപ്പിച്ച പോലെ
ആ താളം മനസ്സിൽ
വികാരം കൊള്ളിക്കും!

സ്വപ്നങ്ങൾക്കൊണ്ടവൾ
മുടിയഴിച്ചടി വികാരവിവ-
ശയായ വെറും പെണ്ണായി
കാറ്റിനോടൊപ്പം
നൃത്തം ചെയ്യും!

ഇരുട്ടിന്റെ വലയം കൊണ്ട
വൾമാർ വിടത്തിൽ
താളമിടും!
അടഞ്ഞ മുറിയുടെ
വാതിൽപ്പഴുതിലൂടെ
നിലയ്ക്കാത്ത ശ്വാസം
പുറത്തേയ്ക്ക് ഇറങ്ങിപ്പോ
കും!

അപ്പോൾ അവൾ
സ്വപ്നഗോപുരമുകളിലിരു
ന്ന്, അസ്തമിച്ചു പോയ
ഒരു പകൽ ഓർമ്മിച്ചെടുക്കും!

പൂക്കളും സ്വപ്നങ്ങളും
കൊണ്ടവൾ
നിറം പൂശാൻ
ഒരുമ്പെടും!
അപ്പോൾ നല്ല മണമുള്ള
ഒരു പൂച്ചെടി അവൾക്കു
ള്ളിൽ കിളിർക്കും!
എന്നോ നഷ്ടപ്പെട്ടു പോയ
ഒരു വാത്സല്യം
തിരഞ്ഞ് പിടിച്ച്, മരിച്ചു
പോയ കിനാക്കളോടൊപ്പം
അടക്കം പറഞ്ഞ്,
പഴകിപ്പോയ ഓർമ്മയിലേ-
ക്കും, മാഞ്ഞു പോയ ചുംബനം, ഒരി
ക്കൽ കൂടി
പോസ്റ്റ്മോർട്ടം ചെയ്യപ്പെടും!
ഞാനറിയാതെ പിറന്ന
ഒരു കവിതയും.......



# ഗുരുത്വം



പി രഘുനാഥ്

കഥ

സ്വന്തം വീടും പറമ്പും ബാങ്കിൽ പണയം വെച്ച് അവാർഡ് പടം പിടിക്കാൻ തുനിഞ്ഞ മകൻ ചിത്രത്തിന്റെ പൂജക്ക് വിളക്ക് തെളിയിക്കാൻ വിളിച്ചത് അത്രമേൽ സ്നേഹിക്കുന്ന അമ്മയെയായിരുന്നു. അന്നേരം താൻ കൊളുത്തിക്കൊണ്ടിരിക്കുന്നത് തന്റെ വീട് കൈവിട്ട് പോകാനുള്ള വിളക്കാണെന്നു  പാവം അമ്മക്കറിയില്ലായിരുന്നു. വിളക്ക് കൊളുത്തി നടുനിവർത്തിയ അമ്മയുടെ കാതിൽ ആരും കേൾക്കാതെ മകൻ പറഞ്ഞു.

'ഇനി എല്ലാം അമ്മ തന്നെ കാത്തോളണം..'

ഓരോ അടവും തെറ്റി ബാങ്കിൽ നിന്ന് ഉദ്യോഗസ്ഥർ വന്നപ്പോഴൊക്കെ അമ്മ കഴുത്തിലുള്ളതും കാതിലുള്ളതും പിന്നെപ്പിന്നെ അയൽക്കാരിലുള്ളതും വാങ്ങി വീടിനെ കാത്തു പോന്നു. മകൻ കണക്ക് കൂട്ടിയപോലെ സിനിമക്ക് അവാർഡും റിലീസുമൊന്നും തരപ്പെട്ടില്ല. മരിക്കും നേരം അമ്മക്ക് മകന്റെ സിനിമ എവിടെയും എത്തിയില്ലല്ലോ എന്ന വിഷമമുണ്ടായിരുന്നു. അമ്മ മരിച്ചതിന്റെ പിറ്റേന്ന് തന്നെ മകൻ വീടിനുമ്മറത്ത് അമ്മയുടെ വലിയൊരു പടം തൂക്കി കൈ കൂപ്പി പറഞ്ഞു.

'ഇനിയും ഈ വീടിനെ കാക്കാൻ അമ്മ തന്നെ വേണം.

'ചത്തു പോയാലും നീ എനിക്ക് സ്വൈര്യം തരില്ലേടാ' എന്ന് അമ്മ  കണ്ണുരുട്ടിയപ്പോൾ മകൻ ഒരു കൊച്ചു കുഞ്ഞായി. ഇനിയും പേടിപ്പിച്ചാൽ അവൻ അപ്പോൾ തന്നെ തന്റെ ഗർഭപാത്രത്തിലേക്കു തിരിച്ചു വന്നാലോ എന്ന് കരുതി ഇപ്പോഴും അമ്മ ബാങ്കുകാരിൽ നിന്ന് പല തരത്തിൽ തന്റെ വീടിനെ കാത്തു പോരുന്നു. അതുകൊണ്ടെന്താ, ഭൂമിയിൽ നിന്നുള്ള കെട്ടുപാട് മൂലം ഉള്ളിൽ കയറാനാവാതെ സ്വർഗ്ഗവാതിൽക്കൽ തന്നെ മകനെയും നോക്കി നിൽക്കുകയാണ് അമ്മയിപ്പോഴും. സിനിമയിൽ പച്ചതൊട്ടില്ലെങ്കിലും മകനാവട്ടെ, കോടതി മുറികൾ കയറിയിറങ്ങി വ്യവഹാര കാര്യങ്ങളിൽ മിടുമിടുക്കനുമായി.



# കാകപ്പുള്ളി

പേരോളമോ
ഊരോളമോയില്ല
വെറുമൊരു
കറുത്ത പൊട്ടിനോളമേ
ഞാനുള്ളൂവെന്ന്
തിരിച്ചറിഞ്ഞത്
വിദ്യാലയത്തിൽ
ചേർത്തപ്പെടുമ്പോഴാണ്..
നിധിപോലെവിടെയോ
മറഞ്ഞിരുന്ന
അമൂല്യമാം
കുഞ്ഞു പുള്ളിക്കായ്
വിദ്യാലയക്കാരും
ഉറ്റവരുമന്ന്
ഒന്നിച്ചു നടത്തിയ
ഓപ്പറേഷന്
എന്തായിരുന്നവർ
പേരിട്ടിരിക്കുക..
ഒരു കറുത്ത
കുത്തില്ലായിരുന്നുവെങ്കിൽ
എത്തില്ലായിരുന്നു
ഞാനിന്നെവിടെയും..
എങ്കിലുമൊരു
കറുത്തവനോട്
കടപ്പാടറിയിക്കാൻ
അനുവദിക്കുന്നില്ല
മനമൊരിക്കലും..
ഒരു കുത്തിൽ
ഒതുക്കപ്പെടാവുന്നതാണോ
എന്റെ സത്വം..
എങ്കിലിനിയും
ഞാൻ കോറിയിടാം
എൻ മേനിയിൽ
ഒരുപാട് കുഞ്ഞു കുത്തുകൾ..
പക്ഷെ, പിന്നെന്തിനു
വിസയെടുത്തു
പാസ്പോർട്ടെടുത്തു
ആധാറും ഐഡിയുമെടുത്തു
മേൽവിലാസം തെളിയിക്കാൻ
പാടുപെട്ടു...
ഒരു കുത്തിലുണ്ടല്ലോ
ഞാൻ മുഴുവനായും..



സെയ്തലവി വിളയൂർ



# ഒടുക്കത്തെ നോട്ടത്തിൽ



**എ. കെ. അനിൽകുമാർ**

**ഒ**ടുക്കത്തെ ആ നോട്ടത്തിൽ ആ കണ്ണുകൾ എന്താണ് പറഞ്ഞത്? ഇനിയൊരു മടങ്ങിവരവ് ഉണ്ടാവില്ലന്നോ?

കാത്തിരിപ്പിന്റെ ഇരുൾ മൂടിയ ഇടനാഴികളിൽ കാൽപ്പെരുമാറ്റം കേൾപ്പിക്കാതെ പതുങ്ങിനിൽപ്പുണ്ട് ഇന്നലെകളിൽ കെട്ടുപോയ സങ്കടക്കടലിന്റെ നിലവിളികൾ. ആർക്കോവേണ്ടി പെയ്തുതീർക്കുന്ന മഴയുടെ നിറുകയിലൂടെ കടന്നുപോവുന്നു മനസ്സിലൊളിപ്പിച്ച വേദനകളുടെ മിന്നൽപ്പാളികൾ. തീരംതേടി പാഞ്ഞുവരുന്ന തിരമാലകളുടെ മടങ്ങിപ്പോക്കുപോലെയാണ് ജീവിതം.

പിരിയാൻ സ്വയമെടുത്ത തീരുമാനം ഇപ്പോഴും ശരിയെന്ന് ഭൂതകാലത്തിന്റെ വക്കുപൊട്ടിയ ഓർമ്മക്കഷ്ണങ്ങൾ ഇടക്കെപ്പോഴൊക്കെയോ വന്ന് കൈവിരൽത്തുമ്പുകളിൽ കുത്തി ഓർമ്മപ്പെടുത്താറുണ്ട്. പിരിയണമെന്നു തോന്നിയാൽ പിരിയണം, അതേതു ദുർഘട ഘട്ടത്തിലായാൽപ്പോലും. ഒരിക്കൽ മനസ്സുകൊണ്ട് ഒന്നാവാൻ എടുത്ത തീരുമാനം പോലെ ഏകപക്ഷീയം തന്നെയാണ് പിരിയാൻ എടുക്കുന്ന തീരുമാനവും.

അടച്ചിട്ട കിടപ്പുമുറിയിലെ വലിയ നിലക്കണ്ണാടിയിൽ നോക്കി അവൾ നിന്നു. തന്റെ സൗന്ദര്യം തന്നോളം ഇത്രമാത്രം ആസ്വദിച്ചത് ആ നിലക്കണ്ണാടി മാത്രമായിരുന്നു. ഒറ്റപ്പെടലിന്റെ കൊടുംചൂടിൽ വെന്തുരുകി ചിന്തകൾ മണൽത്തുള്ളികൾപോലെ അടർന്നുകൊഴിയുമ്പോൾ ചിലപ്പോൾ അവസാന വസ്ത്രവും ഊരിമാറ്റി ഈ നിലക്കണ്ണാടിയിൽ നോക്കി നിൽക്കും. കണ്ണുകളിൽ കത്തുന്ന കാമവുമായി കണ്ണാടിയുടെ ഓരോ നോട്ടങ്ങളും തന്റെ ഓരോ ജീവാംശങ്ങളിലും നൂർന്ന് നൂർന്നിറങ്ങി സർപ്പകാമമായി കെട്ടിവരിയുമ്പോൾ അറിയാതെ പ്രണയിച്ചുപോവും തന്നെത്തന്നെ. താനെന്ന അഗ്നിപർവ്വതത്തെ.

ഇനി, ഇവിടെ, മറ്റൊരു കാത്തിരിപ്പിന് പ്രസക്തിയില്ല. വേർപിരിയുന്നതു പോലെ തന്നെ മനോജ്ഞമാണ് ഓർമ്മകളുടെ കെട്ടുപാടുകളിൽ നിന്നും മുക്തി നേടുകയെന്നതും. കൊഴിഞ്ഞുവീഴുന്ന കരിഞ്ഞ ഇലകൾ പോലെ ഭൂതകാലത്തിന്റെ പച്ചപ്പുകൾ പാടെ മറന്ന് മണ്ണിൽ സ്വയം വളമായി അലിഞ്ഞലിഞ്ഞൊടുങ്ങണം.

അവൾ കൈയ്യിൽ കരുതിയിരുന്ന ഉറക്കഗുളികകൾ ഓരോന്നായി കൈവെള്ളയിലേക്ക് തട്ടിയിട്ടു. പിന്നെ ഓരോന്നോരോന്നായി മധുര മിഠായികൾ നുണയുംപോലെ തന്റെ രസമുകുളങ്ങളിൽ അലിയിച്ചിറക്കി. എന്നിട്ട് മധുരമനോജ്ഞമായ ഏതോ ഒരു ഓർമ്മക്കുളിരിന്റെ വാതിൽ പതുക്കെത്തുറന്ന് ഒരു അപ്പൂപ്പൻ താടിപോലെ പതുക്കെ ആകാശത്തിന്റെ നീലകമ്പളത്തിൽ ചവുട്ടി ഉയരാൻ തുടങ്ങി.

അവസാനമായി കൺപോളകൾ അടയുന്നതിനുമുൻപ് അവൾ ഒരിക്കൽക്കൂടി ആ നിലക്കണ്ണാടിയിലൂടെ തന്നെത്തന്നെ നോക്കി. തന്റെ കണ്ണുകളിലേക്ക് നോക്കി.

ഒടുക്കത്തെ ആ നോട്ടത്തിൽ ആ കണ്ണുകൾ എന്താണ് പറഞ്ഞത്? ഇനിയൊരു മടങ്ങിവരവ് ഉണ്ടാവില്ലന്നോ?





അമീന ബഷീർ

# വായനയുടെ ലോകം

ഇന്നലെകളുടെ തോണിയിൽ
ഒരു യാത്ര പോകണം..
കഥ പറയുന്ന പുഴയെ
നെഞ്ചോടു ചേർക്കണം..

ഇന്നുകളുടെ വേഗതയെ
ചിറകുകളാക്കണം..
കിന്നാരം ചൊല്ലുന്ന
മേഘങ്ങൾക്കിടയിൽ
ഊളിയിട്ടു പറക്കണം..

ഇന്നുകളു മിന്നലെകളും
തമ്മിൽ കണ്ണു പൊത്തിക്കളിച്ചു
വിസ്മൃതിയിൽ ലയിക്കുവാൻ,
നാളെയെനിക്കൊരു പുഴുവായി
മാറണം..
താളുകൾക്കിടയിൽ ഇഴഞ്ഞിഴഞ്ഞു
വാക്കുകൾക്കൊപ്പം തൊട്ടുരുമ്മി
സ്വപ്നലോകത്തിൽ പറന്നുയരണം!

കഥ

# സുഹറ എന്ന മാധവി





സീമ ലക്ഷ്മി

ഉദയസൂര്യന്റെ വരവോടെ തിക്കും തിരക്കും കൂടി കൂടി നട്ടുച്ചക്ക് ശാന്തമായും പിന്നീട് സായാഹ്നത്തിലെ എണ്ണപലഹാരങ്ങളുടെ ഗന്ധവും പേറി തിരക്കു കൂട്ടുന്ന ഞങ്ങളുടെ വീടിന്റെ മുന്നിലൂടെ അവൾ എന്നും നടന്നുപോകുമായിരുന്നു. അലക്കുകല്ലിന്റെ പാട് പതിഞ്ഞ ഇരുണ്ട നിറത്തിലുള്ള ചുരിദാറും, തലമുടി മറച്ചുള്ള തട്ടവും. കയ്യിലെ വിയർപ്പു തട്ടി തട്ടി പേരു പോലും മാഞ്ഞു പോയ ഏതോ ഒരു ടെക്സ്റ്റൈൽസിലെ പ്ലാസ്റ്റിക് കവറും. കഥകൾ എഴുതാൻ ഇഷ്ടമുള്ളതിനാലാവാം ഞാൻ എന്റെ മുന്നിൽ വരുന്ന ഓരോ കഥാപാത്രങ്ങളെയും നന്നായി ശ്രദ്ധിക്കുന്നത്. നിഗൂഢമായ താഴ്വരകൾ അവളിൽ ഒതുങ്ങി കിടപ്പുണ്ടെന്നു എനിക്ക് തോന്നി. അതുകൊണ്ടാവണം ഞാൻ അവളെ ശ്രദ്ധിച്ചുതുടങ്ങിയത്.

സിനിമയിൽ അഭിനയിക്കാൻ നാടുവിട്ടാണ് ഞാൻ ചെന്നൈ നഗരത്തിൽ എത്തിയത്. പക്ഷെ കൈയിലെ കാശ് തീർന്നപ്പോൾ അഭിനയമോഹം നിർത്തി. വിശപ്പടക്കാൻ ചായക്കടയിലെ ഗ്ലാസുകൾ കഴുകി. കടയുടെ ഓണറായ മുരുകണ്ണൻ ഒരു വാടകവീടും തരപ്പെടുത്തി. എന്നെപ്പോലെ തെണ്ടിതിരിഞ്ഞു വന്നു നെട്ടോട്ടമോടുന്ന ഒമ്പതു പേർ അവിടെ താമസിക്കുന്നുണ്ടായിരുന്നു. അതിൽ എട്ടുപേരും മലയാളികൾ തന്നെയാണ് എന്നതായിരുന്നു ഒരു യാഥാർഥ്യം. താഴത്തെ നിലയിൽ ഒരു ഡാൻസ് സ്കൂളും അതിന്റെ തൊട്ടടുത്ത മുറിയിൽ പൂജാസ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. പൂജാസ്റ്റോർ നടത്തുന്നത് ഒരു വെങ്കിടിയാണ്. ഞങ്ങൾ മലയാളികളോട് മലയാളത്തിൽ തന്നെ സംസാരിക്കാനാണ് അയാൾക്ക് ഇഷ്ടം. ചിലപ്പോഴൊക്കെ വെങ്കിടിയുമായി കഥകൾ പറഞ്ഞിരിക്കാറുണ്ട്.

ജോലി ഇല്ലാത്ത സമയത്തു മുറിയിൽ ഇരുന്നാൽ ചിലങ്കമണികളുടെ താളം കേൾക്കാം. ചിലപ്പോൾ അത് അലോസരത ഉണ്ടാക്കുകയും ചെയ്യും. കടയിലേക്ക് പോകാൻ പല്ല് തേച്ചുകൊണ്ട് ആകെയുള്ള ഒരു കുളിമുറിയിലും കക്കൂസിലുമായി ക്യൂ നിൽക്കുമ്പോൾ എന്റെ കണ്ണുകൾ താഴത്തെ ഓടയുടെ വക്കിലൂടെ അതിവേഗത്തിൽ നടന്നകലുന്ന ആ ഇരുണ്ട ചുരിദാറുകാരിയിൽ പതിഞ്ഞുപോകും. പ്രഭാതത്തിന് സുഗന്ധം

നൽകി അവിടവിടെയായി നിറഞ്ഞിരിക്കുന്ന പൂക്കൂടകളിലെ കനകാംബര പൂക്കളെയും മല്ലിപൂക്കളെയും നിർദ്ദാക്ഷിണ്യം ഉപേക്ഷിച്ചു പോകുന്ന അവളുടെ കണ്ണുകളെ കുറിച്ചു ഞാൻ ഓർത്തു. എങ്ങോട്ടാണ് അവൾ പോകുന്നത്?

വെറുതെയെങ്കിലും ഒന്ന് അറിയാൻ ഒരു ആഗ്രഹം തോന്നി. കുളിമുറിയുടെ മുന്നിൽ ക്യൂ നിൽക്കാതെ ഒരു ദിവസം ഞാൻ കോണിപ്പടികളിറങ്ങി. ഓടയുടെ ഇരുവശത്തും തലേന്നത്തെ മഴയുടെ വെള്ളം കെട്ടികിടക്കുന്നു.

മുളക് ബജിയുടെയും പാനി പൂരിയുടെയും അവശിഷ്ടങ്ങൾ ചപ്പുചവറുകളോടൊപ്പം വെള്ളത്തിൽ കുതിർന്നുകിടന്നു. പൂജാ സ്റ്റോറിലെ വെങ്കിടിയുടെ കയ്യിൽനിന്നും പത്രം വാങ്ങി സ്റ്റോറിന്റെ മുന്നിലുള്ള ഇരുമ്പ് തൂണിൽ ചാരിനിന്നു. തമിഴ് പത്രമാണ്. വായിക്കാൻ അറിയില്ലെങ്കിലും ചിത്രങ്ങൾ നോക്കി സമയം കളഞ്ഞു. ഇരുണ്ട ചുരിദാറും തട്ടവുമിട്ട അവരെ കാണാൻ കണ്ണുകൾ തിടുക്കം കാട്ടി. വലിയൊരു ശബ്ദം കേട്ടാണ് ഞാൻ തിരിഞ്ഞുനോക്കിയത്. അല്പം ദൂരെ മാറി ഒന്നുരണ്ടു പേർ എന്തോ പൊക്കിയെടുക്കാൻ ശ്രമിക്കുന്നു. ആളുകൾ ഓരോരുത്തരായി അങ്ങോട്ടേക്ക് പായുന്നു. ഞാനും അവിടേക്കു തിടുക്കത്തിൽ നടന്നു. പിറകെ വെങ്കിടിയും ഉണ്ടായിരുന്നു. ആൾക്കൂട്ടത്തെ വകഞ്ഞുമാറ്റി ഞാൻ നോക്കി. നെഞ്ചിൽ ഒരിടിമിന്നൽ വെട്ടി. ഞാൻ ഇത്രയും നേരം കാത്തുനിന്ന ആ സ്ത്രീ ചോരയിൽ മുങ്ങി കിടക്കുന്നു. ആളുകൾ ചേർന്നു പൊക്കാൻ ശ്രമിക്കുമ്പോൾ ഞാനും കൂടെ കൂടി. തലയിലെ തട്ടം ഊർന്നുവീണിരുന്നു. തലയിൽനിന്നും ചോര വാർന്നുകൊണ്ടിരിക്കുന്നു. കാണാൻ ആഗ്രഹിച്ച കണ്ണുകൾ അടഞ്ഞിരിക്കുന്നു. ആളുകൾ ഒരു ഓട്ടോ വിളിച്ചു അവരെ അതിൽ കയറ്റി.

പൂക്കച്ചവടം നടത്തുന്ന സരോജ മാമിയും മറ്റു രണ്ടു പേരും ഓട്ടോയിൽ കയറി ഹോസ്പിറ്റലിലേക്ക് പോയി. തിരികെ റൂമിലേക്ക് നടക്കുമ്പോൾ മനസ് അസ്വസ്ഥമായിരുന്നു. ഇടയ്ക്ക് വെങ്കിടിയുടെ ശബ്ദം മൗനമായ എന്റെ മനോവിചാരങ്ങളെ തച്ചുടച്ചു.

'ദീപുവിന് അവരെ അറിയാമോ?'

'ഇല്ല'.

'അതാണ് സുഹറ. അല്ല സുഹറ എന്ന മാധവി'.

'സുഹറ എന്ന മാധവിയോ?!!' എനിക്ക് ആശ്ചര്യം തോന്നി.

'പതിനാറു വയസുള്ള ഒരു പട്ടാമ്പിക്കാരിയായിരുന്നു മാധവി. വരുത്തനായ ഒരു മുസ്ലിം യുവാവിനെ പ്രണയിച്ചു വിവാഹം കഴിച്ചു. പയ്യന്റെ ഇഷ്ടപ്രകാരം മതം മാറി സുഹ്റ ആയി.'

'എന്നിട്ട്?'

എനിക്ക് അവരുടെ കഥ കേൾക്കാൻ ആഗ്രഹം തോന്നി.

വെങ്കിടി കഥ തുടർന്നു.

'ആ പയ്യന് സിനിമയിൽ അഭിനയിക്കാൻ ഒരു ചാൻസ് കിട്ടിയാണ് അവർ ഇവിടെ എത്തിയത്. പക്ഷെ അത് നടന്നില്ല. എങ്കിലും ഓരോ ജോലികൾ ചെയ്ത് അവർ ഇവിടെ തന്നെയങ്ങു കൂടി. സന്തോഷത്തോടെ കൂട്ടുകാരെപോലെ കഥകൾ പറഞ്ഞും ചിരിച്ചും അവർ ഇവിടെ താമസിച്ചു. ഗർഭിണിയായ അവളെ അയാൾ സ്നേഹത്തോടെ പരിചരിച്ചു. കനകാംബര പൂക്കൾ ചൂടി അവൾ അവന്റെ കൈപിടിച്ച് ഈ വഴികളിലൂടെ നടന്നുപോകുമായിരുന്നു.'

വെങ്കിടിയുടെ ശബ്ദം മുറിഞ്ഞു. അയാളിൽ നൊമ്പരത്തിന്റെ നിഴൽ തെളിയുന്നത് ഞാൻ കണ്ടു. വെങ്കിടി കഥ തുടർന്നു.

'പക്ഷെ ആ സന്തോഷം നീണ്ടുനിന്നില്ല. ആക്സിഡന്റ് ആയിരുന്നു. നാട്ടിലേക്കു പയ്യന്റെ ബോഡി കൊണ്ടുപോയപ്പോൾ അവളും പോയിരുന്നു. പക്ഷെ ഒരു വർഷത്തിനുശേഷം അവൾ തിരിച്ചുവന്നു. കയ്യിൽ ഒരു പെൺകുഞ്ഞും ഉണ്ടായിരുന്നു. അന്യമതം സ്വീകരിച്ച അവളെ വീട്ടുകാരും നാട്ടുകാരും ഉപേക്ഷിച്ചിരുന്നു. ചെറുക്കന്റെ വീട്ടിലും അവൾക്കു പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. പോരാത്തതിന് പെൺകുഞ്ഞും. പെൺകുഞ്ഞുങ്ങളെ പ്രസവിക്കുന്നവർ പാപികളാണെന്നല്ലേ ചിലരുടെയൊക്കെ ധാരണ. ഇവിടെ വന്നു പല പല ജോലികൾ ചെയ്താണ് മകളെ വളർത്തുന്നത്. അതിനിടയിലാണ് ഇങ്ങനെ ഒരു അപകടം.'

സഹതാപത്തിന്റെ കുടുക്കിട്ട വാക്കുകളുമായി വെങ്കിടി പൂജാ സ്റ്റോറിലേക്ക് നടന്നുകയറി. മുകളിലോട്ടുള്ള കോണിപ്പടികൾ കയറുമ്പോൾ രക്തം വാർന്നിറങ്ങുന്ന ആ മുഖം മനസ്സിൽ തെളിഞ്ഞു. പുറമേ ശാന്തയാണെങ്കിലും ഒരു കടല് തന്നെ ഉൾക്കൊള്ളുന്ന ആ കണ്ണുകൾ എന്നെ വല്ലാതെ നൊമ്പരപ്പെടുത്തി. കുളിമുറിയിലെ ക്യൂ തീർന്നിട്ടില്ല. ഞാൻ ക്യൂവിൽ നിന്നുകൊണ്ട് താഴേക്കു നോക്കി. ഓടയിലെ വെള്ളത്തിനു രക്തനിറമുണ്ടോന്നു ഒരു സംശയം.

# ജലസമാധി



സോണി വർഗീസ് വാരനാട്

പച്ച പുതച്ച കൽപ്പടവുകളിൽ
കൊന്നയും,വാകയും,നെല്ലിയും
തണൽപ്പക്ഷികളായ് പറന്നിറങ്ങുന്ന മധ്യാഹ്നം.
പായൽപ്പരപ്പിന് മുകളിൽ
തവളയും,നീർക്കോലിയും
തമ്മിൽ ജൈവികമായ പോരാട്ടം.
നേർത്ത ചൂടിന്റെ പുറം പാളിയിൽ നിന്ന്,
നീണ്ടു മെലിഞ്ഞ് രോമാവൃതമായ കൈകൾ നീർത്തി -
തണുപ്പിന്റെ പുളകങ്ങളിലേക്ക് ഊളിയിടുന്ന മുള്ളൻപായലുകൾ.
ഊഷരതയുടെ ചുറ്റുവട്ടങ്ങളിലേക്ക്
ഒരു കുടന്ന തണുപ്പ് കടം വാങ്ങി
കടന്നു പോകുന്ന ഇളംതെന്നൽ.

പൊടുന്നനെ, ജലോപരിതലത്തിൽ ഒരു വിസ്ഫോടനം.
കോലാഹലങ്ങളുടെ പെരുമഴയായ് പെയ്തിറങ്ങുന്ന ബാല്യങ്ങൾ.
വേനൽക്കളികളുടെ ആലസ്യമകറ്റാൻ കുളിർനീരാട്ട്.
പരസ്പരം ജലപ്പുടവകൾ ചാർത്തി,മുങ്ങാംകുഴിയിട്ട്,
കണ്ണാരം പൊത്തി,മലർന്നും കമിഴ്ന്നും നീന്തിത്തുടിച്ച് ജലനീരാട്ട്.

നീരാട്ടിനിടയിലെപ്പോഴോ,കരങ്ങൾ കുഴയുമ്പോൾ
കാലുകൾ കയത്തിലേക്ക് തളരുമ്പോൾ,
പ്രജ്ഞയിൽ തണുപ്പ് അരിച്ചു കയറുന്നു.
അരുതെന്ന് മുന്നറിവിന്റെ വാമൊഴിയായ്
ഓളപ്പാത്തികളിൽ അമ്മ തൻ മുഖം തെളിയുന്നു.
തണുപ്പാണുണ്ണീ,ജലത്തിന്റെ ആഴങ്ങൾക്ക്.

സുതാര്യമായ ഇടനാഴികൾക്കറ്റത്ത്
പ്രാണവായുവിന്റെ ഹരിതവനങ്ങൾ കാണുന്നു.
പിന്നെയതൊരു മരുപ്പച്ചയായ്,പച്ചപ്പൊട്ടായ്
പച്ചക്കണികയായ്,പച്ചയുടെ തിരുശേഷിപ്പായ് മാറുന്നു.
സ്പന്ദനങ്ങളുടെ നാഴികമണിക്ക്,
അന്ത്യകൂദാശ നൽകി കാറ്റ് പിന്തിരിയുമ്പോൾ
ഒരു വാവിട്ട നിലവിളിയുടെ
പടിയിറക്കത്തിൽ വീണ്ടും അമ്മ തൻ മുഖം.
തണുപ്പാണുണ്ണീ,ജലത്തിന്റെ ആഴങ്ങൾക്കും,
മരണത്തിന്റെ കൈകൾക്കും...



പുസ്തകപരിചയം


# ഉപ്പുതൂണുകൾ

വി.പി.ജോൺസ്



ഇ.ഡി.ഡേവിസ്

'വി..പി.ജോൺസ് രചന നിർവഹിച്ച 'ഉപ്പുതൂണുകൾ' എന്ന ഈ കഥാസമാഹാരത്തിൽ, പതിനൊന്ന് കഥകളുണ്ട്. ചിത്രശലഭത്തിന്റെ ചിരി, ഭൂമിയുടെ മറുക് എന്നീ രണ്ട് കഥാസമാഹാരങ്ങൾ മുമ്പ് പ്രസിദ്ധീകരിച്ചത് എന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.




ഈ സമാഹാരത്തിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ട കഥ 'മിയാമിയമ്മൂമ്മയുടെ പേരക്കുട്ടി' ആണ്. ക്രിസ്തീയ സദാചാരത്തിന്റെ പ്രബലചിന്തകൾ കഥയിലുണ്ടെങ്കിലും ആ കഥ നല്ല വായനാനുഭവം സംഭവിപ്പിക്കുന്നു. അനാഥയായ അലീന മിയാമിയമ്മൂമ്മയുടെ കരങ്ങളിൽ എത്തിച്ചേർന്നതാണ്. അവർ അവളെ ഒരു വരുമാനമാർഗമായി മാത്രം ഉപയോഗിക്കുന്നു. അലീനയാകട്ടെ നല്ലൊരു ജീവിതത്തിലേക്ക് കാലെടുത്തുവയ്ക്കാൻ തത്രപ്പെടുകയും ചെയ്യുന്നു. പ്രമേയത്തിൽ പുതുമ അവകാശപ്പെടാനില്ലെങ്കിലും വായനാസുഖം നൽകുന്ന ബിംബപദാവലികളാൽ ഇക്കഥ മനസ്സിനെ പിടിച്ചുകെട്ടുന്നുണ്ട്.

'പൂച്ചകൾ കലഹം ഒഴുവാക്കിയതെങ്ങനെ?' എന്ന കഥ ഒരു ഹൗസിംഗ് കോളനിയിലെ മനുഷ്യർക്കിടയിലെ കലഹങ്ങളെ അവതരിപ്പിക്കുന്നതാണ്. പൂച്ചകൾ മൂലം കോളനിവാസികൾ ആണ് കലഹത്തിൽനിന്ന് വിടുതി നേടിയത്. കോളജ് അധ്യാപകനായ കുഞ്ചെറിയ കോരുതിന്റെ ഭവനം ആ കോളനിയുടെ പ്രകാശമായിരുന്നു. ശങ്കരനുണ്ണിത്താൻ അലോസരമുണ്ടാക്കുന്ന അയൽക്കാരനും. കോളനിക്ക് മനുഷ്യമുഖം നൽകിയ സലോമി, കുഞ്ചെറിയായുടെ ധർമ്മപത്നിയാണ്. എല്ലാവർക്കുമൊരു പരിഗണന നൽകിയായിരുന്നു സലോമിയുടെ പ്രവർത്തനങ്ങൾ. എന്നാൽ കല്ലുകടിക്കും കുടിപ്പകയ്ക്കും ഏറെയൊന്നും വേണ്ടല്ലോ. ശങ്കരനുണ്ണിത്താനുമായുള്ള കലഹം കോടതി കയറി. കോളനിയിലെ സ്നേഹസൗഹാർദങ്ങൾക്ക് വലിയ മുറിവുണ്ടായി. എന്നാൽ ആ കലഹം പരിഹരിച്ചത് പൂച്ചകളാണെന്നത് ശ്രദ്ധേയം. മനുഷ്യനില്ലാത്ത വിവേകം മാടുകൾക്കുണ്ടാകുമെന്ന് നാം എത്രയോ നന്നായി അറിഞ്ഞിട്ടുണ്ട്. പക്ഷേ/എങ്കിലും നമുക്ക്, വീട്ടുമൃഗങ്ങളോടുപോലും നന്ദിയുണ്ടാകാറില്ല. ശാന്തമ്മയ്ക്ക് ഒത്ത ശങ്കരനുണ്ണി എന്നതോ ശങ്കരനുണ്ണിക്ക് ഒത്ത ശാന്തമ്മയോ എന്നതാണ് കഥ അവശേഷിപ്പിക്കുന്ന ഒരു ചോദ്യം.

ഈ കഥാസമാഹാരത്തിന്റെ പേരിന് ആസ്പദമായ കഥയാണ് ഉപ്പുതൂണുകൾ. പലനിലയ്ക്കും കഥാകാരനെ സംബന്ധിച്ചിടത്തോളം ആത്മകഥാപരമായ ഒരപഗ്രഥനം ആവശ്യപ്പെടുന്ന കഥയാണിത് എന്നു കരുതട്ടെ. ചരിത്രാധ്യാപകനും ശിഷ്യനും തമ്മിലുള്ള സംവാദത്തിന്റെ ഘടനയിലാണ് കഥ രൂപമെടുത്തിട്ടുള്ളത്. കഥയിലെ രവിവർമ്മൻമാഷുമായി കഥാകൃത്തിനെ ചില സാമ്യപ്പെടുത്തലുകൾക്ക് തുനിയാവുന്നതാണ്. കാലത്തിന്റെ രഥച്ചാലുകളിലൂടെ നഗ്നപാദരായി കാതങ്ങളോളം അലഞ്ഞുനടന്ന് പാദങ്ങൾ വിണ്ടുകീറിത്തുടങ്ങിയ രണ്ടുപേരുടെ കഥ. നന്മയുടെ ഫോസലുകൾ തേടി മനുഷ്യൻ നടത്തുന്ന യാത്രകൾ വിഫലമാകുന്നുവോ?

ചരിത്രത്തിൽനിന്ന് മനുഷ്യന് ആവശ്യമായ പാഠങ്ങൾ പഠിക്കുന്നില്ല എന്നതല്ലേ വസ്തുത? അപ്രിയസത്യങ്ങൾ കേൾക്കാൻ ആരും നിന്നുതരാത്ത അവസ്ഥ. ആത്മസംഘർഷങ്ങളുടെ അകത്തളത്തിലൂടെയുള്ള ഗുരുശിഷ്യസംവാദത്തിന് പലേ തലങ്ങളുണ്ട് ഈ കഥയിൽ. സ്ത്രീ-പുരുഷലോകത്തിന്റെ പാരുഷ്യങ്ങൾ. അനീതിയുടെ ഗാഢാലിംഗനങ്ങൾ. ബൈബിളിലെ ലോത്തിന്റെ കഥ അന്യാപദേശത്തിൽ ഇവിടെ ആഖ്യാനം ചെയ്യപ്പെടുന്നു. ദാർശനികമായ അപഗ്രഥനങ്ങളുടെ ആവശ്യകത ഇവിടെയുണ്ട്. കിണർ, ലോകം പിശാചുക്കളാൽ നിറയുന്നു, സങ്കടമഴയിലേക്ക് ഇറങ്ങി നടക്കുന്ന ഒരാൾ, അദൃശ്യഭാരങ്ങൾ തുടങ്ങിയ കഥകളും ഈ സമാഹാരത്തെ ശ്രദ്ധേയമാക്കുന്നു.

മലയാളചെറുകഥയിൽ ഗജവീരന്മാർ നിരവധി വിരാജിക്കുന്നു. ലോകകഥയുടെ തന്നെ ഒരു പരിച്ഛേദനമായി മലയാളകഥാസാഹിത്യം മാറിയിട്ടുള്ള ഈ സന്ദർഭത്തിൽ കഥയെഴുത്തിൽ തലയുയർത്തിപ്പിടിക്കുക എന്നതിന് വലിയ യത്നങ്ങൾ ആവശ്യമാണ്. സർഗാത്മകതയുടെ ഔന്നത്യം ഉള്ള നിരവധി ചെറുപ്പക്കാർ കഥാലോകത്തേക്ക് നിരന്തരം പ്രവേശിച്ചുകൊണ്ടിരിക്കുന്നു. അത്തരമൊരു സന്ദർഭത്തിൽ നല്ല കഥകൾ അനവധി ശ്രദ്ധിക്കപ്പെടാതെ കിടക്കുക സ്വാഭാവികമാണ്. കഥകളുടെ കുത്തൊഴുക്കിൽപ്പെട്ട് ഈ 'ഉപ്പുതൂണുകൾ' തകരാതിരിക്കട്ടെ.

പുസ്തകപരിചയം

# ആത്മാവിന്റെ കുറിപ്പുകൾ


സജന സന്തോഷ്

പ്രണയമെന്നത് ആത്മാവിന്റെ നൊമ്പരമാണ്. പേരറിയാത്ത ഒരു നൊമ്പരം. രണ്ടു പേർ ചുംബിക്കുമ്പോൾ ലോകം മാറുന്നു എന്ന് കവി ഒക്ടോവിയോ പാസ് പറഞ്ഞതു പോലെ, രണ്ടു പേർ പ്രണയിക്കുമ്പോൾ ലോകം മാറുന്നു. രണ്ടു പേരും ഒരു ശരീരമായി ഒരു കണ്ണിലൂടെ ലോകത്തെ കാണാൻ തുടങ്ങുന്നു. രണ്ടു പേർക്കും ഒരു കണ്ണ്, ഒരു മൂക്ക്, ഒരു ശരീരം എന്ന അവസ്ഥയിലേക്ക് വരുന്നു. ഒരാൾ മറ്റേയാളുടെ പ്രതിബിംബമായി മാറുന്നു. പ്രണയത്തേക്കുറിച്ച് കവികൾ എത്രയോ പാടി വച്ചിരിക്കുന്നു. എന്നിരുന്നാലും പ്രണയത്തേക്കുറിച്ച് എത്ര എഴുതിയാലും പറഞ്ഞാലും തീരില്ല. മനുഷ്യനുള്ളിടത്തോളം ..



രാജീകൃഷ്ണ

ഇവിടെ സ്നേഹവും മരണവും ഒരേ ആകാശത്തിലെ തൂവൽപ്പക്ഷികളേ പോലെ ചേർന്നു നിൽക്കുന്നു. മരണത്തിലും ജീവിതസഖിയോടുള്ള തന്റെ വാക്കുപാലിക്കുന്ന പ്രീയതമൻ.. മരണത്തിലേക്ക് തനിച്ച് നടക്കുമ്പോഴും എന്നെന്നേക്കുമായി വിശുദ്ധയാക്കി യാത്രയയക്കുന്ന അവളുടെ പ്രിയപ്പെട്ടവൻ.. ഒരു വിശുദ്ധയേപ്പോലെ അവൾ പ്രഭാവലയത്തിനുള്ളിൽ ...




ഒറ്റപ്പെടൽ ഭീകരമായ ഒരവസ്ഥയാണ്. അവർ പ്രണയിച്ച നാളുകളെക്കുറിച്ചുള്ള ഓർമ്മകൾ മാത്രമുള്ള അവസ്ഥ. അവർ ഉപയോഗിച്ചിരുന്ന വസ്തുക്കൾ, അവരുടെ ഗന്ധം ,ശബ്ദം എത്ര മായ്ക്കാൻ ശ്രമിച്ചാലും വേദനിപ്പിക്കുന്ന ഒരോർമ്മയായി അയാളോട് ഒട്ടിനില്ക്കും.ശക്തമായ അടയാളപ്പെടുത്തലുകളുമായി ഒപ്പമുണ്ടാകും എന്നുമത്. ഒട്ടും നിനച്ചിരിക്കാതെ ചുറ്റും നിറയുന്ന അന്ധകാരത്തിൽ ഒറ്റക്കായി പോയ ഒരു മനുഷ്യന് തന്റെ പ്രണയം തന്നെയാകും മുന്നോട്ടുള്ള ജീവിതത്തിന് വെൺനിലാവായി വെളിച്ചം കാണിക്കുന്നത്.

ശ്രീമതി സജനസന്തോഷിന്റെ ഹൃദയം തൊടുന്ന എഴുത്ത്.. ശ്രീ .വി ബാലകൃഷ്ണന്റെ 'ആത്മാവിന്റെ കുറിപ്പുകൾ" വായിക്കുമ്പോൾ എത്ര സാർത്ഥകമാണ് ഈ നിർവചന മെന്ന് ബോധ്യമാകും.

ശ്രീ .വി .ബാലകൃഷ്ണൻ തന്റെ ജീവിതസഖിയെ ആദ്യമായി കണ്ട നിമിഷം മുതൽ ജീവിത സായന്തനം വരെയുള്ള ഓരോ മുഹൂർത്തങ്ങളും തികഞ്ഞ ലാളിത്യത്തോടെ , ഒഴുക്കോടെ പകർന്നു വെയ്ക്കുന്നതിൽ എഴുത്തുകാരി വിജയിച്ചിരിക്കുന്നു എന്ന് നിസംശയം പറയാം."

പുസ്തകപരിചയം


# ജോസഫിന്റെ തിരുശേഷിപ്പ് വായിക്കുമ്പോൾ

കണിയാപുരം നാസറുദ്ദീൻ

മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം സ്വദേശി ശ്രീ. റഫീഖ് തറയിൽ എഴുതിയ പത്ത് കഥകൾ സമാഹരിച്ച പുസ്തകം ആണ് ജോസഫിന്റെ തിരുശേഷിപ്പ്. കേരളത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന മലയാള ആനുകാലികങ്ങൾക്ക് പുറമെ അമേരിക്കൻ മലയാളികളുടെ പ്രസിദ്ധീകരണങ്ങളിലും തൻറെ കഥകളിലൂടെ സജീവ സാന്നിധ്യം അറിയിച്ചു കൊണ്ട് മുന്നേറുന്നകഥാകൃത്ത് ആണ് പ്രിയപ്പെട്ട റഫീഖ് തറയിൽ.

ഇതിലെ കഥകൾ മിക്കതും ദൈർഘ്യം ഉള്ളതാണ്.

അമേരിക്കൻ ആംഗലേയ ഫിക്ഷൻ ആണ് തനിക്ക് ദൈർഘ്യം ഉള്ള കഥകൾ എഴുതാൻ പ്രചോദനം എന്ന് അദ്ദേഹം പറയുന്നു. ദൈർഘ്യം ഏറിയാലും മടുത്തു പോകുന്ന ആഖ്യാനം അല്ല റഫീഖ് തറയിൽ സ്വീകരിച്ചിട്ടുള്ളത്.




അമേരിക്കൻ ഡ്രീംസ് എന്ന കഥയാണ് മനസ്സിൽ മായാതെ നിൽക്കുന്നത്. അമേരിക്കൻ കിനാവുമായി കഴിഞ്ഞു പോകുന്ന ഒരു ഭാര്യയെ ആണ് കഥയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

ഡിഗ്രിക്ക് പഠിക്കുന്ന കാലം. എന്നും കോളേജിൽ പോകുന്ന ബസിലെ കണ്ടക്ടർ ഹിഷാമിന് അവളോട് ഇഷ്ടം തോന്നുന്നു.

ഇത് വീട്ടിൽ അറിയുന്നു.അമേരിക്കയിൽ ജോലിയുള്ള ഷഫീഖുമായി വിവാഹം ആലോചിക്കുകയും അത് നടത്തി കൊടുക്കുകയും ചെയ്യുന്നു.തന്നെ അങ്ങ് അമേരിക്കയിൽ കൊണ്ട് പോകാമെന്ന് പറഞ്ഞതിനാൽ താനും ഭർത്താവുമായി അമേരിക്കയിൽ ചുറ്റിക്കറങ്ങുന്ന ജീവിതം സ്വപ്നം കണ്ടു ഏറെനാൾ കഴിയേണ്ടി വരുന്ന നമ്മുടെ കഥാനായികയുടെ വിഷമസന്ധികൾ നന്നായി കഥാകൃത്ത് ആവിഷ്കരിച്ചിട്ടുണ്ട്.

ഇതിന്നിടയിലാണ് പഴയ ബസ് കണ്ടക്ടർ അവശതയിൽ കിടക്കുന്ന കാഴ്ച കാണേണ്ടി വരുന്നത്. ആ സാഹചര്യത്തിൽ ഒരു വ്യക്തി അല്ലെങ്കിൽ ഒരു സ്ത്രീ അനുഭവിക്കുന്ന മാനസികവ്യഥ വായിച്ചു തന്നെ അറിയേണ്ടതുണ്ട്.

യാദൃശ്ചികമായി കിട്ടിയ ഒരു ഫോൺ

കോൾ ആണ് ഹിഷാമിലേക്ക് കഥ തിരിച്ചു സഞ്ചരിച്ചത് ഹിഷാമിനോട് നേരത്തെ ഉണ്ടായിരുന്ന അകൽച്ച മാറുകയും ഉള്ളിൽ ഒരുതരം അടുപ്പം ഉണ്ടാകുകയും ചെയ്യുന്നു.

പിന്നീട് അതാ ഷഫീഖിന്റെ ഫോൺ വിളി വരുന്നു അമേരിക്കയിലേക്ക് അവളെ കൊണ്ട് പോകാൻ ഉള്ള എല്ലാ നടപടികളും പൂർത്തിയായി എന്നും ഉടൻ ഒരുങ്ങാനും ഉള്ള അറിയിപ്പ് കേൾക്കുമ്പോൾ കഥാനായികയിൽ ഉണ്ടാകുന്ന നടുക്കത്തിലൂടെ കഥാന്ത്യം സംഭവിക്കുന്നു.

ഒരു മാവിന്റെ ഓർമ്മക്ക് ഓമനിച്ചു വളർത്തി വലുതാക്കിയ മരം മുറിക്കേണ്ടി വരുന്ന അവസ്ഥയിലൂടെ കടന്നു പോകുന്നു.

നിഴൽ പോലെ അവൻ എന്ന ആദ്യ കഥ തന്നെ പിന്തുടരുന്ന അയാൾ ആരാണ് എന്ന സംശയത്തോടെ അൽപം ഭയത്തോടെയും കടന്നു പോകുന്ന കഥയാണ്.അയാൾ മനപ്പൂർവ്വം തന്നെ യാണ് ലക്ഷ്യം വയ്ക്കുന്നത് എന്നും അയാളുടെ സഹോദരി എഴുതിയ കഥ തന്റേതായ പേരിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചതിനോട് പ്രതികാരം ചെയ്യാനായി പിന്തുടരുന്ന സഹോദരൻ... അങ്ങനെ കഥ ഏറെ ഉദ്വേഗജനകമായി മുന്നോട്ടു നീങ്ങുന്നു.ജോസഫിൻറെ തിരുശേഷിപ്പ് എന്ന പുസ്തകപ്പേരിന് ആസ്പദമായ കഥ ഫിക്ഷൻ രൂപത്തിൽ എഴുതിയിരിക്കുന്നു.

തന്റെ പഴയ ഒരു സ്നേഹിതന്റെ  ഓർമ്മകൾ കഥയായി കടന്നു വരുന്നു.

മിസ്ഫിറ്റ് എന്ന കഥ മറ്റൊരു പുതിയ പ്രമേയം ആണ് അവതരിപ്പിക്കുന്നത്.അച്ഛൻ അത്യാസന്ന നിലയിൽ കിടക്കുമ്പോൾ കാണാൻ എത്തുന്ന മകൻ/മകൾ ആണ് കേന്ദ്ര കഥാപാത്രം. വിദേശത്ത് ഉള്ള മകനെ വിവരം അറിയിക്കുന്നു. പക്ഷെ അവിടെ എത്തുന്ന മകളെ എല്ലാവരും അവജ്ഞയോടെ നോക്കുന്നു.ഇപ്പോൾ അവൻ അവളായി മാറിയിരിക്കുന്നു. നന്നേ ചെറിയ പ്രായത്തിൽ തന്നെ സ്ത്രീത്വം പേറുന്ന പുരു ശരീരം ഒഴിവാക്കി 'സ്ത്രീ'ആയി വന്നിരിക്കുന്നു.ഇതാണ് അവരുടെ അവജ്ഞക്ക് കാരണം എന്ന് കഥാകൃത്ത് നമ്മോട് പറയുന്നു.

ഫിഫ്ത് അവന്യൂ, അറ്റൻഡർ, വിശ്ലേഷണം,തിരശ്ശീലയിൽ കാണാത്തത് , അവസാനത്തെ അധ്യായം തുടങ്ങിയ കഥകളും വ്യത്യസ്ത ആഖ്യാനം ഉള്ള കഥകൾ തന്നെ.

തിരശ്ശീലയിൽ കാണാത്തത് തീയറ്ററിൻറെ പരിസരങ്ങളിലൂടെ നീങ്ങുന്ന കഥയാണ്.

അറ്റൻഡർ എന്ന കഥ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന അറ്റൻഡറുടെ വേദനയെയും ദു:ഖത്തെയും അവതരിപ്പിക്കുന്നു.

ആഖ്യാനത്തിലെ തെളിമ ഈ കഥകളുടെ സവിശേഷത ആണെന്ന് അവതാരികയിലൂടെ എതിരൻ കതിരവൻ പറയുന്നു. പൂർണാ ബുക്സ് ആണ് ഇതിന്റെ പ്രസാധനം നിർവഹിച്ചത്. ഈ അടുത്ത സന്ദർഭത്തിൽ മെസഞ്ചർ വഴി പരിചയപ്പെട്ട കഥാകൃത്ത് എന്നോട് അഡ്രസ് ആവശ്യപ്പെട്ടതനുസരിച്ചാണ് എനിക്ക് പുസ്തകം അയച്ചു തന്നത്.

പ്രിയപ്പെട്ട സുഹൃത്തിന്റെ ഈ കഥകളും വരും കാല കഥകളും തീർച്ചയായും മലയാള സാഹിത്യലോകം ചർച്ച ചെയ്യും...ഇനിയുമിനിയും എഴുത്തിലൂടെ ഉയരങ്ങൾ കീഴടക്കാൻ കഥാകൃത്തിന് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അഭിനന്ദനങ്ങൾ....



# പ്രണയ സ്വപ്നങ്ങൾ



ജംഷീർ കോടൂർ

പ്രണയത്തിൻ ദിനരാത്രങ്ങളേ ഞാൻ വെറുക്കുന്നു.
പ്രണയത്തിലേക്കു വീണ ആ നിമിഷത്തെ -
വിങ്ങലോടെ ഞാൻ ഓർക്കുന്നു.
നീ അതിരുകളില്ലാത്ത എന്റെ സ്വപ്നങ്ങളുടെ -
ചിറകുകളെ മുറിച്ചു കളഞ്ഞു.

നീ മധുരമുള്ള തേനിൻ രുചി നൽകി.
ആനന്ദവും ഉന്മേഷവും ഉണർവും നൽകി .
പക്ഷെ നീ  സ്നേഹത്തിന്റെ ചങ്ങലകൾ കൊണ്ട്
കാണാൻ അതീവ സൗന്ദര്യമുള്ള
സ്വർണ്ണം കൊണ്ടുണ്ടാക്കിയ പെട്ടിയിൽ
എന്നെഅടച്ചു പൂട്ടി.

നിന്റെ കണ്ണിലൂടെ മാത്രം നോക്കാൻ പഠിപ്പിച്ചു.
നിന്റെ നിറം മങ്ങിയ കാഴ്ചകൾ എനിക്കു നൽകിയപ്പോൾ
എന്റെ സ്വപ്നങ്ങൾ കരിഞ്ഞുണങ്ങി.
ഉയരങ്ങളിൽ പറന്ന് ആകാശങ്ങൾ പലതും
കീഴടക്കാനുള്ള  എന്റെ ആഗ്രഹം
വ്രഥാ  സ്വപനങ്ങൾ മാത്രമായി മാറി.

എന്നിട്ടും നിനക്കു ഞാൻ മാപ്പ് നൽകുന്നു.
കാരണം നീ എന്നിലേ വസന്തമായി
മാറി കഴിഞ്ഞിരിക്കുന്നു.
അത്രമേൽ ഞാൻനിന്നെ പ്രണയിക്കുന്നു.
നീ ഇല്ലാതെ ഒരറ്റ നിമിഷവും എന്നിലൂടെ
കടന്നുപോയിട്ടില്ല.

കവിത



# ജനാധിപത്യം



കെ.സന്തോഷ്

എന്താണു സോദരാ ജനാധിപത്യം?
എന്താണു സോദരാ ജനാധിപത്യം?
അഞ്ചാണ്ടു തികയുമ്പോൾ
ആരോ നഖത്തുമ്പിൽ
കുടയും കുടുംമ്മഷിപ്പാടോ,
നമ്മളെ തല്ലുവാൻ
നാം തന്നെ വടിയുമായ്
ആരെയോ തേടും പ്രതിഭാസമോ
എന്താണു സോദരാ ജനാധിപത്യം,
എന്താണു സോദരാ ജനാധിപത്യം

ചരിത്രപ്പടവിൽ ഒരു വൃദ്ധ മാനസം
കണ്ട വെറും പാഴ്ക്കിനാവോ
ഉന്നം പിഴയ്ക്കാത്തൊരു വെടിയുണ്ട
തകർത്ത ശിരസ്സിൻ നഭോമണ്ഡലങ്ങളിൽ
മിന്നി മറഞ്ഞവബോധമോ
തലയറുക്കപ്പെട്ട നേരിന്റെ യുവതകൾ
തേടിയലഞ്ഞ രണഗീതമോ
എന്താണു സോദരാ ജനാധിപത്യം
എന്താണു സോദരാ ജനാധിപത്യം

ഒക്കെയും കട്ടുമുടിക്കുന്നതിനുള്ളോ--
രോമനപ്പേരോ ജനാധിപത്യം
ഒന്നു വെളുത്തുണരുമ്പൊഴേക്കും
കൊടി മാറുന്ന രാഷ്ട്രീയ സംഹിതകളോ
ഇന്ദ്രപ്രസ്ഥങ്ങളിൽ ജാതിബോധങ്ങൾ
തുടരുന്ന പേക്കൂത്ത് നടനങ്ങളോ
പടലപ്പിണക്കങ്ങൾ അധികാര മോഹങ്ങൾ
ഉയിർത്തെഴുന്നേൾക്കും വിശുദ്ധ നാളോ
എന്താണു സോദരാ ജനാധിപത്യം,
എന്താണു സോദരാ ജനാധിപത്യം

ജീവന്റെ പരാതിയുടെ തിരുജഡവുമായ്
ഒരുവൻ നടന്നു തീർക്കേണ്ട ദൂരങ്ങളോ
ദേവകൾ പോലും മനുഷ്യരായ് വന്ന
പിറവിയെടുത്തൊരീ പുണ്യഭൂവിൽ
കയറൂരി അലയുന്ന കാമപ്പിശാചുക്കൾ
മുഴക്കുന്ന ഹുങ്കാര ശബ്ദങ്ങളോ
വെട്ടുക്കിളികൾക്ക് തിന്നു തീർക്കാൻ
വിളയൊരുക്കുന്ന കർഷക മഹാദൈന്യമോ
എന്താണു സോദരാ ജനാധിപത്യം,
എന്താണു സോദരാ ജനാധിപത്യം

രാജഘട്ടങ്ങളിൽ ഇന്നുമണയാത്ത
ഒരു തിരിനാളം ജനാധിപത്യം!..
ഒന്നല്ലൊരായിരം തലമുറകൾ പാടിയ
പാട്ടിന്റെ ഈണം ജനാധിപത്യം
നാളെയുടെ കുഞ്ഞുങ്ങൾ
എഴുതിപ്പഠിക്കേണ്ട
ആദ്യാക്ഷരങ്ങൾ ജനാധിപത്യം
കുടിനീരു പോലെ കുളിർ കാറ്റപോലെ
അറിയേണ്ട സത്യം ജനാധിപത്യം.

# വ്യാപാരകേരളം മാസികയുടെ പ്രഥമ കഥാമത്സരത്തിൽ പങ്കെടുത്തവർ:

* കല.ജി.കെ * സാബു തോമസ് * കെ.വി.ഷനീപ * സൗമ്യ മുഹമ്മദ് * സീമ ലക്ഷ്മി* സാരംഗ്.എസ്* നസീർ വലിയവിള* ശ്രീജ ശ്രീനിവാസൻ* ഉമ്മുകുത്സു.വി.കെ.* ലേഖ കാക്കനാട്ട്* മൈമുനാസ്* അജിത രാജൻ* വത്സൻ.പി.സി.* സുനിത സൗപർണിക* ദിവ്യ റിജു* സ്നേഹപ്രകാശ്.വി.പി.* പ്രിജയ്.വി.* ഉണ്ണി വിശ്വനാഥ്* എം.ജി.ബിജുകുമാർ* ഡോ.ശാലിനി.സി.കെ.* യു.കെ.സുരേഷ്കുമാർ* ദിവ്യ.എച്ച്.* ഡോ.ഐശ്വര്യ കൃഷ്ണൻ* ഷാജ് തൃപ്രയാർ* മാഗ്ലിൻ ജാക്സൺ* ഷാജു കളപ്പുരക്കൽ* ഇന്ദു ജോൺ* പി.ബി.രമാദേവി* രതി കല്ലട* ഷഫീന സൈത്തുൻ* അർച്ചന സുനിൽകുമാർ* ശിവപ്രസാദ് തമ്പുരാൻ* ഹുസൈൻ താമരകുളം* നന്ദന.ടി.* സന്ധ്യ അറക്കൽ* തൻസീൽ അറക്കൽ* റോയ്സൺ പിലാക്കാവ്* ജയന്തി അറക്കൽ* സിന്റ സേവി* സിന്ധു.എസ്.ശ്രീകുമാർ* അൻസാർ കൊളത്തൂർ* എ.എൻ.സാബു* ഡാലിയ ഉദയൻ* ശൈലജ വർമ്മ* ആർ.ശശികുമാർ* പോളി.കെ.പി.* അജേഷ് കടന്നപ്പള്ളി* ഷഫീക് കാരക്കാട്* ജോബി ജോർജ് മുക്കാടൻ* അനിൽ.പികെ.* ബിൻസി മരിയ.എൻ.* മൃദുല.വി.എം.* സിന്റി സ്റ്റാൻലി* നിത്യലക്ഷ്മി* ഡി.പി.അഭിജിത്* സ്മിത സ്റ്റാൻലി* അനിൽകുമാർ.എസ്.ഡി.* ഗീത വിജയൻ* പി.സി.ഷൗക്കത്ത്* റസീന.കെ.പി.* പി.വി.സുരേഷ്* അശോക് കുമാർ പെരുവ* വിജേഷ്.എം.എം.* അഞ്ജു അരുൺ* സഞ്ജന ജയകൃഷ്ണൻ* വിനീത് വിശ്വദേവ്* ലേഖ കാക്കനാട്ട്* റഹി വടക്കാഞ്ചേരി* പ്രമോദ് പഞ്ചമി* ശ്രീലേഖ* പത്മശ്രീ.എം.എസ്.* ജസ്ന ഖാനൂൻ* വിദ്യ വിജയൻ* സിന്ധുഗാഥ* ഹഷ്മി വിലാസിനി* മണികണ്ഠൻ അണക്കത്തിൽ* എൽ.ശ്രീരഞ്ജിനി* ഹാജറ വെള്ളലശ്ശേരി* ചന്ദ്രൻ.പി.എം.* എമിൽ മാധവി* ശ്രീകുമാർ ചേർത്തല* സി.ജി.അശോകൻ* മിനിമോൾ.എം.* രാജേശ്വരി തോന്നക്കൽ* അലീഷ മാഹിൻ* ബിനോ പ്രകാശ്* അഭിലാഷ് കൈനിക്കര* ജിഫിൻ ജോർജ്* ജോമോൻ ജോസ്* ഷൈൻ ഷൗക്കത്തലി* മാത്യു കെ മാത്യു* രാജീവ് ജി ഇടവ* സുബിൻ അയ്യമ്പുഴ* നൈന മണ്ണഞ്ചേരി* സ്മിത സ്റ്റാൻലി* വിൻസെന്റ്.ഇ.ജെ.* രമ പിഷാരടി* ഷഹീർ പുളിക്കൽ* രേഖ തോപ്പിൽ* ആന്റണി.കെ.വി.* അൻവർ കൊടക്കാട്* നിത്യലക്ഷ്മി* ഫമിത ഹന്ന* അബ്ദുൾ ബാസിദ് വേങ്ങര* ജിൻസി.കെ.പി.* ആദില ഷെറിൻ* രാമകൃഷ്ണൻ തലോർ* ജ്യോതി ടാഗോർ* മഞ്ജുള കെ ശ്രീരാജ്* അനിത ശ്രീജിത്ത്* സജിത്ത് മതിലകത്ത്* മിനി വർഗീസ്* സി.വസുമതി* ട്രൈബി പുതുവയൽ* പ്രസാദ് കുറ്റിക്കോട്* ശ്രീദേവി കെ ലാൽ* ഷമീന സിദ്ദിഖ്* സിദ്ദിഖ് ബാബു* പ്രജീഷ ജയരാജ്* പണിമൂല ശ്രീനി* വിനോദ് വി ദേവ്* അക്ഷയ അശോക്* പ്രശാന്ത് എസ്.ആർ.* രമേശ് അങ്ങാടിക്കൽ* ബി.ജോസുകുട്ടി* നിവ്യ കൃഷ്ണൻ എം.* മുജീബ് റഹ്മാൻ കരുളായി* ഹൈറ സുൽത്താൻ* വിഷ്ണു എം.സി.* ജിനേഷ് മലയത്ത്* പി.രഘുനാഥ്* സതീഷ് ജി നായർ* വി.കെ.ഷാജി* ഭാവിത് കെ മീത്തൽ* ഡോ.രാജേഷ് മോൻജി* സുബിൻ അയ്യമ്പുഴ* ജ്വാല* സുരേഷ്ബാബു മണ്ണാർക്കാട്* ഐശ്വര്യ ശ്രീധരൻ* പ്രജീഷ ജയരാജ്* വിഷ്ണു സോമരാജൻ* സോമൻ പൂക്കാട്* സജിത് കെ കൊടക്കാട്* രാഹുൽ ആർ നാഥ്* ഡോ.അജയ് നാരായണൻ* നവീൻ.എസ്* രാജു കാഞ്ഞിരങ്ങാട്* സിബിൻ ഹരിദാസ്* എ.കെ.അനിൽകുമാർ* സജന പി എസ്* തങ്കപ്രസാദ് വി* കാരൂർ സോമൻ* ബിനോ പുതുശേരി* സവിത ദാസ്* സാബു ഹരിഹരൻ* ദിലീപ്കുമാർ ആർ* സജിത വിവേക്* ശ്രുതി എസ്.ആർ* സിബിൻ കോശി* താരാനാഥ് ആർ* നിബിൻ ബാബു* ജയലക്ഷ്മി ജി* മനോജ് വാസു* ദിനേശൻ* രമ്യ രതീഷ്* ഹസൈനാർ അഞ്ചാംപീടിക* സാമിത കെ കുര്യാക്കോസ* ചന്ദ്രജ*